യൂണിറ്റ് 2

# CBI

## ചിൽഡ്രൻ ബൈബിൾ ഇൻവെസ്റ്റിഗേഷൻ



സണ്ടേസ്കൂൾ

എല്ലാ പ്രായത്തിലുള്ളവർക്കും

# സി ബി ഐ:

# ചിൽഡ്രൻ ബൈബിൾ ഇൻവെസ്റ്റിഗേഷൻ

സണ്ടേസ്കൂൾ

യൂണിറ്റ് 2

**അദ്ധ്യാപകരുടെ ബുക്ക്**

കുട്ടികൾ പ്രാധാന്യമുള്ളവർ

**Thanks to the whole "കുട്ടികൾ പ്രാധാന്യമുള്ളവർ" team!**

Chief Editor: Kristina Krauss

Creative Team: Angie Kangas, Dwight Krauss, Flor Boldo, Jennifer Sánchez Nieto, Jon Kangas, Julio Sánchez Nieto, Mike Kangas, Monserrat Duran Díaz, Rubén Darío, Suki Kangas, Verónica Toj, and Vickie Kangas.

Translation Team: Ali Atuha, Aline Xavier, Annupama Wankhede, Aroma Publications, Benjamin Gaxiola, Blessie Jetender, Blessy Jacob, Carla Mayumi, David Raju, Diana de León, Ephraim Njuguna Mirobi, Finny Jacob, Jacob Kuruvilla, Jetender Singh, Marcos Rocha, Mary Amelia Hernández, Mathew Das, Nassim Bougtaia, Paul Mwangi, Paul Septan, Rubina Rai, Sabrina Benny John, and SubtitleMe.

## സിബി. ഐ . യിലേക്ക് സ്വാഗതം ...

## ''ചിൽഡ്രൻ ബൈബിൾ ഇൻവെസ്റ്റിഗേഷൻ !!!''

നിങ്ങളുടെ സമൂഹത്തിലോ സഭയിലോ ഉള്ള കുട്ടികളെ ആഴ്ചതോറും അല്ലെങ്കിൽ സൺഡേ സ്കൂളിലോ കൊടുക്കുവാൻകഴിയുന്ന 'കുട്ടികൾ പ്രാധാന്യമുള്ളവർ ' എന്ന മുഴുവർഷ പരിപാടി പരിചയപ്പെടുത്തുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. ഈ പരിപാടിയിൽ നിങ്ങളുടെ കുട്ടികൾ അവർ ഒരു സി ബി ഐ ഏജൻറ് അല്ലെങ്കിൽ ഒരു അന്വേഷകൻ ആണെന്നു കരുതുകയും ഓരോ ആഴ്ചയിലും അവർക്കു ഓരോ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു നല്കുകയും ചെയ്യുന്നു. ടെലിവിഷനിൽ, സി എസ് എ അല്ലെങ്കിൽ ക്രൈം സീൻ ഇൻ വെസ്റ്റിഗഷൻ എന്ന പരിപാടിയിൽ കാണുന്നതുപോലെ ഓരോ പ്രശ്നങ്ങളും പരിഹരിക്കുന്നതിനു നിങ്ങളുടെ കുട്ടികൾ ഒരേ സമയം പോലീസിന്റെതുപോലെ അന്വേഷിക്കുകയും സയൻസിലെ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പരീക്ഷണം നടത്തുകയും ചെയ്യുന്നു. നിങ്ങളുടെ സൃഷ്ടികല ഉപയോഗിച്ച് നിങ്ങളുടെ അദ്ധ്യാപകരെ പോലീസിന്റെതുപോലെ കരുതുകയും ചെയ്യുക. പാസ്റ്റേഴ്സിന്റെ മക്കൾ അല്ലെങ്കിൽ വിശ്വാസികളുടെ മക്കൾക്കു ബൈബിളിലെ മിക്കവാറും കഥകൾ മന:പാഠമാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ഞാൻ സൺഡേസ്കൂൾ പഠിപ്പിക്കുന്നതുകൊണ്ട് എനിക്കറിയാവുന്ന കാര്യമാണിത്. നോഹയുടേയും പെട്ടകത്തിന്റെയും അല്ലെങ്കിൽ യോനയുടേയും തിമിംഗലത്തിന്റെയും കഥ പറയുകയാണെങ്കിൽ കുട്ടികളെല്ലാം കൂടി നിലവിളിക്കും, കാരണം അവർക്കു ഈ കഥ നല്ല പരിചയമാണ്. എന്റെ പഠിപ്പിക്കുന്ന രീതി മാറ്റാതെ പഴയ രീതി തന്നെ പിൻതുടരുകയാണെങ്കിൽ കുട്ടികൾക്കു മുഷിച്ചിലുണ്ടാകും.

'കുട്ടികൾ പ്രാധാന്യമുള്ളവർ' എന്ന ഈ പരിപാടിയിൽ സ്റ്റാഫ് അംഗങ്ങൾ അദ്ധ്യാപകരെന്ന നിലയിൽ, ഞങ്ങൾ കഥ പറയില്ല മറിച്ച് നിങ്ങളുടെ കുട്ടികൾ ഒരു പ്രശ്നം പരിഹരിക്കണം അതുപോലെ ഓരോ ആഴ്ചയിലും അവർ നിങ്ങളോടു കഥ പറയണം എന്ന ആശയവുമായി വന്നു. അതിന്റെ അർത്ഥം നിങ്ങളുടെ കുട്ടികൾ കഥ ഏതെന്നു മനസ്സിലാക്കുന്നതുവരെ അദ്ധ്യാപകരുടെ ബുക്കുകൾ അഥവാ സൂചനകൾക്കായി ഉത്തരങ്ങൾ അവരെ കാണിക്കേണ്ടതില്ല. അവർ കഥ ഊഹിച്ചെടുക്കുന്നതിനു ഓരോ ആഴ്ചയിലും 5 സൂചനകൾ നല്കി അവരെ പ്രോത്സാഹിപ്പിക്കുക. കുട്ടികൾ അവർക്കു ലഭിച്ച സൂചനകൾ തിരിച്ചറിയുമ്പോൾ അത് അംഗീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യരുത്, അങ്ങനെ കഥയെക്കുറിച്ചുള്ള ഊഹങ്ങളുമായി ക്ലാസ്സിന്റെ ആദ്യത്തെ നിമിഷങ്ങൾ രസാവഹമായിരിക്കും. പ്രശ്നം പരിചരിച്ചതിനു ശേഷം ബൈബിൾ കഥ, പ്രധാന പഠിപ്പിക്കലുകൾ മന:പാഠവാക്യം, ജീവിതത്തിൽ പ്രായോഗികമാക്കുക തുടങ്ങി സണ്ടേസ്കൂളിന്റെ സാധാരണ കാര്യപരിപാടികൾ തുടരുന്നതാണ്. ഉദാഹരണമായി, അവർ വളരെ ചെറുതാണെങ്കിലും ദൈവത്തിനുവേണ്ടി വലിയ കാര്യങ്ങൾ ചെയ്യാൻ അവർക്ക് കഴിയുമെന്നു ആദ്യത്തെ ആഴ്ചയിൽ അവർ പഠിച്ചു. അവരുടെ അസൈൻമെൻറായി, പാത്രങ്ങൾ കഴുകുന്നതു പോലെയുള്ള, അവർ വീട്ടിൽ സാധാരണ ചെയ്യാത്ത ജോലികൾ ചെയ്യുവാൻ പറയുക. അങ്ങനെ അവർ സാധാരണ ചെയ്യുന്നതിൽ നിന്നു വ്യത്യസ്തമായി വലിയ കാര്യങ്ങൾ ചെയ്യുമ്പോൾ ദൈവം അവരെ എങ്ങനെയാണു അനുഗ്രഹിക്കുന്നതെന്നു കാണുക. സാധാരണയുള്ള ക്ലാസ്സ് അവസാനിച്ചതിനുശേഷം അവർക്കു ചില രസകരമായ പരിപാടികളും ഉണ്ട്. ഓരോ ആഴ്ചയിലും ഗയിംസ്, ചോദ്യങ്ങളുടെ ചർച്ച, പദപ്രശ്നങ്ങളും നിറം കൊടുക്കലും 'ഡോ. ലൂക്കാസ് എന്നു വിളിക്കുന്ന സയൻസ് സംബന്ധിയായ പരീക്ഷണങ്ങൾ തുടങ്ങിയവ ലഭ്യമാണ്. ഈ കാര്യങ്ങൾ ക്ലാസ്സിൽ അപ്പോൾത്തന്നെയോ മറിച്ചു വീഡിയോ ഉപയോഗിച്ചോ ചെയ്യുവുന്നതാണ്.

ഞങ്ങളുടെ മിനിസ്ട്രിയോടൊപ്പം പ്രവർത്തിക്കുമ്പോൾ, ഒരു വർഷം മുഴുവനും ഈ പഠനത്തിന്റെ ഉള്ളടക്കം സൗജന്യമായി ലഭിക്കുന്നതാണ്. നിങ്ങൾ ഒരു ഗ്രാമത്തിലാണു പ്രവർത്തിക്കുന്നതെങ്കിൽ ഇന്റെർനെറ്റിൽ നിന്നു നിങ്ങൾക്കു ഇത് ഡൗൺലോടു ചെയ്തു കോപ്പികളെടുത്തു കുട്ടികൾക്കു കൊടുക്കാവുന്നതാണ്. നിങ്ങൾ കുട്ടികളുടെ ബുക്കായി ഇത് ഉപയോഗിക്കുന്നില്ലെങ്കിൽ പോലും നിങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ചു ധാരാളം പ്രവർത്തനങ്ങൾ ചിൽഡ്രൻ ബൈബിൾ ഇൻവെസ്റ്റിഗേഷൻ എന്നതിലുണ്ട്. ഈ പ്രോഗ്രാം ചെയ്യുന്നതിനായി നിങ്ങളുടെ സഭയിൽ ഇന്റെർനെറ്റ് വേണമെന്നില്ല. സഭയ്ക്ക് ആവശ്യമുള്ള കാര്യങ്ങൾ ഒരു വ്യക്തി തയ്യാറാക്കിക്കൊണ്ടു വരിക. അങ്ങനെ സഭ വളരുന്നത് നോക്കുക. ഉത്തേജനം നല്കുന്ന ഒരു പുതിയ കാര്യപരിപാടിയുമായി നമുക്കു സണ്ടേസ്കൂളിലേക്ക് പ്രവേശിക്കാം! സി ബി ഐ യുടെ മൂന്നു യൂണിറ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ 39 പാഠങ്ങളിലൂടെ നിങ്ങളുടെ കുട്ടികൾ ദാവീദും ഗോല്ല്യാത്തും എസ്ഥേർ, സൃഷ്ടിപ്പ്, യേശുവിന്റെ ഉയിർപ്പ്, വിശ്വാസ വീരന്മാർ തുടങ്ങിയവെക്കുറിച്ചു പഠിക്കട്ടെ. നിങ്ങളുടെ ക്ലാസ്സുകൾ രസകരവും ഉത്തേജിപ്പിക്കപ്പെടുന്നതുമാണെന്നു ഞാൻ ഉറപ്പിക്കുന്നു. 'ബൈബിൾ സീൻ' എന്നു ഞങ്ങൾ വിളിക്കുന്ന യഥാർത്ഥമെന്നു തോന്നിപ്പിക്കുന്ന 'ക്രൈം സീൻ, മഞ്ഞ ടേപ്പുകൾ, സയൻസ് പരീക്ഷണശാലകൾതുടങ്ങിയവ സൃഷ്ടിക്കുക. നിങ്ങളുടെ കുട്ടികൾക്കു ആവശ്യമായത്രയും രസകരങ്ങളായ കാര്യങ്ങൾ ഈ വർഷം മുഴുവനും ഉണ്ടായിരിക്കും. പുതിയതും ഉത്തേജിപ്പിക്കുന്നതുമായ ഒരു രീതിയിൽ കുട്ടികളെ പഠിപ്പിക്കുന്നതിനു ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.



ക്രിസ്തുവിൽ

ക്രിസ്റ്റീന ക്രൗസ്.

# --[ഉപയോഗിക്കുന്നതെങ്ങനെ]--



അദ്ധ്യാപകരേ, രസകരമായ വേദപുസ്തക അന്വേഷണപരിപാടിയിലേക്ക് സ്വാഗതം. നിങ്ങൾക്ക് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുവാൻ മാത്രമല്ല അതേ സമയം തന്നെ അവരോടൊന്നിച്ച് അനേകം രസകരമായ നിമിഷങ്ങളും പങ്കിടുവാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ പ്രോഗ്രാം ഒരു സൺഡേസ്കൂളായോ, കുട്ടികളുടെ സഭയായോ, ആഴ്ചയിലൊരിക്കലുള്ള കുട്ടികളുടെ ഇടയിലെ ശുശ്രൂഷയ്ക്കായിട്ടുള്ള ക്ലബ്ബായോ ഉപയോഗിക്കാം. ഇതിലെ ദൃശ്യപഠനസഹായികൾ ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളതിനാൽ ഓരോ ചിത്രങ്ങളും വലുതാക്കി കാണിക്കുവാനും നിങ്ങളുടെ മൊബൈൽഫോണിൽ കുട്ടികളെ കാണിക്കുവാനും സാധിക്കും. 9 മാസത്തേക്കുള്ള മൂന്നു യൂണിറ്റുള്ള ഈ പാഠ്യപദ്ധതി നിങ്ങൾ ആസ്വദിക്കും എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. ആദ്യത്തെ യൂണിറ്റിൽ 13 പാഠങ്ങളുണ്ട്. മറ്റു രണ്ടു യൂണിറ്റുകളുൾപ്പെടെ 39 പാഠങ്ങളുണ്ട്.




## നിർദ്ദേശിച്ചിരിക്കുന്ന സമയവിവര പട്ടിക (2-2½ മണിക്കൂർ)

- 5 സൂചനകൾക്കായിട്ടുള്ള മുഖവുര (25 മിനിറ്റ്)
  - തലക്കെട്ട് (5 മിനിട്ട്)
  - നാടകം (10 മിനിട്ട്)
  - ലക്ഷ്യം (3 മിനിട്ട്)
  - പുരാവസ്തുശാസ്ത്രം (2 മിനിട്ട്)
  - ബൈബിൾ രംഗം (7 മിനിട്ട്)
- പ്രധാന പാഠ സമയം (35 മിനിട്ട്)
  - ബൈബിൾ കഥ/കേസ് പരിഹരിച്ചു (13 മിനിട്ട്)
  - പ്രായോഗികം (2 മിനിട്ട്)
  - മന:പാഠവാക്യം (15 മിനിട്ട്)
  - അസൈൻമെൻറ് (3 മിനിട്ട്)
  - ദൈവത്തിൻറെ ഡി.എൻ.എ (2 മിനിട്ട്)
- വിനോദത്തിൻറെ സമയം (1 മണിക്കൂർ)
  - ഗയിം (15 മിനിട്ട്)



  - ചർച്ച (15 മിനിട്ട്)
  - വിദ്യാർത്ഥികളുടെ പുസ്തകങ്ങൾ (15 മിനിട്ട്)
  - ലൂക്കാസിൻറെ ശാസ്ത്ര പരീക്ഷണം (15 മിനിട്ട്)
- ഐശ്ചികമായ ഗയിം, ''ആരെന്നു ഊഹിക്കുക'' (30 മിനിട്ട്)



## സൂചനകൾ!

നിങ്ങളുടെ രഹസ്യാന്വേഷകർക്ക് കേസ് പരിഹരിക്കുന്നതിനായുള്ള സൂചനകൾ കൊടുത്തുകൊണ്ട് ക്ലാസ് ആരംഭിക്കുക. ഇതിനു 5-15 മിനിട്ടു വരെ സമയം വേണ്ടി വരുമെങ്കിലും അതിൽ നിന്നുണ്ടാകുന്ന വിനോദം നിങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഓരോ പാഠത്തിനും 5 സൂചനകളുണ്ട്. ഈ സൂചനകൾ നിങ്ങളുടെ മൊബൈൽഫോണിൽ ഉപയോഗിക്കാം. അല്ലെങ്കിൽ വിദ്യാർത്ഥികൾ തേടി കണ്ടുപിടിക്കേണ്ടതിനു ക്ലാസ്സിൽതന്നെ സൂചനകളെ സൃഷ്ടിക്കാം.

## 1 സൂചന 1# തലക്കെട്ട്

പാഠത്തിൻറെ തലക്കെട്ടുതന്നെയാണ് ആദ്യത്തെ സൂചന. വിദ്യാർത്ഥികൾക്കുവേണ്ടി തലക്കെട്ട് വായിക്കുകയോ അവർക്കു കാണുവാൻ കഴിയുന്ന തരത്തിൽ അച്ചടിച്ച് പ്രദർശിപ്പിക്കുകയോ ചെയ്യുക. ഉദാഹരണത്തിന്, ''മൂർച്ചയില്ലാത്ത ഭയത്തിൻറെ ശക്തി'' യുടെ കേസ് എന്നാണു ദാവീദിൻറെയും ഗോല്യാത്തിൻറെയും പാഠത്തെ വിളിക്കുന്നത്. മൂർച്ചയില്ലാത്ത ഭയത്തിൻറെ ശക്തി  എന്നാൽ നദിയിൽ നിന്നെടുത്ത ഒരു കല്ലുകൊണ്ട് ഗോല്യാത്തിൻറെ തലയ്ക്കു അടിച്ചുവെന്നാണ്. കുറ്റാന്വേഷകരുടെയും കോടതി വ്യവഹാരവിശകലന വിഗദ്ധനൻറെയും പ്രയോഗങ്ങൾ ഉപയോഗിക്കുന്നത് നിങ്ങളുടെ ബൈബിൾ പഠനത്തെ കൂടുതൽ രസകരമാക്കും. നിങ്ങളുടെ അദ്ധ്യാപകരുടെ ബുക്കുകൾ വിദ്യാർത്ഥികളെ കാണിക്കാതിരിക്കുവാൻ ഓർക്കുക. അങ്ങനെയായാൽ അവർക്ക് ബൈബിൾ കഥ കണ്ടു നിങ്ങളെ വഞ്ചിക്കുവാൻ കഴിയില്ല.

## 2 സൂചന 2 #നാടകം



ഓരോ ആഴ്ചയിലുമുള്ള രണ്ടാമത്തെ സൂചനയാണ് നാടകം. അദ്ധ്യാപകരോ വിദ്യാർത്ഥികളോ അത് അഭിനയിക്കട്ടെ. കഥ പൂർണ്ണമായി വെളിപ്പെടുത്താതെ വേറൊരു സൂചന നല്കുക എന്ന ആശയമാണിത്. ദാവീദിൻറേയും ഗോല്യാത്തിൻറേയും പാഠത്തിൽ ഒരു പടയാളി തൻറെ ഭവനത്തിൽ വന്നു തൻറെ ഭാര്യയോടു സംസാരിക്കുന്നു. ഫെലിസ്ത്യനായ ആ പടയാളി എങ്ങനെയാണ് തങ്ങൾ യുദ്ധത്തിൽ പരാജയപ്പെട്ടതെന്നു പറയുന്നു. ''മല്ല''നായ ഒരുവനെയും അജാനുബാഹുവായ അവൻറെ സഹോദരനെയും



ഇവിടെ പരാമർശിക്കുന്നു (ഗോല്യാത്തിൻറെ പേര് ഇവിടെ പരാമർശിക്കുന്നില്ല). അജാനുബാഹുവായ ഒരു സഹോദരൻ ഗോല്യാത്തിനുണ്ടെന്നു വേദപുസ്തകം പറയുന്നില്ല. വേദപുസ്തകത്തിലെ ഈ കഥ ഊഹിച്ചെടുക്കുന്നതിനു വിദ്യാർത്ഥികളെ സഹായിക്കുന്നതിനുള്ള രസകരമായ നാടകമാണിത്.

## 3 സൂചന 3 #വസ്തു

ഓരോ പാഠത്തിനും ഓരോ വസ്തു ക്ലാസ്സിൽ കൊണ്ടുവരുക. വേദപുസ്തകത്തിലെ ഈ കഥ മനസ്സിലാക്കുന്നതിനു സഹായിക്കുന്ന ഈ വസ്തു വിദ്യാർത്ഥികൾക്കു തൊടുവാനും അനുഭവിക്കുവാനും കഴിയുന്ന ഭൌതിക വസ്തുവാണത്. ഉദാഹരണമായി ഈ പാഠത്തിൽ അഞ്ചു കല്ലുകൾ അല്ലെങ്കിൽ പാറക്കഷണങ്ങൾ ക്ലാസ്സിൽ കൊണ്ടുവരിക. ഈ സമയത്ത്, ഈ അഞ്ചു കല്ലുകൾ ദാവീദ് നദിയിൽ നിന്നു പെറുക്കിയെടുത്തതാണെന്നു വിദ്യാർത്ഥികൾ പറയുകയാണെങ്കിൽ, അത് ഉറപ്പാക്കുകയോ നിരാകരിക്കുകയോ ചെയ്യാതിരിക്കുവാൻ ശ്രമിക്കുക. നിങ്ങൾ നിങ്ങളുടെ വിദ്യാർഥികളോടു കള്ളം പറയരുത്, എന്നാൽ കഴിയുന്നിടത്തോളം സമയം ചോദ്യങ്ങൾ ചോദിക്കുന്നതിനു വിദ്യാർത്ഥികളെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുക.




## 4 സൂചന #4 പുരാവസ്തുശാസ്ത്രം

ഓരോ പാഠത്തിൻറേയും നാലാമത്തെ സൂചന യഥാർത്ഥ പുരാവസ്തുശാസ്ത്രത്തിൻറെ ഒരു ഭാഗമാണ്. ഗത്തിൽ  നശിച്ചുപോയ പട്ടണങ്ങളുടെ ആധുനിക ചിത്രങ്ങൾ, ഇത് ഇന്ന് ടെൽ സാഫിത് നാഷണൽ പാർക്കിൻറെ ഉള്ളിൽ  സ്ഥിതിചെയ്യുന്നു.

രഹസ്യം. പലസ്തീൻ പട്ടണത്തിലാണ് ഗോല്യാത്തിൻറെ ഭവനം). പടം കാണിച്ചിട്ട്, കഥ മുഴുവനും വെളിപ്പെടുത്താതെ ഇതാണ് പഴയ ഗത്ത് പട്ടണം എന്നു പറയുക. ഗത്ത് ഗോല്യാത്തിൻറെ പട്ടണമാണെന്നു മിക്കവർക്കും അറിയില്ല. അതുകൊണ്ട് നിങ്ങളുടെ പാഠം രഹസ്യമായിത്തന്നെയിരിക്കും.



## സൂചന #5 ബൈബിൾ രംഗം

ഓരോ ആഴ്ചയിലേയും അവസാനത്തെ സൂചനയാണ് ബൈബിൾ രംഗം. നിങ്ങളുടെ കുറ്റാന്വേഷകർക്ക് അന്വേഷണ ത്വരയോടെ വീക്ഷിക്കുവാൻ കഴിയുന്നതാണ് ഇത്.



ഉദാഹരണമായി, അനന്യാസിൻറേയും സഫീറയുടെയും ദൈവത്തോട് അവർ പറഞ്ഞ കള്ളവും ഈ ബൈബിൾ രംഗത്തിൽ വരച്ചു കാട്ടുന്നു. ഞങ്ങൾ തന്നിട്ടുള്ള ചിത്രം നിങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്, അല്ലെങ്കിൽ തറയിൽ ശരീരങ്ങൾ കിടന്നതുപോലെ അടയാളപ്പെടുത്തി അങ്ങനെയൊരു രംഗം സൃഷ്ടിക്കാവുന്നതാണ്. അവരുടെ വിദ്യാർത്ഥികൾ കുറ്റാന്വേഷകർക്ക് കൂടുതൽ ആസ്വാദ്യകരമാക്കുന്നതിനു, നിങ്ങൾ കണ്ടിട്ടുള്ളതുപോലെ ശരീരം കിടന്നതു അടയാളപ്പെടുത്തിയതിനു ചുറ്റും പോലീസ് ടേപ്പ് വലിച്ചുകെട്ടാവുന്നതാണ്.

# വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

## വ്യവഹാരം പരിഹരിച്ചു!

ഈ സൂചനകളെല്ലാം പരിശോധിച്ചതിനു ശേഷം ഈ കേസ് പരിഹരിക്കുവാൻ അല്ലെങ്കിൽ ഏതു ബൈബിൾ കഥയാണ് ഈ ആഴ്ച പഠിക്കുവാൻ പോകുന്നതെന്നു പറയുവാൻ അവരെ അനുവദിക്കുക. വർഷങ്ങളായി നിങ്ങളുടെ സഭയിൽ വന്നിട്ടില്ലാത്ത വിദ്യാർത്ഥികളുണ്ടെങ്കിൽ അവർ ബൈബിൾ കഥ ഊഹിച്ചെടുക്കുവാൻ പാടുപെടുന്നതു കാണാം. അതൊരു വലിയ പ്രശ്നമാക്കാതെ ബൈബിൾ കഥ ഏതെന്നു അവരോടു പറയുക. അവർ ശരിയായി ഊഹിച്ചെടുത്തില്ലെങ്കിൽ പോലും ഈ സൂചനകൾ ഒരു നല്ല രസകരമായ മുഖവുര നല്കുകയും വളരെ പ്രത്യേകതയുള്ള ഒരു സൺഡേസ്കൂൾ നിങ്ങൾക്കു പ്രദാനം ചെയ്യുകയും ചെയ്യും.

### ബൈബിൾ കഥ

എല്ലാ സൂചനകളും പറഞ്ഞു കഴിഞ്ഞതിനു ശേഷം ഈ ആഴ്ചയിലെ ബൈബിൾ കഥ ഏതെന്നു അവരോടു പറയുക. സാധാരണ സൺഡേസ്കൂൾ ക്ലാസ്സിൽ പറയാറുള്ളതുപോലെ കഥ പറയുവാനുള്ള അവസരമാണിത്. തന്നിട്ടുള്ള വാക്യ സൂചികകൾ നോക്കിയോ അദ്ധ്യാപക സഹായികൾ നോക്കിയോ നിങ്ങൾക്കു കഥ പറയാവുന്നതാണ്. നിങ്ങളുടെ പക്കലുള്ള വേദപുസ്തകത്തിൽ നോക്കി പറയുന്നതും നല്ലതാണ്. ഓരോ ആഴ്ചയിലും ഒരു ചിത്രമോ കഥയിലെ ഒരു വ്യക്തിയുടെ കാർട്ടൂൺ ചിത്രമോ ചിലപ്പോൾ കഥയിലെ നായകൻറെയോ, ചിലപ്പോൾ വില്ലൻറെയോ ചിത്രമായിരിക്കും. ദാവീദിൻറേയും ഗോല്യാത്തിൻറേയും പാഠത്തിൽ ഗോല്യാത്തിൻറെ ചിത്രം നിങ്ങളുടെ വിദ്യാർത്ഥികളെ കാണിക്കുക. ഓരോ വിദ്യാർത്ഥിക്കും നല്കുവാൻ തയ്യാറാക്കിയിരിക്കുന്ന ബൈബിൾ കാർഡുകൾ ഉപയോഗിക്കുക. ഈ കാർഡ് ഹാജർ കാർഡായി ഉപയോഗിക്കാവുന്നതാണ്. അല്ലെങ്കിൽ ''ആണെന്നു ഊഹിക്കുക'' എന്ന ഗയിം കളിക്കുന്നതിനു ഉപയോഗിക്കാവുന്നതാണ്. ഗയിം കളിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇതിൻറെ അവസാനമുള്ള 'എങ്ങനെ' എന്ന ഭാഗത്തു നല്കിയിരിക്കുന്നു.



### പ്രായോഗികം

പാഠം പഠിച്ചതിനുശേഷം ഇത് ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനു ശ്രമിക്കുക. ഞാൻ വളരെ ചെറുപ്പമായിരുന്നാൽ പോലും വലിയ കാര്യങ്ങൾ ചെയ്യുവാൻ എനിക്ക് കഴിയും. ഇതാണ് ദാവീദിൻറേയും ഗോല്യാത്തിൻറേയും കഥയിലുള്ള പ്രായോഗികത.

### മന പാഠ:വാക്യം

ഓരോ ആഴ്ചയിലുമുള്ള മന:പാഠവാക്യം ജീവിതത്തിലെ പ്രായോഗികതയ്ക്കനുസരിച്ചായിരിക്കണം. വിദ്യാർത്ഥികൾ വാക്യം മന:പാഠമാക്കുന്നതിന് കുറച്ചു സമയമെടുത്ത് അവരെ സഹായിക്കുക.

### അസൈൻമെൻറ്

ഓരോ ആഴ്ചയിലും വിദ്യാർത്ഥികൾ ചെയ്യേണ്ട അസൈൻമെൻറുകളുണ്ട്. പാഠ്യപദ്ധതിയുടെ ഏറ്റവും പ്രധാന ഭാഗമാണിത്. ദൈവവചനം കേൾക്കുന്നവരല്ല മറിച്ച് കേട്ട് അത് പ്രവർത്തിക്കുന്നവരുമായിരിക്കുവാൻ ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. വിദ്യാർത്ഥികൾ സഭയിൽ നിന്നു പഠിക്കുന്ന കാര്യങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പഠന സമയത്ത് പഠിച്ച ഒരു കാര്യവും ജീവിതത്തിൽ പ്രായോഗികമാക്കുന്നില്ലെങ്കിൽ, ബൈബിൾ വാക്യങ്ങളും ഉപദേശങ്ങളും മന:പാഠമാക്കുവാൻ പറഞ്ഞു വിദ്യാർത്ഥികളെ പരീശന്മാരാക്കരുത്. കുറച്ചു കപടഭക്തിക്കാരെ സൃഷ്ടിച്ചു ഒരു തെറ്റ് ചെയ്യുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. നിങ്ങളുടെ വിദ്യാർത്ഥികൾ കപടഭക്തിക്കാരായിത്തീരാതിരിക്കേണ്ടതിന് അവരെ പ്രോത്സാഹിപ്പിക്കുവാൻ ചെയ്യാവുന്ന ഒരേയൊരു കാര്യമാണ്, ആ ആഴ്ചയിൽ അവർ പഠിച്ച കാര്യം ജീവിതത്തിൽ പ്രായോഗികമാക്കുവാൻ പറയുന്നത്.




### ദൈവത്തിന്റെ ഡി.എൻ.എ.

ബൈബിൾ പാഠത്തെ ആസ്പദമാക്കി ദൈവം ആരാണെന്നതിനെക്കുറിച്ചു ചില കാര്യങ്ങൾ പഠിക്കുന്നതാണ് ദൈവത്തിൻറെ ഡി.എൻ.എ എന്ന ഭാഗത്തിലുള്ളത്. ഉദാഹരണമായി, ദാവീദിൻറേയും ഗോല്യാത്തിൻറേയും പാഠത്തിൽ, ദൈവത്തിൻറെ പദ്ധതി പൂർത്തീകരിക്കുന്നതിന് ദൈവം ജനത്തെ ഉപയോഗിക്കുന്നു എന്നതിനെക്കുറിച്ചു നാം പഠിക്കുന്നു.



## വിനോദത്തിന്റെ സമയം!

### ഗയിം

നിങ്ങളുടെ പഠനത്തിൻറെ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് ഗയിം. ഇത് വിദ്യാർത്ഥികൾ വീണ്ടും മടങ്ങി വരുന്നതിനുള്ള പ്രേരകശക്തിയാണ്. കുട്ടികൾ കളിക്കുവാൻ ഇഷ്ടപ്പെടുന്നു. എല്ലാ ക്ലാസിലും ഗയിമുകൾ ഉൾപ്പെടുത്തുകയാണെങ്കിൽ, ആഴ്ചകൾ തോറും നിങ്ങളുടെ ക്ലാസ് വളരുന്നതു നിങ്ങൾക്കു കാണാവുന്നതാണ്. ധാരാളം കുട്ടികൾ നിങ്ങളുടെ ക്ലാസ്സിലുണ്ടെങ്കിൽ, അനേകരെ നിങ്ങൾക്കു മാറ്റുവാൻ കഴിയും.

### ചർച്ച

നിങ്ങളുടെ വിദ്യാർത്ഥികളെ ആഹ്വാനം ചെയ്യുന്ന ചർച്ചകളിൽ ഏർപ്പെട്ടിരിക്കുന്നതിനുവേണ്ടി ഓരോ ആഴ്ചയിലും മൂന്നു ചർച്ചാ ചോദ്യങ്ങൾ ഞങ്ങൾ നൽകിയിട്ടുണ്ട്. ചർച്ച നയിക്കുന്നതിനുള്ള ഒരു നല്ല മാർഗ്ഗമാണ് വിദ്യാർത്ഥികൾക്ക് ഉത്തരങ്ങൾ നൽകാതിരിക്കുന്നത്. എന്നാൽ ഓരോ ചോദ്യത്തെക്കുറിച്ചും സംസാരിക്കുന്നതിനു അവരെ അനുവദിക്കുക. അവർ അധികം തർക്കിക്കുകയാണെങ്കിൽ നിങ്ങൾ നന്നായി ചെയ്തു എന്നു അനുമാനിക്കാം. അതുകൊണ്ട്, ഒരു വലിയ വാദപ്രതിവാദങ്ങൾക്ക് അവസരമൊരുക്കുക. അങ്ങനെ നിങ്ങളുടെ വിദ്യാർത്ഥികളിൽ നിന്നും നിങ്ങൾക്കു ധാരാളം അഭിപ്രായങ്ങൾ ലഭിക്കും. അദ്ധ്യാപക സഹായിയുടെ അവസാനത്തിൽ ഉത്തരം നൽകിയിട്ടുണ്ട്. അതുകൊണ്ട്, ഒരു ചോദ്യം ചർച്ച ചെയ്യുന്നതിൻറെ അവസാനം നിങ്ങളുടെ അഭിപ്രായവും നിങ്ങൾക്കു പറയാവുന്നതാണ്.

### വിദ്യാർത്ഥിയുടെ പേജിൻറെ ഉത്തരങ്ങൾ

നിങ്ങളുടെ ക്ലാസ്സിൽ പ്രവർത്തനമായി ഉപയോഗിക്കാവുന്ന വിദ്യാർത്ഥിയുടെ പേജും ഈ പ്രോഗ്രാമിലുണ്ട്. ചായമടിക്കുവാനും വാക്കുകൾ കണ്ടുപിടിക്കുന്ന ഗയിം കളിക്കുവാനും കുട്ടികൾക്കു ഇഷ്ടമാണ്. നിങ്ങളുടെ ക്ലാസ് ആസ്വാദ്യകരമാക്കുവാൻ വിദ്യാർത്ഥിയുടെ ബുക്കുകൾ നിങ്ങൾ ഉപയോഗിക്കും എന്നും ഞങ്ങൾ പ്രത്യാശിക്കുന്നു. ഈ ഭാഗത്തിൽ, 4 വയസ്സ് പ്രായമുള്ള വിദ്യാർത്ഥിയുടെ ബുക്കിലുള്ള കടങ്കഥകളുടെ ഉത്തരങ്ങൾ നിങ്ങൾ കണ്ടെത്തും.

### ലൂക്കാസിൻറെ പരീക്ഷണം

കിറുക്കൻ ശാസ്ത്രജ്ഞൻ ലൂക്കാസിൻറെ ശാസ്ത്രപരമായ പരീക്ഷണമാണ് നിങ്ങളുടെ ക്ലാസിൻറെ അവസാനത്തെ പ്രവർത്തനം. ഒരു പ്രവർത്തനം എന്ന നിലയിൽ നിങ്ങൾക്കു ക്ലാസ്സിൽ ചെയ്യാവുന്ന ശാസ്ത്രീയ പരീക്ഷണം ഓരോ ആഴ്ചയിലും അയാൾ നിങ്ങൾക്കു നൽകുന്നു. നിങ്ങൾക്ക് ഒരുമിച്ചു ഈ വീഡിയോ കാണാവുന്നതാണ് അല്ലെങ്കിൽ ഈ ഫോട്ടോയിൽ കാണുന്നതുപോലെ,നിങ്ങളുടെ അദ്ധ്യാപകൻ തൻറെ പരീക്ഷണ ശാലയിൽ പരീക്ഷണം നടത്തുന്ന ഫോട്ടോയിൽ കാണുന്നതുപോലെ നിങ്ങൾക്കു തനിയെ ഈ പരീക്ഷണം ചെയ്തു നോക്കാവുന്നതാണ്.





## ആരെന്നു ഊഹിക്കുന്ന ഗയിം

''ആരെന്നു ഊഹിക്കുക'' എന്നു വിളിക്കുന്ന, ബൈബിൾ വ്യക്തികളുടെ പേര് രേഖപ്പെടുത്തിയ കാർഡുകൊണ്ടുള്ള ഗയിമാണ് പ്രവർത്തനങ്ങളിൽ നിർബന്ധമല്ലാത്ത അവസാനത്തെ ഗയിം. രണ്ടു കുട്ടികൾ പങ്കാളികളായി ഒരു പരമ്പരാഗതമായ ഒരു ബോർഡ് ഗയിമാണിത്.




ഓരോ വിദ്യാർത്ഥിക്കുംവേണ്ടി എല്ലാ 13 കാർഡുകളും അച്ചടിക്കുക. അദ്ധ്യാപകനും ഒരു സെറ്റ് കാർഡ് ഉണ്ടായിരിക്കണം. ഈ ഗയിം കളിക്കുമ്പോൾ നിങ്ങളുടെ വിദ്യാർത്ഥികൾ വേദപുസ്തക വ്യക്തികളെ കൂടുതലായി പരിചിതരാകും.

കട്ടിയുള്ള പേപ്പറോ കാർഡ്ബോർഡോ അക്കോർഡിയൻ പോലെ മടക്കി കാർഡ് അതിൽ വെയ്ക്കുക. നിങ്ങളുടെ അദ്ധ്യാപകൻറെയോ അല്ലെങ്കിൽ പങ്കാളിയുടെയോ കൈവശം ഏതു ബൈബിൾ വ്യക്തിയുടെ ചിത്രമുള്ള കാർഡാണെന്നു പറയുന്ന ഗയിമാണിത്. ഓരോ ബൈബിൾ വ്യക്തിയുടെയും കാർഡ് തിരഞ്ഞെടുത്തുകൊണ്ട് ആരംഭിക്കുക, പിന്നീട് നിങ്ങളുടെ പങ്കാളിയിൽ നിന്നു ഇത് രഹസ്യമാക്കി വെയ്ക്കുക.

കണ്ണുകളുടെ നിറം, മുടിയുടെ നിറം, അവർക്കു താടിയുണ്ടെങ്കിൽ അത്, തൊപ്പി ധരിച്ചിട്ടുണ്ടെങ്കിൽ അത്, ചെവിയുടെ അല്ലെങ്കിൽ മൂക്കിൻറെ വലിപ്പം അത് സ്ത്രീയാണോ പുരുഷനാണോ എന്നിവയുൾപ്പെടെ വ്യത്യസ്ത യോഗ്യതകളുള്ള ബൈബിൾ വ്യക്തികളെ നോക്കുക. ആദ്യത്തെ കളിക്കാരൻ ചോദ്യം ചോദിക്കുന്നു, രണ്ടാമത്തെ കളിക്കാരൻ, ''അതെ അല്ലെങ്കിൽ അല്ല'' എന്നു ഉത്തരം പറയണം. ഒരു പ്രാവശ്യം ഒരു ചോദ്യം മാത്രമേ അനുവദനീയമുള്ളു.



നിങ്ങൾക്കു ഉത്തരം ലഭിച്ചു കഴിഞ്ഞാൽ ആ കാർഡ് നിങ്ങൾ താഴ്ത്തേണ്ടതാണ്, അതു പിന്നെ നിങ്ങൾക്കുണ്ടാകില്ലാ. ഉദാഹരണമായി, ഇതൊരു സ്ത്രീയാണോ എന്നു നിങ്ങൾ ചോദിക്കുമ്പോൾ നിങ്ങളുടെ പങ്കാളി ''അല്ല'' എന്നു ഉത്തരം പറഞ്ഞാൽ, നിങ്ങൾക്കു സ്ത്രീകളുടെ പേര് രേഖപ്പെടുത്തിയ എല്ലാ കാർഡുകളും താഴ്ത്താം. രഹസ്യത്തിലിരിക്കുന്ന ബൈബിൾ വ്യക്തിയെ കണ്ടെത്തുന്നതുവരെ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുക. 9 മാസത്തെ ക്ലാസ്സുകൾ നടത്തുന്നതിനു ഈ പ്രോഗ്രാമിനു മൂന്നു യൂണിറ്റു പഠനസാമഗ്രികളും വർഷത്തിൻറെ അവസാനമാകുമ്പോഴേക്ക് കളിക്കുന്നതിനു മൂന്നു സെറ്റ് ബൈബിൾ വ്യക്തികൾ ഉൾപ്പെടെ ആകെ 39 ബൈബിൾ വ്യക്തികൾ ഉണ്ടാകും.

# --[കേസ് 1]--

## സൂചനകൾ! (പാഠം-1)

### 1 സൂചന # 1 തലക്കെട്ട് (പാഠം-1)

ഭീഷണി നേരിട്ട വർഗ്ഗത്തിന്റെ കേസ്

### 2 സൂചന #2 നാടകം (പാഠം-1)

ആഖ്യാതാവ്(വിവരിക്കുന്ന ആൾ).

ഇത് ഒരു സാങ്കൽപ്പിക കഥ ആണ് എന്നാൽ ചില പേരുകളും സ്ഥലങ്ങളും നിരപരാധികൾ ആയവരെ സംരക്ഷിക്കേണ്ടതിന് മാറ്റം വരുത്തിയിട്ടുണ്ട്.

മൃഗനിയന്ത്രണം: സുരക്ഷിത തുറമുഖ മൃഗ നിയന്ത്രണത്തിൽ എനിക്ക് എങ്ങനെ നിങ്ങളെ സഹായിപ്പാൻ കഴിയും.

ക്യാറ്റ് ലേഡി : ഹായ് വളരെ നല്ലത്. നിങ്ങൾ ഇപ്പോഴും അവിടുണ്ടോ.

മൃഗനിയന്ത്രണം: അതേ ഭവതി. ഞങ്ങൾ ഇവിടെയുണ്ട്. എങ്ങനെ ഞങ്ങൾക്ക് നിങ്ങളെ സഹായിക്കാൻ കഴിയും.

ക്യാറ്റ് ലേഡി : ഓ ശരി. എന്റെ വെള്ള പൂച്ച വീണ്ടും അലഞ്ഞുതിരിഞ്ഞു നടക്കുന്നത് ഓർത്തു ഞാൻ ആകുലയാണ്. അത് അത്രമനോഹരത്വമുള്ള ഒന്നായതിനാൽ ആരെങ്കിലും അതിനെ എടുത്തുകൊണ്ടുപോയതായിരിക്കുമെന്നു ഞാൻ അറിയുന്നു. അവൻ അവിടെ ഇല്ലല്ലോ അല്ലെ? ഉണ്ടോ?

മൃഗനിയന്ത്രണം: എന്റെ കൈവശം കുറെ പൂച്ചകൾ ഉണ്ട് എന്നാൽ ഇപ്പോൾ വിളിച്ച ആ സ്ത്രീ പറഞ്ഞതുപോലെ ഒരു വെള്ള പൂച്ച ഇവിടെ ഇല്ല.

ക്യാറ്റ് ലേഡി : ആരെങ്കിലും ഒരു വെള്ള പൂച്ചയ്ക്ക വേണ്ടി വിളിച്ചിരുന്നോ?

മൃഗനിയന്ത്രണം: അതെ പ്രിൻസസ്(രാജകുമാരി) എന്ന പേരുള്ള ഒരു വെള്ള പൂച്ചയ്ക്ക് വേണ്ടി അന്വേഷിക്കുകയാണ് അവൾ.

ക്യാറ്റ് ലേഡി : എത്ര വിചിത്രമാണത്. എന്റെ നഷ്ടപ്പെട്ട പൂച്ചയുടെ പേര് പ്രിൻസ് എന്നായിരുന്നു. അവർ തമ്മിൽ കണ്ടുമുട്ടി (അമർത്തിചിരിക്കുന്നു) ഒന്നിച്ച് ഓടിപ്പോയിക്കാണം.

മൃഗനിയന്ത്രണം: അത് വിചിത്രമായിരിക്കുന്നു അങ്ങനെ ഒരുപാട് സംഭവങ്ങൾ ഈയിടെ നടന്നുകൊണ്ടിരിക്കുന്നു.

ക്യാറ്റ് ലേഡി : മൃഗങ്ങൾ അങ്ങനെ ഒന്നിച്ച് ഒളിച്ചോടാറുണ്ടോ ?

മൃഗനിയന്ത്രണം:നന്നായി. അതേ-ഒരുവിധത്തിൽ.

ക്യാറ്റ് ലേഡി  : അത് ഒരു ചീത്ത കിംവദന്തി(അപവാദം) പോലെ തോന്നുന്നല്ലോ അതിനെക്കുറിച്ച് എന്നോട് പറയുക.

മൃഗനിയന്ത്രണം : എന്റെ ഒരു ആൺപട്ടികുട്ടിയും പെൺപട്ടിക്കുട്ടിയും നഷ്ടമായിട്ടുണ്ട്.

ക്യാറ്റ് ലേഡി : കൊള്ളാം അതിൽ കാര്യമുണ്ട്.

മൃഗനിയന്ത്രണം: തത്തമ്മയുടെ ജോഡി, പാമ്പുകളുടെ ജോഡി, സീബ്രാകളുടെ  ജോഡി- ഞാൻ തുടരട്ടെ---? (ഇനിയും കേൾക്കണോ).

ക്യാറ്റ് ലേഡി  :  എന്റെ ദൈവമേ അതിശയകരം- എല്ലാവരും എങ്ങോട്ടാ പോകുന്നതെന്നാ ഞാൻ അത്ഭുതപ്പെടുന്നത്.

മൃഗനിയന്ത്രണം: ചില മൃഗങ്ങൾ പഴയ ഭ്രാന്തൻ പണിയുന്ന വലിയ സ്മാരകത്തിൽ തൂങ്ങി നിൽക്കുന്നതായുള്ള ചില കാര്യങ്ങൾ ഞാൻ കേട്ടിട്ടുണ്ട്.

ക്യാറ്റ് ലേഡി  : എന്റെ ‘പ്രിൻസസ് അവിടെ കാണുമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?

മൃഗനിയന്ത്രണം: ഞാൻ സംശയിക്കുന്നു. ഞാൻ അവിടെപ്പോകുമ്പോഴൊക്കെയും അലഞ്ഞുതിരിഞ്ഞു നടക്കുന്ന മൃഗങ്ങളെ ഞാൻ നോക്കാറുണ്ട്. എന്നാൽ ഒരു മൃഗത്തെയും എനിക്കവിടെ കാണാൻ കഴിഞ്ഞില്ല. മൃഗങ്ങൾ അവിടെ ഉണ്ടായിരുന്നതിന്റെ ചില ലക്ഷണങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ മൃഗങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല.

ക്യാറ്റ് ലേഡി : ശരി, എന്റെ പൂച്ചയെ കണ്ടാൽ എന്നെ ഒന്ന് വിളിച്ചു പറയണമേ.

മൃഗനിയന്ത്രണം: അല്ലയോ ഭവതി, തീർച്ചയായും ഞാൻ പറയാം.

ക്യാറ്റ് ലേഡി : ബൈ

## 3 സൂചന #3 വസ്തു (പാഠം-1)

ക്ലാസ്സിൽ കൊണ്ടുവരിക : വാലോ, ചുറ്റികയോ

## 4 സൂചന #4 –പുരാവസ്തുശാസ്ത്രം(പാഠം-1)




തുർക്കിയുടെ ഏറ്റവും കിഴക്കേ അറ്റത്ത് 5000 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന പർവ്വതത്തെ അരാരാത്ത് പർവ്വതം എന്നാണ് ബൈബിളിൽ വിളിക്കപ്പെട്ടിരിക്കുന്നത്. തുർക്കി, അർമേനിയ, അസർബെയ്ജാൻ , ഇറാൻ എന്നീ നാലു രാജ്യങ്ങളുടെ സംഗമസ്ഥാനത്താണ് ഈ പർവ്വതം സ്ഥിതിചെയ്യുന്നത്.

## 5 സൂചന #5 ബൈബിൾ രംഗം (പാഠം-1)



രഹസ്യം : മൃഗങ്ങളുടെ കാൽപാദങ്ങൾ ഒരേ ദിശയിലേക്ക് ഗമിക്കുന്നു. ചിത്രത്തിൽ കാണുന്ന കാല്പാദങ്ങളുടെ ചിത്രങ്ങൾ ആന, ഗോറില്ല, സീബ്ര, സൈഡ് വിന്റർ, റാറ്റിൽ സ്നേക്ക്, , മുതല, ആർഡ് മാർക്ക്, ജിറാഫ് എന്നിവയുടെതാണ്.

# വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

## വ്യവഹാരം പരിഹരിച്ചു! (പാഠം-1)

### ബൈബിൾ കഥ (പാഠം-1)

നോഹയും പെട്ടകവും

ബൈബിളിൽ നിന്നും : ഉല്പത്തി 6-9



ദൈവം മനുഷ്യനെ സൃഷ്ടിച്ച് കാലങ്ങൾ കടന്നുപോയപ്പോൾ ജനങ്ങൾ കൂടുതൽ കൂടുതൽ ദുഷ്ടന്മാരായിത്തീർന്നു. അവർ ദൈവത്തിന്റെ കണ്മുൻപിൽ ദുഷ്ടത പ്രവർത്തിച്ചു. ദൈവ ദൃഷ്ടിയിൽ നോഹ എന്നൊരാളെ തന്റെ മുമ്പാകെ നീതിമാനായി കണ്ടു. ദൈവം വലിയ ഒരു പെട്ടകം, അല്ലെങ്കിൽ ഒരു വലിയ ബോട്ട് ഉണ്ടാക്കാൻ നോഹയോടു പറഞ്ഞു. ലോകത്തിലുള്ള വിവിധ തരാം മൃഗങ്ങളെ ഉൾക്കൊള്ളത്തക്കവിധത്തിൽ എത്രയും വലിയതാക്കി അത് പണിവാൻ ദൈവം നോഹയോടു പറഞ്ഞു. ഇതുവരെയും ലോകത്തിൽ ഒരിക്കലും മഴപെയ്തിട്ടില്ലെങ്കിലും നോഹ ദൈവത്തെ അനുസരിച്ച് പെട്ടകം ഉണ്ടാക്കി. തന്റെ മക്കളെയും അവരുടെ ഭാര്യമാരെയും മൃഗങ്ങളോടുമൊപ്പം പെട്ടകത്തിൽ കയറുവാനുള്ള ദിവസം വന്നു. അവർ പെട്ടകത്തിൽ പ്രവേശിച്ചു. മഴ പെയ്യുവാൻ ആരംഭിച്ചു. ദൈവം സ്വർഗ്ഗങ്ങളും ഭൂമിയുടെ ജലത്തിന്റെ ഉറവുകളും തുറന്നു. ഭൂമിയെ മൂടുന്നതുവരെ അവ 40 ദിവസം ജലം വർഷിച്ചു കൊണ്ടിരുന്നു.

150 ദിവസം ഭൂമിയിൽ ജല പ്രളയം ഉണ്ടായി. പിന്നീട് ദൈവം നിലത്തെ ഉണക്കുവാൻ ഒരു കാറ്റ് അയച്ചു. നിലം എത്രത്തോളം ഉണങ്ങി എന്നറിവാൻ നോഹ പക്ഷികളെ ഭൂമിയിലേക്കയച്ചുകൊണ്ടിരുന്നു എന്നാൽ അവയൊക്കെയും മടങ്ങിയെത്തി. ഒടുവിലായി ഒരു പ്രാവ് ഒരു ഒലിവ് ഇല കൊണ്ടുവന്നു. നോഹ ഏഴു ദിവസം കൂടി കാത്തിരുന്ന് വീണ്ടും പ്രാവിനെ ഭൂമിയിൽ അയച്ചു. ഇപ്രാവശ്യം ആ പ്രാവ് മടങ്ങിവന്നില്ല. നോഹ പെട്ടകത്തിന്റെ വാതിൽ തുറന്നപ്പോൾ നിലം ഉണങ്ങിയിരുന്നു. മൃഗങ്ങളെ ഭൂമിയിൽ മുഴുവൻ നിറയത്തക്കവിധം പുറത്തേക്ക് സ്വതന്ത്രരായി വിടുവാൻ ദൈവം നോഹയോടു പറഞ്ഞു. നോഹ ദൈവത്തിനു യാഗം കഴിച്ചു. ദൈവം അതിലെ സുഗന്ധം മണത്തപ്പോൾ ഇനിയൊരിക്കലും ഭൂമിയെ മുഴുവൻ വെള്ളം കൊണ്ടു നശിപ്പിക്കയില്ല എന്ന് ദൈവം തീരുമാനിച്ചു. അവൻ തന്റെ വാഗ്ദാനം നോഹയെ അറിയിച്ചു. അതിന്റെ ലക്ഷണം ഇന്നും നമുക്ക് കാണുന്നതിനു കഴിയും. മഴവില്ല് ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്ക് ദൈവവുമായുള്ള വാഗ്ദത്തത്തിന്റെ ഓർമ്മപ്പെടുത്തലായി നിലകൊള്ളുന്നു.

## പ്രായോഗികം (പാഠം-1)

ചുറ്റുപാടും തിന്മയായപ്പോൾ എനിക്ക് നീതിമാന് കഴിയും.

## മന:പാഠ വാക്യം (പാഠം-1)

''ചുറ്റും ശത്രുക്കൾ ഉള്ളപ്പോൾ നീതിമാന്മാരായി നടപ്പിൻ അതുകൊണ്ടു നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ടു ഉറെച്ചു നില്പാനും കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ.'' എഫെസ്യർ. 6:13

## അസൈന്മെൻറ് (പാഠം-1)

നിങ്ങൾക്ക് ചുറ്റുമുള്ളവർ ദൈവത്തെ അനുസരിക്കാതിരിക്കുമ്പോൾ ദൈവത്തെ അനുസരിക്കുന്നത് പ്രയാസമാണ്. സാധാരണ എല്ലാവരും ചെയ്യുന്നതായ ശരി ഏതെന്ന് മനസിലാക്കി അത് ചെയ്യുവാനുള്ള അവസരത്തിനുവേണ്ടി നോക്കുക. ഉദാഹരണം അവരുടെ കണക്കുകൂട്ടലുകൾ തെറ്റാണെന്ന് മനസിലാക്കുമ്പോൾ ആരെങ്കിലും നിങ്ങൾക്ക് എന്തെങ്കിലും കൂടുതൽ ലഭിക്കുമ്പോൾ തിരികെ നൽകുക.

## ദൈവത്തിന്റെ ഡി.എൻ.എ (പാഠം-1)

ദൈവം നീതിയെ ആവശ്യപ്പെടുന്നു. അനുസരണത്തിനു പ്രതിഫലം നൽകുന്നു.






# വിനോദത്തിന്റെ സമയം! (പാഠം-1)

## ഗയിം (പാഠം-1)

നോഹയുടെ പെട്ടകം

വിദ്യാർത്ഥികൾ ഒരു വൃത്തമായി രൂപം കൊള്ളുക. ആദ്യത്തെ ആൾ എ എന്ന അക്ഷരം ആരംഭിക്കുന്ന ഒരു മൃഗമാണെന്ന് ചിന്തിച്ചു 10 വരെ സാവധാനത്തിൽ എണ്ണുന്നു. അടുത്ത വിദ്യാർത്ഥി എ എന്ന അക്ഷരത്തിൽ തുടങ്ങുന്ന മറ്റൊരു മൃഗത്തിന്റെ പേര് ചിന്തിച്ചു എണ്ണാൻ തുടങ്ങുമ്പോൾ അടുത്ത വിദ്യാർത്ഥി എ എന്ന അക്ഷരത്തിൽ ആരംഭിക്കുന്ന മറ്റൊരു മൃഗത്തെക്കുറിച്ച് ചിന്തിച്ചു എണ്ണാൻ തുടങ്ങുന്നു. സമയ പരിധിക്കുള്ളിൽ ആ കുട്ടിക്ക് അങ്ങനെ ചെയ്യാൻ കഴിയുന്നില്ലെങ്കിൽ അവർ വൃത്തത്തിനു വെളിയിൽ പോയി അടുത്ത കുട്ടി ബി എന്ന അക്ഷരത്തിൽ തുടങ്ങുന്ന മൃഗത്തെ ചിന്തിച്ചു നേരത്തേതുപോലെ തുടരുക. ഏതെങ്കിലും കുട്ടിക്ക് ബി എന്ന അക്ഷരത്തിൽ തുടങ്ങുന്ന മൃഗത്തെക്കുറിച്ച് എണ്ണാൻ കഴിയാതാകുന്നത് വരെ അങ്ങനെ തുടരുക. അടുത്ത വിദ്യാർത്ഥി സി എന്ന അക്ഷരത്തിൽ തുടങ്ങി അങ്ങനെ കളി തുടരുക.

## ചർച്ച (പാഠം-1)

മുതിർന്ന വിദ്യാർത്ഥികൾക്ക് വേണ്ടി

1. എന്തുകൊണ്ടാണ് ദൈവത്തിന്റെ നിർദേശങ്ങൾ പാലിക്കാൻ കഠിനമായിരിക്കുന്നത്? ദൈവം നമ്മോട് എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെടുമ്പോൾ നാം അങ്ങനെ ചെയ്യണമെന്ന് ദൈവം പ്രതീക്ഷിക്കുന്നുണ്ടോ?

അതേ, ദൈവം ആവശ്യപ്പെടുന്നതെല്ലാം നാം ചെയ്യണമെന്ന് അവൻ ആഗ്രഹിക്കുന്നു. എന്നാൽ നമുക്ക് അത് തനിയെ ചെയ്യാൻ കഴിയാത്തതിനാൽ അത് ചെയ്യുവാനുള്ള ശക്തിയും സഹായവും താൻ നൽകുന്നു. കൃപയും പുതിയ നിയമവും നൽകുന്ന ക്രിസ്തുവിലേക്ക് ദൈവത്തിന്റെ നിയമങ്ങളും നിബന്ധനകളും നമ്മെ തുടർമാനമായി നയിക്കുന്നു. ഈ പുതിയ നിയമം ലളിതമാക്കി ദൈവത്തെയും നമ്മുടെ അയൽക്കാരനേയും സ്നേഹിക്കുന്നതും ദൈവീക നിയമങ്ങൾ അനുസരിക്കുന്നത് സ്നേഹത്തിന്റെ പാർശ്വഫലങ്ങളിൽ ഒന്ന് ആകുന്നു. (റോമർ 8:5-6, ഗലാത്യർ 3:21-25, റോമർ 7:7_25).



2. എന്തുകൊണ്ട് ദൌർഭാഗ്യകരമായ കാര്യങ്ങൾ സംഭവിക്കുവാൻ ദൈവം അനുവദിക്കുന്നു. അങ്ങനെയുള്ളവ സംഭവിക്കുമ്പോൾ ദൈവത്തിനു അതിൽ  നിയന്ത്രണം ഉണ്ടോ?

പാപത്തെ തിരഞ്ഞെടുക്കുവാനുള്ള കഴിവ് ഉൾപ്പെടെ സ്വതന്ത്രമായുള്ള തിരഞ്ഞെടുപ്പിന് അവർ മനുഷ്യരെ അനുവദിക്കുന്നു. ദൌഭാഗ്യമായവയെ അനുഗ്രഹങ്ങൾ ആക്കി തിരിക്കുന്നതിനു അവനു അത്ഭുതകരമായ ചില വഴികൾ ഉണ്ട്. നാം ദൈവത്തിന്റെ കയ്യിൽ നിന്ന് നന്മ കൊള്ളുന്നു തിന്മയും കൊള്ളരുതോ എന്ന് പറഞ്ഞ ഇയ്യോബിനെപ്പോലെ (ഇയ്യോബ് 2:10) ദൌർഭാഗ്യകരമായ സാഹചര്യങ്ങളിൽ ദൈവത്തോട് വിശ്വസ്തർ ആയിരിക്കുക എന്നതാണ് നമ്മുടെ കർത്തവ്യം.

3. എന്റെ ബുദ്ധികൊണ്ട് (തലകൊണ്ട്) കേൾക്കുന്നു എന്ന് ഞാൻ ചിന്തിക്കുമ്പോൾ എങ്ങനെയാണ് അത് ദൈവശബ്ദം ആണെന്ന് പറവാൻ കഴിയുന്നത്.


അധികാരികൾ, മാതാപിതാക്കൾ, പാസ്റ്റർമാർ, അദ്ധ്യാപകർ എന്നിവരിലൂടെ ദൈവം സംസാരിക്കും. മൃദുസ്വരം ആയും(1 രാജാ.19:12), വ്യക്തിപരമായും (പുറ. 33:11) സന്ദേശവാഹകരിലൂടെയും,  ദൂതന്മാരിലൂടെയും, സ്വപ്നത്തിലൂടെയും, വലിയ പ്രകാശത്തിലൂടെയും,ചീട്ടിട്ടും, അത്ഭുതലക്ഷണങ്ങളിലൂടെയും കത്തുന്ന മുൾപ്പടർപ്പിലൂടെയും ഇടിയും മിന്നലിലൂടെയും, കാഹളങ്ങളിലൂടെയും ദൈവം സംസാരിക്കും. മാത്രമല്ല ദൈവത്തിന്റെ വചനത്തിലൂടെയും സംസാരിക്കും. എത്രത്തോളം ബൈബിൾ വായിക്കുന്നുവോ ഓരോ ദിവസത്തെ ചുമതലകൾ നിർവഹിക്കുവാൻ ആവശ്യമായത് കൂടുതൽ നമുക്ക് ലഭിക്കും. എങ്ങനെ എനിക്ക് ദൈവ ശബ്ദം തിരിച്ചറിയുവാൻ  കഴിയും? എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുകയും എന്നെ അനുഗമിക്കുകയും ചെയ്യുന്നു. (യോഹ. 10:26). നിങ്ങൾ ദൈവത്തെ അറിയുന്നില്ലെങ്കിൽ നിങ്ങളുടെ സ്വന്ത അഭിപ്രായങ്ങളിൽ നിന്നും ആഗ്രഹങ്ങളിൽ നിന്നും പകൽക്കിനാവുകളിൽ നിന്നും അവന്റെ ശബ്ദം ആണെന്ന്  പറയുവാൻ നിങ്ങൾക്ക് കഴിയുകയില്ല.

## വിദ്യാർഥികളുടെ  പേജുകളിൽ നിന്നുള്ള ഉത്തരങ്ങൾ (പാഠം-1)









## ലൂക്കായുടെ പരീക്ഷണം (പാഠം-1)

ഉണക്കമുന്തിരി സോഡാ പോപ്പിൽ(ഒരു പാനീയം)

ഒരു ഉണക്ക മുന്തിരി ഒരു സോഡായിൽ ഇട്ട് കുമിളകൾ ഉയർന്ന് താഴ്വശത്ത് എത്തുന്നത് വരെ അതിനെ ശ്രദ്ധിക്കുക, കുമിളകൾ പോകുമ്പോൾ താഴുവാനും അനുവദിക്കുക. ഉണക്കമുന്തിരി ഈ സോഡാ പോപ്പിൽ ഇട്ട് അതിന്റെ പ്രവർത്തനം നിരീക്ഷിക്കുക.

https://www.youtube.com/playlist?list=PLOBHMuQ9nHZT9tiMWNWGip3nii82SAjRh

# --[ കേസ് 2 ]--

## സൂചനകൾ! (പാഠം-2)

### സൂചന #1 തലക്കെട്ട് (പാഠം-2)

## UFO യുടെ കാഴ്ചസംബന്ധിച്ച കേസ് (തിരിച്ചറിയപ്പെടാത്ത പറക്കുന്ന വസ്തു)

### സൂചന #2 നാടകം (പാഠം-2)

ഇൻസ്പെക്ടർ : വാതിലിൽ തട്ടുന്നു

സത്രം സൂക്ഷിപ്പുകാരൻ: അകത്തേക്ക് വരിക

ഇൻസ്പെക്ടർ : ഹലോ, ഞാൻ മുനിസിപ്പൽ ഹോസ്പിറ്റാലിറ്റി കമ്മീഷനിൽ നിന്നാണ്.

സത്രം സൂക്ഷിപ്പുകാരൻ: ഞാൻ എങ്ങനെയാണ് താങ്കളെ സഹായിക്കേണ്ടത്

ഇൻസ്പെക്ടർ : ഞാൻ ഒരു പ്രത്യേക അഭ്യർത്ഥനയുമായി ഈ നഗരത്തിലെ ഓരോ ഹോട്ടലുകളും സന്ദർശിക്കുകയായിരുന്നു.

സത്രം സൂക്ഷിപ്പുകാരൻ: അങ്ങനെ ഞാൻ കേട്ടു.

ഇൻസ്പെക്ടർ :അടുത്തിയിടയിൽ എടുത്ത ജനസംഖ്യാ കണക്ക് അനുസരിച്ച് കൂട്ടമായി വർദ്ധിച്ചുവരുന്ന സന്ദർശകർക്ക് താമസത്തിനു ആവശ്യമായ വിധത്തിലുള്ള വാടകവീടുകൾ ഒരുക്കത്തക്കവിധം ആത്മാർത്ഥമായി ജോലി ചെയ്യാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

സത്രംസൂക്ഷിപ്പുകാരൻ: ഞങ്ങളുടേത് ഒരു ചെറിയ ഹോട്ടൽ ആണ്. ഞങ്ങൾക്ക് 10 മുറികളും പിൻപിൽ ഒരു കുതിരാലായവും ആണുള്ളത്.

ഇൻസ്പെക്ടർ : അത് ശരി കൊള്ളാം, ആ 10 മുറികളും ലഭ്യമാണെന്ന് ഉറപ്പുവരുത്താൻ കഴിയുമോ.

സത്രം സൂക്ഷിപ്പുകാരൻ: തീർച്ചയായും എന്നാൽ ഒരു മുറിക്ക് അല്പം അറ്റകുറ്റ പണികൾ ചെയ്യേണ്ടതുണ്ട്.

ഇൻസ്പെക്ടർ : നിങ്ങൾക്ക് അപ്പോഴേക്കും അതിന്റെ കേടുപാടുകൾ പരിഹരിക്കുവാൻ കഴിയുമോ?

സത്രം സൂക്ഷിപ്പുകാരൻ: ഇല്ല, നിങ്ങളെ പരിശോധനയ്ക്ക് വിളിക്കുന്നതിനു മുമ്പായി അതിന്റെ അവസാന പണികൾക്കായി എനിക്ക് കാത്തിരിക്കേണ്ടതുണ്ട്.

ഇൻസ്പെക്ടർ : അത് ശരി- അങ്ങനെയാണെങ്കിൽ കണക്കെടുപ്പിനു വേണ്ടി അത് തുറന്നു പ്രവർത്തിക്കത്തക്ക വിധത്തിൽ ശരിയാക്കത്തക്കവിധത്തിൽ ഒരു താല്ക്കാലിക അനുവാദം തരാൻ എന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സുരക്ഷിത മാനണ്ഡങ്ങൾ ഒക്കെ പാലിച്ചിട്ടുണ്ടോ?

സത്രം സൂക്ഷിപ്പുകാരൻ: അതെ. സുരക്ഷിത മാനണ്ഡങ്ങൾ എല്ലാം നേരെയാകിയിട്ടുണ്ട്.

ഇൻസ്പെക്ടർ : നമുക്കൊന്നു നോക്കാം

സത്രം സൂക്ഷിപ്പുകാരൻ: ഞങ്ങൾ ഇവിടെയാണ്.

ഇൻസ്പെക്ടർ : (ചുറ്റും നോക്കി), നന്നായിരിക്കുന്നു അത് പ്രവർത്തനക്ഷമം ആക്കിക്കൊള്ളുക.

സത്രം സൂക്ഷിപ്പുകാരൻ: അത് വളരെ എളുപ്പം ആണെന്ന് തോന്നുന്നു. നിങ്ങൾ കുതിരാലയവും കൂടി പരിശോധിച്ചാൽ ഞാൻ അതും കൂടി ഉപയോഗക്ഷമം ആക്കാം.

ഇൻസ്പെക്ടർ : വിഡ്ഢിത്തം പറയാതെ, ലായങ്ങൾ മൃഗങ്ങളോടുള്ള ആതിഥേയത്വം കാണിക്കാനുള്ളതാണ്. വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ അല്ലാതെ മറ്റൊന്നിനും ഉപയോഗിക്കരുത്.


സത്രം സൂക്ഷിപ്പുകാരൻ: ഞാൻ ഒരു തമാശ പറഞ്ഞതാ. വിഷമിക്കേണ്ട. മറ്റൊരു വഴിയും ഇല്ലെങ്കിൽ മാത്രമേ അതു ഞാൻ മറ്റെന്തെങ്കിലും കാര്യത്തിനു ഉപയോഗിക്കുകയുള്ളൂ.

## 3 സൂചന #3 വസ്തു (പാഠം-2)

ക്ലാസ്സിൽ കൊണ്ടുവരിക. ശിശുക്കൾക്കുള്ള പുതപ്പ്, കച്ചിയോ വയ്ക്കോലോ.




## 4 സൂചന# 4 പുരാവസ്തു ഗവേഷണം (പാഠം-2)



പലസ്തീനിലെ വെസ്റ്റ് ബാങ്കിലുള്ള ബേതലഹേമിലാണ് ദ ചർച്ച് ഓഫ് നാറ്റിവിറ്റി ബസലിക്ക സ്ഥിതി ചെയ്യുന്നത്. യേശുവിന്റെ ജന്മസ്ഥലം രേഖപ്പെടുത്തപ്പെട്ട ഗുഹയുടെ മുകളിലാണ് അതിന്റെ സ്ഥാനം. ഗ്രീക്ക് ഓർത്തഡോക്സ്, റോമൻ കത്തോലിക്കാ, ആർമേനിയൻ അപോസ്തോലിക്, സിറിയക്ക് ഓർത്തഡോസ്ക് എന്നീ സഭകൾ സംയുക്തമാണ് ഈ പള്ളിയുടെ ഭരണ നടത്തിപ്പുകൾ കൈകാര്യം ചെയ്യുന്നത്. ഈ നാലു സംസ്കാരങ്ങൾ ഒന്നുചേർന്നുള്ള ഒരു ആശ്രമ സംസ്കാരം ഇവിടെ നിലനിൽക്കുന്നു. ഇതിന്റെ ഫലമായി, എങ്ങനെയായിരുന്നാലും ആശ്രമത്തിൽ പരിശീലനം ചെയ്യുന്നവർ തമ്മിൽ അവരുടെ പ്രാർത്ഥനയിലും, തറവൃത്തിയാക്കുന്നതിലും, പാട്ടുകളിലും തമ്മിൽ കലഹം ഉണ്ടാകാറുണ്ട്. പലസ്തീനിലെ പോലീസ് സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനായി അവിടെ നിയോഗിക്കപ്പെട്ടിട്ടുണ്ട്. വിനോദസഞ്ചാരികൾക്ക് ഇവിടേക്ക് സ്വാഗതം.

## സൂചന # 5 ബൈബിൾ  രംഗം (പാഠം-2)

രഹസ്യം: രാത്രിയിൽ സ്വർഗത്തോട്ചേർന്നുള്ള ആകാശം തുറക്കപ്പെടുന്നു. ദൂതന്മാർ ഒരു പ്രഖ്യാപനം ഇപ്പോൾ നടത്തുവാൻ പോകുന്നു.

വ്യവഹാരം പരിഹരിച്ചു     വ്യവഹാരം പരിഹരിച്ചു

# വ്യവഹാരം പരിഹരിച്ചു!(പാഠം-2)

## ബൈബിൾ കഥ .(പാഠം-2)

യേശുവിന്റെ ജനനം

ബൈബിളിൽ നിന്നും : മത്തായി 1:18- 2:15,ലൂക്കോ 2:1-20



മറിയയ്ക്കും ജോസഫിനും ജനസംഘ്യാ കണക്കെടുപ്പിന് രജിസ്റ്റർ ചെയ്യുവാൻ ബെത്ലഹേമിലെക്ക് പോകേണ്ടിയിരുന്നു. അവിടേക്ക് അല്പം ദൂരം ഉണ്ടായിരുന്നു എന്ന് മാത്രമല്ല ഉണ്ണിയേശുവിനെ പൂർണ്ണ ഗർഭവതിയായി ഇരിക്കുന്ന സമയവും ആയിരുന്നു അത്. നടക്കുവാൻ പ്രയാസമായിരുന്നതിനാൽ ഒരു കഴുതപ്പുറത്തായിരുന്നു യാത്ര. അവർ ബെതലഹേമിൽ എത്തിയപ്പോൾ പ്രസവസമയം അടുത്തു എന്നവൾ അറിഞ്ഞു. താമസിക്കുവാൻ ഒരു സ്ഥലത്തിനു വേണ്ടി യോസേഫ് പലയിടത്തും അന്വേഷിച്ചു. അനേകർ ജനസംഖ്യ എടുക്കുന്നതിന് യാത്ര ചെയ്തിരുന്നതിനാൽ താമസിക്കുവാൻ ഒരു സ്ഥലവും ലഭിച്ചില്ല. ഒടുവിൽ സത്രം സൂക്ഷിപ്പുകാരൻ മൃഗങ്ങളോടൊത്ത് ഒരു തൊഴുത്തിൽ താമസിക്കുവാൻ സ്ഥലം ഉണ്ടെന്നു പറഞ്ഞു. അല്പം ചൂടും ഉണങ്ങിയതുമായ സ്ഥലം ആയിരുന്നതിനാൽ മറിയയും യോസേഫും അതിൽ നന്ദിയുള്ളവരായിരുന്നു. ആ രാത്രിയിൽ ആ തൊഴുത്തിൽ യേശു ഭൂജാതനായി. അവനെ ഒരു പുൽത്തൊട്ടിയിൽ കിടത്തി.

വളരെ ദൂരെയായി മാഗി എന്ന് പേരായ ചില രാജാക്കന്മാർ ഉണ്ടായിരുന്നു അവർ ആകാശത്തിൽ ഒരു പുതിയ നക്ഷത്രം കണ്ടു രാജാധി രാജാവ് ജനിച്ചതായി മനസിലാക്കി-യേശുവിനു സമ്മാനങ്ങൾ കൊടുക്കുന്നതിനു ആഗ്രഹിച്ച് അവനെ കണ്ടെത്തുന്നതിനു ആ നക്ഷത്രത്തെ അനുഗമിച്ച് മാഗി യാത്ര ആരംഭിച്ചു. ഒരു പുതിയ രാജാവിന്റെ മകനെത്തേടി മാഗി യാത്ര ആരംഭിച്ചതായി ഹെരോദാ രാജാവ് അറിഞ്ഞു. അവൻ വളരെ അസൂയ പൂണ്ട് യേശു മരിക്കുന്നതിനായി ആഗ്രഹിച്ചു. രഹസ്യമായി ഹെരോദാ രാജാവ് മാഗിയെ വിളിച്ച് തന്നെ കാണുവാൻ ആവശ്യപ്പെട്ടു. അവൻ പോയി ആരാധിക്കാൻ യേശു എവിടെയായിരുന്നു എന്നറിവാൻ ആഗ്രഹം ഉണ്ടെന്നു രാജാവ് മാഗിയോടു പറഞ്ഞു. മാഗി യേശുവിനെ കണ്ടെത്തിയതിനു ശേഷം യേശു എവിടെ ആണ് എന്ന് രാജാവിന് വിവരം നൽകേണ്ടിയിരുന്നു. ഒടുവിൽ മാഗി യേശുവിനെ കണ്ടപ്പോൾ പൊന്ന്, മൂര്, കുന്തിരിക്കം തുടങ്ങിയ സമ്മാനങ്ങൾ അവർ യേശുവിനു നൽകി. ഹെരോദാ രാജാവ് യേശുവിനെ ആരാധിപ്പാൻ അല്ല കൊല്ലുവാൻ ആണ് എന്ന് മനസിലാക്കിയ അവർ വേറെ വഴിയായി സ്വദേശത്തേക്ക് മടങ്ങി.

## പ്രായോഗികം (പാഠം-2)

യേശുവിനുവേണ്ടി എന്റെ ജീവിതത്തിൽ വാസസ്ഥലം ഞാൻ ഒരുക്കും

## മന:പാഠവാക്യം (പാഠം-2)

“ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും.” വെളിപ്പാട് 3:20

## അസൈന്മെൻറ് (പാഠം-2)

നിങ്ങളുടെ ജീവിതത്തിലേക്ക് കടന്നു വരാൻ യേശുവിനോട് ആവശ്യപ്പെട്ട് അവനെ നിൻറെ യജമാനൻ ആക്കുക. നിങ്ങൾക്ക് സ്വയമായി നല്ലവരായിത്തീരുവാൻ കഴിയുകയില്ലെന്നും രക്ഷയെന്ന ദാനം നിങ്ങൾക്ക് ആവശ്യമെന്നും അവനോട് ഏറ്റു പറയുക. നിങ്ങൾ ഒരു ക്രിസ്ത്യാനി ആണെങ്കിൽ എപ്പോൾ എവിടെവെച്ച് നിങ്ങൾ ഇങ്ങനെ പപ്രാർത്ഥിച്ച എന്ന് നിങ്ങളുടെ സ്നേഹിതനോട് പറയുക. യേശുവിനെ അവരുടെ ജീവിതത്തിൽ സ്വീകരിക്കുവാനും നിങ്ങളുടെ സഹായം താല്പര്യമുണ്ടോ എന്ന് കൂട്ടുകാരനോട് ആരായുക.

## ദൈവത്തിന്റെ ഡി.എൻ.എ. (പാഠം-2)




ദൈവം ലോകത്തിൽ കണ്ടെത്താൻ കഴിയുന്നവനാണ് എന്നാൽ നിങ്ങൾ പ്രതീക്ഷിക്കുന്നിടത്തായിരിക്കില്ല അവൻ എന്നു മാത്രം



# വിനോദത്തിന്റെ സമയം (പാഠം-2)

## ഗെയിം (പാഠം-2)

കേട്ട് കൈമാറുക

വിദ്യാർത്ഥികൾ ഒരു വൃത്തത്തിനുള്ളിൽ മുഖാമുഖം ആയി പിൻഭാഗം അടുത്തു വരത്തക്കവണ്ണം നിൽക്കുക. രണ്ടോ മൂന്നോ കുട്ടികൾക്ക് ഒരു കുട്ടിക്കടലാസ് നൽകുക. എത്രയും വേഗത്തിൽ ഈ കടലാസ് അടുത്ത ആൾക്ക് അദ്ധ്യാപകന്റെ നിർദ്ദേശം അനുസരിച്ച് കൈമാറുക. ഉദാഹരണത്തിന് വലത്തെ തോളിന്റെ മുകളിലൂടെ കൈമാറുക എന്ന് ഉറക്കെപ്പറയുമ്പോൾ വിദ്യാർത്ഥികൾ അവരുടെ കൈയ്യിലെ വസ്തു വലത്തെ തോളിന്റെ മുകളിലൂടെത്തന്നെ കൈ മാറണം അടുത്ത നിർദ്ദേശം നൽകുന്നതുവരെ അങ്ങനെ തുടർന്ന് കൊണ്ടിരിക്കുക. ഉദാഹരണത്തിന്, വേഗത്തിൽ പറയുക, പതുക്കെ പറയുക, പിൻപോട്ടു പറയുക തുടങ്ങിയ രീതിയിൽ പറയാം വീണ്ടും കാലിനടിയിലൂടെയും ഇടത്തെ കൈയ്യിനടിയിലൂടെയും, തലക്കു മുകളിലൂടെയും ഒക്കെ മാറ്റി മാറ്റി പേപ്പർ കൈ മാറാം.

## ചർച്ച (പാഠം-2)

(മുതിർന്ന വിദ്യാർത്ഥികൾക്ക് വേണ്ടി)

1. യേശു എന്റെ കൂട്ടുകാർക്ക് അനുയോജ്യനാണോ? അവൻ നിന്റെ ജീവിതത്തിൽ എന്തിനാണ് കൂടുതൽ സമയം ചിലവഴിക്കുവാൻ സാദ്ധ്യത?



വിദ്യാർത്ഥികൾക്ക് ഇതിനു വിവിധ തരത്തിലുള്ള ഉത്തരങ്ങൾ കാണും. ദൈവം ഉപയോഗിക്കുന്നതുപോലെ ദൈവവുമായുള്ള ബന്ധത്തിനും പ്രവർത്തനത്തിനും പരിശുദ്ധാത്മാവിനെ ആശ്രയിച്ചാൽ മാറ്റം വരുത്തുവാൻ ഒരു വിദ്യാർത്ഥിക്ക് കഴിയും. ദൈവം ഒരു മാറ്റത്തിന് ആരോടെങ്കിലും സംസാരിച്ചാൽ ആ തീരുമാനം ഉറപ്പിച്ച് ആ സംഘത്തെ പ്രാർത്ഥനയിലേക്ക് നയിച്ച് മാറ്റത്തിനായുള്ള ദൈവസഹായം അപേക്ഷിക്കുക. സങ്കീ. 1, 1 കൊരിന്ത്യർ 15:33-34, എഫെസ്യർ 4:17-32, 2 തിമോത്തി 2:22, യോഹന്നാൻ 1:6-13 , റോമർ 10:9-13.

2. എന്തുകൊണ്ട് എല്ലാവരും യേശുവിൽ വിശ്വസിക്കുന്നില്ല?


പാപത്തിൽ നിന്നുള്ള മാനസാന്തരം സ്വയ നിയന്ത്രണത്തിനുവേണ്ടിയുള്ള  ആഹാരക്രമവും വ്യായാമവും പോലെയാണ്. നമ്മുടെ സ്വന്ത മരണത്തെ പ്രകോപിപ്പിക്കാനുള്ള ഒരേയൊരു മാർഗം ആണിത്. സ്വർഗ്ഗത്തിനു വേണ്ട നല്ല നീതിയുടെ ക്രിസ്തീയ ദാനം സ്വീകരിക്കുവാൻ കഴിയുന്നതിനു തകർച്ചയും താഴ്മയും ആവശ്യമായതിനാൽ അനേകരും അതിനൊരുക്കമല്ല. യോഹ. 1:6-13, റോമർ 10:9-13.

3. സ്വർഗ്ഗത്തെക്കുറിച്ച് ഏറ്റവും മഹത്തരമായ കാര്യം എന്ത്?

സ്വർഗ്ഗം ദൈവവുമൊത്ത് നിത്യതക്ക് ചിലവഴിക്കുന്ന ഇടം ആണ്. നല്ലതായി തോന്നുന്നതും നിങ്ങൾക്ക്, നല്ല രുചിയുള്ളതും വാസ്തവത്തിൽ ആനന്ദം പകരുന്നതുമായ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട കാര്യങ്ങൾ എന്തൊക്കെയാണ്. എന്താണ് ഏറ്റവും മഹത്തരമായ കാര്യം എന്നതിനെക്കുറിച്ച് സംസാരിക്കുക. ഇപ്പോൾ നിങ്ങൾക്ക് ഇഷ്ടപ്പെട്ട കാര്യങ്ങളിൽ ഏതൊക്കെയാണ് ദൈവം നേരിട്ട് സൃഷ്ടിച്ചത്ഇന്റർനെറ്റ് കോപ്പി പോലെ സമൂഹമായി ബന്ധപ്പെട്ട് അവന്റെ സൃഷ്ടിയിൽ പകർത്തുവാൻ പറ്റിയതെന്തൊക്കെയാണ്. നാം അധികം സ്നേഹിക്കുന്ന ഏറ്റവും നല്ല കാര്യങ്ങൾ സൃഷ്ടിക്കാൻ ദൈവം 7 ദിവസം എടുത്തെങ്കിൽ അവനോടൊത്തുള്ള നിത്യത ലോകത്തിലെ ഏറ്റവും നല്ല ദിവസങ്ങളേക്കാൾ ഒട്ടും കുറയുകയില്ലെന്ന് നമുക്ക് ഊഹിക്കാൻ കഴിയുമോ. സ്വർഗ്ഗം എന്നത് പാപരഹിതമായ കണ്ണുനീരും ദു:ഖവും ഇല്ലാത്ത ദൈവവുമായി ഒരു അടുത്ത കുടുംബബന്ധം ഉള്ള ഒരു സ്ഥലമാണ്. യോഹ. 14:1-3, കൊലോ. 3:1-2, വെളിപ്പാട് 21:1, 22:6.

## വിദ്യാർത്ഥികളുടെ പേജുകൾക്കുള്ള ഉത്തരങ്ങൾ (പാഠം-2)







## ലൂക്കായുടെ പരീക്ഷണം(പാഠം-2)

സൂര്യ ഘടികാരം

ഒരു കാർഡ്ബോർഡിന്റെ കഷണം വൃത്തത്തിൻ വാച്ച രൂപത്തിലും മറ്റൊന്നു വെഡ്ജ് ആകൃതിയിലും ലോഹക്കഷണ രൂപത്തിലും മുറിക്കുക. ഒരു സൂര്യ ഘടികാരം ഉണ്ടാക്കുന്നതുപോലെ രണ്ടുംകൂടി ഒന്നിച്ച്  ഒട്ടിക്കുക. നിങ്ങളുടെ കൈത്തണ്ടയിൽ ഒരു ചരടുമായി ചേർത്തു ബന്ധിക്കുക. നല്ല തെളിച്ചമുള്ള ദിവസം അതുപയോഗിച്ച് സമയം കണ്ടുപിടിക്കുന്നതിൽ വിനോദം കണ്ടെത്തുകയോ അകത്ത് തമാശയ്ക്ക് കളിക്കുകയോ ചെയ്യുക

https://www.youtube.com/playlist?list=PLOBHMuQ9nHZT9tiMWNWGip3nii82SAjRh

# --[ കേസ് 3 ]--



## സൂചനകൾ! (പാഠം-3)

### സൂചന# 1 തലക്കെട്ട് (പാഠം-3)

ഉച്ച ശബ്ദമുള്ള ഡെസിബെലിന്റെ കേസ് (ശബ്ദ തീവ്രത അളക്കുന്ന ഏകകം)

### സൂചന #2 നാടകം (പാഠം-3)

പോലീസ്: ഇൻസ്പെക്ടർ വന്നതിനു നന്ദി. ഇത് ഒന്ന് നോക്കി നിങ്ങൾ എന്താണ് ചിന്തിക്കുന്നത് എന്ന് പറയുക.



ഇൻസ്പെക്ടർ : തീർച്ചയായും സാരമില്ല ഞാൻ എന്താണ് നോക്കുന്നത്

പോലീസ്: നിങ്ങൾ ആ മതിൽ കണ്ടോ

ഇൻസ്പെക്ടർ : അതൊരു വലിയ മതിൽ ആണ്. അതിൽ ഒരു പൂർണ്ണ വീട് പണിതിരിക്കുന്നു.

പോലീസ്: അതെ കൊള്ളാം, അവിടെന്തോ സംഭവിച്ചതെന്ന് ഞാൻ കണക്കാക്കട്ടെ.എങ്ങനെയാണത് സംഭവിച്ചത്.

ഇൻസ്പെക്ടർ : ഞാനും നോക്കാം. മറ്റു പല പട്ടണങ്ങളിൽ ഞാൻ കണ്ടിട്ടുള്ളതുപോലെ ഭിത്തിയുടെ രൂപകൽപന ഉറപ്പുള്ളതാണ്.

പോലീസ്: ഇതേ രൂപകല്പനയുള്ള ഏതെങ്കിലും മതിലിനു ഇങ്ങനെ സംഭവിച്ചതായി കണ്ടിട്ടുണ്ടോ.

ഇൻസ്പെക്ടർ : ഒരു ഭൂകമ്പത്തിൽ മാത്രമേ ഇങ്ങനെ സംഭവിക്കുന്നതായി കണ്ടിട്ടുള്ളൂ. ഇത് വലിയ ഒരു ഭൂകമ്പം മൂലം ഉണ്ടായതാവാം.

പോലീസ്: ഈ മതിൽ(ഭിത്തി) തകർന്നപ്പോൾ ഭൂകമ്പം ഒന്നും ഉണ്ടായിട്ടില്ലായിരുന്നു.

ഇൻസ്പെക്ടർ : ഒരു ഭൂകമ്പം ഉണ്ടായാൽ പോലും പൊട്ടലോ വിണ്ടു കീറലോ ഒക്കെ സംഭവിക്കുന്നത് കണ്ടിട്ടുണ്ട് എന്നാൽ ഇതുപോലെ ഒന്ന് ഇതുവരെ കണ്ടിട്ടില്ല.

പോലീസ്: അതാ ഞാനും ചിന്തിക്കുന്നത്.

ഇൻസ്പെക്ടർ  : വടക്കോട്ടുള്ള എല്ലാ ഭിത്തികളും തകർന്നോ. അതോ വടക്കേ ഭിത്തി മാത്രമേ തകർന്നുള്ളോ.

പോലീസ്: നിങ്ങൾ തന്നെ ചുറ്റി നോക്കി കാണുക.

ഇൻസ്പെക്ടർ : ഓ. അത് അപ്രതീക്ഷിതം ആണ്. പടിഞ്ഞാറെ ഭിത്തി പടിഞ്ഞാറോട്ട് വീണു. എല്ലാ മതിലുകളും നേരെ ആണോ വീണത് ഏതെങ്കിലും വിധത്തിൽ ഇങ്ങനെ സംഭവിക്കുന്നതിന് സാദ്ധ്യതകൾ എന്തെങ്കിലും ഉണ്ടോ.

പോലീസ്: നേരത്തെ പുറത്തോട്ടോ അത് ശരി.

ഇൻസ്പെക്ടർ :ഇങ്ങനെ സംഭവിച്ചതെന്തുകൊണ്ട് എന്ന് എന്തെങ്കിലും വിശദീകരണം തരാൻ കഴിയുമോ.

പോലീസ്: ചില കിംവദന്തികൾ ഉണ്ട് എന്നാൽ ദൃക്സാക്ഷികൾ ആരും ഇല്ല.

ഇൻസ്പെക്ടർ : ഇതൊരു വലിയ പട്ടണം ആണ്. കാഴ്ചയിൽ സമ്പന്നവും ആണ്.  ഒരു ദൃസാക്ഷികളും ഇല്ലെന്നെങ്ങനെ പറയാൻ കഴിയും.

പോലീസ് : അവരെല്ലാം പോയി (മരിച്ചു). പുറത്തു കാണത്തക്കവിധത്തിൽ സ്വർണ്ണമോ. വെള്ളിയോ. താമ്രമോ ഇല്ല. മാത്രമല്ല ആരും ജീവനോടെ ശേഷിച്ചിട്ടും ഇല്ല.

ഇൻസ്പെക്ടർ  : ഞാൻ ഇതുവരെ ഇതുപോലൊന്ന് കണ്ടിട്ടില്ല.


പോലീസ്: നിങ്ങൾ ഇതിനായി സമയം ചിലവഴിച്ചതിൽ നന്ദി. നിങ്ങളുടെ ജോലി നടക്കട്ടെ. എനിക്ക് ഹെഡ് ക്വാർട്ടേഴ്സിലേക്ക്(ആസ്ഥാനം) പോകേണ്ടിയിരിക്കുന്നു.

ഇൻസ്പെക്ടർ : ഞാൻ കണ്ട കാര്യങ്ങളുടെ ഒരു കോപ്പി നിങ്ങൾക്ക് അയക്കാം.

പോലീസ്: നന്ദി, ഞാൻ വേഗത്തിൽതിരികെ വരാം. ഞാൻ ഹായിയിലേക്ക് അയക്കപ്പെട്ടിരിക്കുകയാണ്. നമ്മെ പ്രത്യക്ഷമായി ആക്രമിക്കുന്ന ഒരു ചെറിയ സൈന്യം ഉണ്ട്. അവരെ നമ്മൾ ഒരിക്കൽ തകർത്തതാണെങ്കിലും അവർ വീണ്ടും ആക്രമണത്തിനു ശ്രമിക്കുന്നതുപോലെ തോന്നുന്നു.

ഇൻസ്പെക്ടർ : ഒക്കെ നല്ലത് വരട്ടെ. കിളിവാതിലിലൂടെ തൂക്കിയിട്ടിരിക്കുന്നതായി ഞാൻ കണ്ട ചുവപ്പ് ചരടിനെക്കുറിച്ച് ഒന്ന് അന്വേഷിക്കാൻ പോകുന്നു.

പോലീസ്: ശരി പിന്നീട് സംസാരിക്കാം.




## സൂചന # 3  വസ്തു (പാഠം-3)

ക്ലാസ്സിൽ കൊണ്ടുവരിക: ഇഷ്ടിക, കൊമ്പ് അല്ലെങ്കിൽ കാഹളം

## സൂചന #4 പുരാവസ്തു ശാസ്ത്രം (പാഠം-3)

പുരാവസ്തു സൊസൈറ്റിയായ ''ഡ്യൂക്ക് ഓറിയന്റ് ഗെസൽകാഫ്റ്റ്'' എന്ന സംഘടനയും ഏണസ്റ്റ് സെലിനും യരിഹോ മതിലിന്റെ അവശിഷ്ടങ്ങൾ ഉള്ള സ്ഥലം കുഴിച്ച് മതിലുകൾ വെളിയിലേക്ക് വീണു എന്നതിന്റെ തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്.

## സൂചന# 5 ബൈബിൾ രംഗം (പാഠം-3)



രഹസ്യം: ഒരു വലിയ ശബ്ദം ഉണ്ടാക്കുവാൻ സൈന്യം ഉപയോഗിച്ച ഒന്നായി തോന്നുന്ന ആടിന്റെ രണ്ടു കൊമ്പുകൾ




# വ്യവഹാരം പരിഹരിച്ചു!(പാഠം-3)

## ബൈബിൾ കഥ(പാഠം-3)

യോശുവ യെരിഹോവിൽ

ബൈബിളിൽ നിന്ന് യോശുവ 5:13-6:27



യോശുവയും സൈന്യവും യരിഹോവിലൂടെ കടന്നുപോയപ്പോൾ ദൈവത്തിന്റെ ഒരു ദൂതൻ വന്ന് യരിഹോപട്ടണം നിങ്ങൾ കൈവശമാക്കുവാൻ പോകുന്നു എന്ന് യോശുവയോടു പറഞ്ഞു. യോശുവ ദൈവ കല്പന അനുസരിച്ചാൽ യരിഹോ വീഴുകയും യോശുവയ്ക്ക് ആ പട്ടണം ദൈവത്തിനു സമർപ്പിക്കാനും കഴിയും സാധാരണ സൈനീക ആക്രമണങ്ങളിൽ നിന്ന് വ്യത്യസ്തമായ ഇതുവരെ ചെയ്തിട്ടില്ലാത്ത വിധത്തിൽ ആയിരുന്നു ദൈവകല്പന എന്നിരുന്നെങ്കിലും യോശുവ അത് കൃത്യമായി അനുസരിച്ചു.ഒന്നാം ദിവസം പെട്ടകത്തിന്റെ മുമ്പിൽ 7 പുരോഹിതന്മാർ ആട്ടിൻ കൊമ്പുകൊണ്ടുള്ള കാഹളം പിടിച്ച് ഒരു പ്രാവശ്യം യരിഹോ മതിലിനു വലംവച്ചു. അല്പം പോലും ശബ്ദം കേൾപ്പിക്കാതെ രണ്ടാം ദിവസവും അതുപോലെ ചെയ്തു 7 ദിവസം അവർ അങ്ങനെ തുടർന്നു. ഏഴാം ദിവസം ആ പട്ടണത്തെ 7 പ്രാവശ്യം വലം വച്ചു. ആട്ടിൻ കൊമ്പുകൊണ്ടുള്ള കാഹളം പുരോഹിതന്മാർ ഊതിയപ്പോൾ സൈന്യം യുദ്ധ വിജയത്തിന്റെ ആർപ്പിടുകയും യരിഹോ മതിൽ താഴേക്ക് പതിക്കുകയും ചെയ്തു. സൈന്യം പട്ടണത്തിന്റെ അകത്തു കടന്നു. ദൈവത്തിന്റെ ഭണ്ഡാരത്തിലേക്ക് സ്വർണ്ണവും വെള്ളിയും വെങ്കലവും കൊള്ളയിട്ടു വേർതിരിച്ചു. രാഹാബും കുടുംബവും ഒഴിച്ച ആ പട്ടണത്തിലുള്ള എല്ലാം അന്നു നശിക്കപ്പെട്ടു. ആ പട്ടണം പിടിക്കുവാൻ യോശുവയെയും സൈന്യത്തെയും സഹായിച്ച രാഹാബും കുടുംബവും അതിൽ നിന്ന് ഒഴിവാക്കപ്പെട്ടു.

### പ്രായോഗികം (പാഠം-3 )

ദൈവത്തിന്റെ നിർദ്ദേശങ്ങൾ പ്രയോഗികം ആകുന്നതിനാൽ ദൈവത്തെ ഞാൻ അനുസരിക്കും.

### മന:പാഠ വാക്യം (പാഠം-3)

അതിന്നു അവൻ:“അല്ല, ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ ” എന്നു പറഞ്ഞു. ലൂക്കോസ് 11:28

### അസൈന്മെൻറ് (പാഠം-3)

യുദ്ധങ്ങളിൽ വിജയിക്കുവാനുള്ള നിർദ്ദേശങ്ങൾ ദൈവം നമുക്ക് നൽകുന്നു. അവൻ പറയുന്ന മാതാപിതാക്കളെ അനുസരിക്കുക ഈ ആഴ്ചയിൽ നിങ്ങളുടെ മാതാപിതാക്കൾ പറയുന്നവ ശ്രദ്ധിച്ച് കേട്ട് വേഗത്തിൽ ഒട്ടും താമസം വരുത്താതെ അനുസരിക്കുക. യോശുവയെപ്പോലെ അത് ചെയ്യുവാൻ പ്രയാസം ഉള്ളതാവാം എന്നാൽ അത് വിലയുള്ളവയത്രേ.

### ദൈവത്തിന്റെ ഡി.എൻ.എ. (പാഠം-3)




ദൈവത്തെ അനുസരിക്കുമ്പോൾ അവർക്കുവേണ്ടി അവൻ ശക്തമായി യുദ്ധം ചെയ്യുന്നു.



## വിനോദത്തിന്റെ സമയം (പാഠം-3)

### ഗെയിം (പാഠം-3)

ചൂട് ഉരുളക്കിഴങ്ങ്

കുട്ടികൾ ഒരു വൃത്ത രൂപത്തിൽ ഇരിക്കുകയോ നിൽക്കുകയോ ചെയ്യുക. ആ വൃത്തത്തിനുള്ളിൽ സംഗീതം കേൾപ്പിക്കുമ്പോൾ ഭാരം കുറഞ്ഞ ഏതെങ്കിലും വസ്തു എറികയോ കൈ മാറുകയോ ചെയ്യുക. സംഗീതം നിലക്കുമ്പോൾ ആ വസ്തു ആരുടെ കൈവശം ആണോ അവർ പുറത്തു പോകണം.

### ചർച്ച (പാഠം-3)

(മുതിർന്ന വിദ്യാർത്ഥികൾക്ക് വേണ്ടി)

1.ഞാൻ താറുമാറാക്കിയാൽ എന്തുണ്ടാകും? അടുത്തിടക്ക് കേട്ടതോ കണ്ടതോ ആയ ചില പാപങ്ങളും തെറ്റുകളും എന്തൊക്കെയാണ്? ആ വലിയ തെറ്റുകൾ നിങ്ങളുടെ സ്വജീവിതത്തിൽ വന്നാൽ എന്ത് സംഭവിക്കും? യേശു മരിച്ചപ്പോൾ പാപത്തിനെതിരെയുള്ള ദൈവത്തിന്റെ ന്യായവിധിയുടെ ആവശ്യകത പൂർത്തീകരിച്ചു. 1 യോഹന്നാൻ 1:7-9 വരെയുള്ള ഭാഗത്തു നമുക്ക് മുന്നറിയിപ്പ് നൽകുന്നത് നമ്മുടെ അകൃത്യങ്ങളെ മൂടിവക്കാതെ ഏറ്റു പറഞ്ഞു അനുതപിച്ചാൽ നമ്മോട് ക്ഷമിക്കും എന്നാണ്.



2. ഞാൻ എപ്പോഴാണ് ഒരു യജമാനൻ (മേലധികാരി) ആകുന്നത് ? എങ്ങനെയാണ് ദൈവം നേതാക്കന്മാർക്ക് രൂപം കൊടുക്കുന്നത്?


മാതാപിതാക്കളിൽ നിന്നും, അദ്ധ്യാപകർ, പരിശീലകർ, പാസ്റ്റർമാർ എന്നിവരിൽ നിന്നുമുള്ള മേലധികാരികൾ(ബോസ്) എത്രയുണ്ടെന്ന് കുട്ടികൾ പറയട്ടെ. ഒരു മേലധികാരി ആകുവാൻ ഒരു പ്രത്യേക സ്ഥലം കണ്ടുപിടിച്ച് ദൈവത്തെ വിശ്വസ്തമായി മുടക്കമില്ലാതെ സേവിക്കുക.

3. എപ്പോഴാണ് അസത്യം പറയേണ്ടതെന്ന് എങ്ങനെ നമുക്ക് അറിവാൻ കഴിയും? ചെറിയ കള്ളം പറയുന്നത് വലിയ കള്ളം പറയുന്നതിനേക്കാൾ താരതമ്യേന പ്രാധാന്യം കുറവാണോ?

വിശ്വാസം പ്രായോഗികം ആക്കുന്നവർക്ക് ദൈവം പ്രതിഫലം നൽകുന്നു. രാഹാബിന്റെ കാര്യത്തിൽ അവൾ പറഞ്ഞ കള്ളം അവളുടെ നാട്ടുകാരോടുള്ള ബന്ധത്തിൽ പ്രമാദമായ, വലിയ കള്ളം ആയിരുന്നു എന്നാൽ അത് ദൈവത്തിലുള്ള വിശ്വാസത്തിന്റെ പ്രഥമ പടി ആയിത്തീരുകയും അതുമൂലം അവരുടെ സ്വന്ത മതത്തിൽ നിന്നും ആളുകളിൽ നിന്നും ഒരു തിരിഞ്ഞോട്ടം ആയി കണക്കാക്കപ്പെടുകയും ചെയ്തു. ഏറ്റവും സ്നേഹിക്കേണ്ടത് ആദ്യം ദൈവത്തേയും പിന്നീട് ചുറ്റുമുള്ളവരേയും ആണെന്ന് മനസിലാക്കി പ്രവർത്തിക്കുക.

## വിദ്യാർത്ഥികളുടെ പേജിന്റെ ഉത്തരങ്ങൾ (പാഠം-3)







## ലൂക്കായുടെ പരീക്ഷണം (പാഠം-3)

പൊങ്ങിക്കിടക്കുന്ന എം ഉം എം ഉം (M &M’s)

പരന്ന ഒരു പാത്രത്തിൽ അല്പം എം & എംസ് ഇട്ട് കാത്തിരിക്കുക. അതിൽ ഇട്ടിരിക്കുന്ന എം കൾ ഉപരിതലത്തിൽ പൊങ്ങിക്കിടക്കും. അത് കാൻഡിയുടെ പുറത്ത് വെള്ളം നനയാത്ത മഷികൊണ്ട് അച്ചടിക്കപ്പെട്ടതാണ് കാൻഡിയുടെ പുറത്തെ ആവരണം വെള്ളം നനയാത്തതല്ല.

https://www.youtube.com/playlist?list=PLOBHMuQ9nHZT9tiMWNWGip3nii82SAjRh

# --[ കേസ് 4 ]--

## സൂചനകൾ !(പാഠം-4)

### സൂചന# 1 തലക്കെട്ട് (പാഠം-4)

അതിരുകടന്ന ദുർവ്യയക്കാരന്റെ കേസ്

### സൂചന # 2 നാടകം (പാഠം-4)

സ്വകാര്യ അന്വേഷകൻ: അല്ലയോ മിസ്റ്റർ പിഗ് ഫാർമർ എന്റെ കാർഡിൽ പറയുന്നതുപോലെ നീ വിളിച്ചതുകൊണ്ട് ഞാൻ വന്നു, എന്റെ സേവനം നിനക്ക് എങ്ങനെ വേണം.

പിഗ്ഫാർമർ (പന്നികർഷകൻ): എന്റെ ഒരു ജോലിക്കാരൻ കാണാതായിരിക്കുന്നു. അവന്റെ തിരോധാനം അല്പം വിചിത്രമായിത്തോന്നുന്നു.

സ്വകാര്യ അന്വേഷകൻ: അവനെ അവസാനമായി കണ്ടപ്പോൾ എങ്ങനെ ആയിരുന്നു.

പിഗ്ഫാർമർ (പന്നികർഷകൻ): തകർന്നവനും അല്പം വിശപ്പുള്ളവനും ആയിരുന്നു.

സ്വകാര്യ അന്വേഷകൻ: അവൻ നിനക്കുവേണ്ടി എന്താണ് ചെയ്തുകൊണ്ടിരുന്നത്.

പിഗ്ഫാർമർ (പന്നികർഷകൻ): അവൻ എന്റെ പന്നിയെ നോക്കുന്നവൻ ആയിരുന്നു.

സ്വകാര്യ അന്വേഷകൻ: നിങ്ങളുടെ പന്നിയെ നോക്കുന്നവനോ?

പിഗ്ഫാർമർ (പന്നികർഷകൻ): അവനെ തിരികെ കിട്ടിയിരുന്നെങ്കിൽ നന്നായിരുന്നു കാരണം അവൻ നല്ലൊരു ജോലിക്കാരനായിരുന്നു. നേരത്തെ എനിക്കുണ്ടായിരുന്ന ജോലിക്കാരെപ്പോലെ പന്നിക്കുള്ള ആഹാരം മോഷ്ടിക്കപോലും ചെയ്യുയില്ലായിരുന്നു.

സ്വകാര്യ അന്വേഷകൻ: നിങ്ങൾ ഒരു പിശുക്കൻ ആണ് ശരി നോക്ക് എനിക്ക് വേറൊരു കാര്യം കണ്ടുപിടിക്കേണ്ടതുണ്ട്. ഞാൻ അത് ചെയ്തുകൊണ്ടിരിക്കയാണ്. നിങ്ങളുടെ ജോലിക്കാരനെ കണ്ടുപിടിക്കാൻ എനിക്ക് അധികം സമയം ലഭിക്കയില്ല.

പിഗ്ഫാർമർ (പന്നികർഷകൻ): മറ്റെന്താണ് നിങ്ങൾ അന്വേഷിക്കുന്നത്

സ്വകാര്യ അന്വേഷകൻ: അടുത്തയിടക്ക് അല്പം പണവുമായി വീട്ടിൽ നിന്ന് അപ്രത്യക്ഷനായി നഗരത്തിലേക്ക് വന്ന ഒരു ആൺകുട്ടിയെ

പിഗ്ഫാർമർ (പന്നികർഷകൻ): അവൻ ധനാഢ്യൻ ആയിരുന്നോ.

സ്വകാര്യ അന്വേഷകൻ: അവൻ അവിടെയെത്തിയപ്പോൾ ഇപ്പോൾ അങ്ങനെയാണോ എന്നറിയില്ല. തീർച്ചയായും ചില വലിയ വിരുന്നുകളിൽ  അവൻ പങ്കെടുത്തുകാണും.

പിഗ്ഫാർമർ (പന്നികർഷകൻ): ഞാനും അവനെ അന്വേഷിച്ചോളാം. കണ്ടാൽ ഞാൻ അറിയിക്കാം.

സ്വകാര്യ അന്വേഷകൻ: പന്നി ഫാമിന്റെ പുറത്ത് സമ്പന്നനായ ഒരു അവകാശിക്കുവേണ്ടി ഒരു കണ്ണ് ഉണ്ടായിരിക്കും. അത് കൊള്ളാം. നിങ്ങളുടെ ഫാമിൽ നിന്ന് എന്തിനാണ് എപ്പോഴെങ്കിലും പുറത്തുവരുന്നത്.

പിഗ്ഫാർമർ (പന്നികർഷകൻ): ശരി എനിക്കറിയില്ല. നിങ്ങൾ എന്റെ പന്നി തീറ്റുന്നവനെ കണ്ടുപിടിക്കാൻ പോകുവാണോ

സ്വകാര്യ അന്വേഷകൻ: നിങ്ങളോട് പറയട്ടെ. അവനെക്കുറിച്ച് ഞാൻ അന്വേഷിച്ച് എന്തെങ്കിലും വിവരം കിട്ടിയാൽ ഞാൻ നിങ്ങളെ അറിയിക്കാം. ഈ സാഹചര്യത്തിൽ അവൻ മറ്റൊരു ജോലി കണ്ടുപിടിച്ചിരിക്കാനാണ് സാദ്ധ്യത.

## 3 സൂചന# 3 വസ്തു (പാഠം-3)

ക്ലാസ്സിൽ കൊണ്ടുവരിക. നിറഞ്ഞ പണസഞ്ചി അല്ലെങ്കിൽ നാണയ തുട്ടുകൾ

## 4 സൂചന #4 പുരാവസ്തു ശാസ്ത്രം (പാഠം-4)

പന്നികളെ മേയ്ക്കുന്നത് ഏറ്റവും താണ ജോലിയാണ്. അതിനു കുട്ടികളെയാണ് സാധാരണ നിയോഗിക്കാറ്. ഈ കുട്ടി എല്ലാ ഭക്ഷണാവശിഷ്ടങ്ങളും ചെളിക്കുഴിയിൽ നിറയ്ക്കുന്നു.




## 5 സൂചന 5 ബൈബിൾ രംഗം  (പാഠം-4)

രഹസ്യം: പന്നിയുടെ വേലിക്കെട്ടിനകത്തെ കൂട്ടിൽ പന്നികൾക്കുള്ള ഒരു പ്രത്യേക പാത്രത്തിൽ ഭക്ഷണം വച്ചിരിക്കുന്നു.



വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

# വ്യവഹാരം പരിഹരിച്ചു! (പാഠം-4)

## ബൈബിൾ കഥ (പാഠം-4)

ധൂർത്ത പുത്രൻ

ബൈബിളിൽ നിന്ന്: ലൂക്കോസ് 15:11-32



2 മക്കൾ ഉണ്ടായിരുന്ന ഒരു മനുഷ്യന്റെ കഥ യേശു പറഞ്ഞു. ഒരു ദിവസം ഇളയമകൻ പിതാവിന്റെ അടുക്കൽ ചെന്ന് അവനു ലഭിക്കേണ്ട അവകാശം അവനോടു ചോദിച്ചു. അവന്റെ പിതാവ് അത് അവനു നൽകി. അവൻ അതുകൊണ്ട് മറ്റൊരു പട്ടണത്തിൽ ചെന്ന് ദുർന്നടപ്പുകാരനായി ഇഷ്ടം പോലെ ജീവിച്ചു. തന്റെ പണം ചിലവഴിച്ചു തീർന്നപ്പോൾ അവനു കഴിക്കാൻ ഒന്നും ഇല്ലാതായി. ഒരു ജോലി ആവശ്യമായി വന്നു. ഒടുവിൽ പന്നിയെ നോക്കുന്ന ജോലിയിൽ നിയോഗിക്കപ്പെട്ടു. അവനു ആ ജോലി ഇഷ്ടമായിരുന്നില്ല. പന്നികൾ അശുദ്ധിയുള്ള മൃഗങ്ങൾ ആയിരുന്നു. ഒരു യഹൂദൻ എന്ന നിലയിൽ അവൻ അതിനടുത്തു പോലും പോകാൻ അനുവാദമില്ലായിരുന്നു. അവനു നന്നായി വിശന്നു എന്നാലും ആരും അവനു ഭക്ഷണം നല്കിയില്ല. പന്നി തിന്നുന്ന ഭക്ഷണം കഴിക്കാൻ അവൻ ഒരുക്കമായിരുന്നു. അവന്റെ അപ്പന്റെ അടുക്കലേക്ക് മടങ്ങിയില്ലെങ്കിൽ പട്ടിണി കിടന്നു മരിച്ചു പോകുമെന്ന് അവൻ മനസ്സിലാക്കി. അതിനാൽ അവൻ വീട്ടിലേക്ക് തിരിച്ചു. അവന്റെ പിതാവ് അവനെ ദൂരത്തുനിന്നു കണ്ടപ്പോൾ വേലക്കാരോട് തടിപ്പിച്ച കാളക്കുട്ടിയെ അറുക്കാനും തന്റെ മകന്റെ തിരിച്ചു വരവ് ആഘോഷിക്കുവാൻ വലിയ വിരുന്നൊരുക്കുവാനും കല്പിച്ചു. ആ മകൻ അപ്പന്റെ അടുത്തെത്തിയപ്പോൾ പിതാവ് അവനെ ആലിംഗനം ചെയ്തു. അവൻ അപ്പനോട് ക്ഷമക്കായി കരഞ്ഞ് അപേക്ഷിച്ചു. അവൻ ചെയ്തത് തെറ്റാണെന്ന് അവനു മനസിലായി. അപ്പൻ അവനു മേത്തരമായ അങ്കിയും ഏറ്റവും നല്ല ആഭരണങ്ങളും നൽകുവാൻ നിർദ്ദേശിച്ചു. ഇപ്പോൾ ധൂർത്തപുത്രൻ ഭവനത്തിലെത്തി അവർക്ക് സന്തോഷിക്കേണ്ടതാവശ്യമായിരുന്നു കാരണം ഇവൻ മരിച്ചു പോയെന്നു കരുതിയിരുന്നു ഇപ്പോൾ ജീവനോടെ തിരികെ ഭവനത്തിൽ എത്തി. അവൻ നഷ്ടപ്പെട്ടവനായിരുന്നു എന്നാൽ ഇപ്പോൾ അവനെ കണ്ടെത്തി.

## പ്രായോഗികം (പാഠം-4)

ദൈവത്തിങ്കലേക്ക് തിരികെയെത്താൻ എനിക്ക് ഇപ്പോഴും സ്വാതന്ത്ര്യ ഉണ്ട്.

## മന:പാഠ വാക്യം(പാഠം-4)

''ഇവൻ പാപികളെ കൈക്കൊണ്ടു അവരോടുകൂടി ഭക്ഷിക്കുന്നു'' ലൂക്കോസ് 15:2b

## അസൈന്മെൻറ് (പാഠം-4)

ചിലപ്പോൾ വളരെക്കാലങ്ങൾക്ക് മുമ്പ് ഒരിക്കൽ മാത്രം സഭ സന്ദർശിച്ച വിദ്യാർത്ഥികൾ ഉണ്ട്. അങ്ങനെ ആരെയെങ്കിലും അറിയില്ലായെങ്കിൽ നിങ്ങളുടെ ബൈബിൾ അദ്ധ്യാപകനോട് ചോദിക്കുക. അവരെ സഭയിലേക്ക് കൊണ്ടുവരുവാൻ ക്ഷണിക്കുകയും അവർക്ക് ഊഷ്മള സ്വീകരണം സഭയിൽ ലഭിക്കുന്നു എന്നും ഉറപ്പ് വരുത്തുക.

## ദൈവത്തിന്റെ ഡി.എൻ.എ (പാഠം-4)




ഒരു നഷ്ടപ്പെട്ട കുട്ടി തിരികെ വരുമ്പോൾ ദൈവം സന്തോഷത്തോടെ ഒരു വിരുന്നൊരുക്കുന്നു.



# വിനോദത്തിന്റെ സമയം! (പാഠം-4)

## ഗയിം (പാഠം-4)

പാസ്സ്‌വേർഡ്

പാസ്സ്‌വേർഡ് ഊഹിക്കുന്നതിനുവേണ്ടി ക്ലാസ് റൂമിന്റെ മുമ്പിൽ വരത്തക്കവിധം 2 വോളണ്ടിയർമാരെ മത്സരത്തിനായി തിരഞ്ഞെടുക്കുക. അവർ തിരിഞ്ഞു നിൽക്കുമ്പോൾ കാർഡിലുള്ള പാസ്സ്‌വേർഡ് ക്ലാസ്സിലെ മറ്റു കുട്ടികളെ പതുക്കെ കാണിക്കുന്നു. മത്സരാർത്ഥികൾ പിന്നീട് വിദ്യാർത്ഥികൾക്ക് അഭിമുഖമായി നിന്ന് ആ പാസ്സ്‌വേർഡിനെക്കുറിച്ച് സൂചന നൽകാമെന്നു പറഞ്ഞു കൈ ഉയർത്തിയ കുട്ടിയെ മാറ്റി നിർത്തുക.(വാക്ക് പറയുന്നതിന് അനുവാദമില്ല) ഒറ്റവാക്കിലുള്ള സൂചന നൽകാൻ അനുവദിക്കാം. പാസ്സ്‌വേർഡ് ആശയങ്ങൾ പിതാവ്, പണം, പാരമ്പര്യം, വിരുന്ന്, സഹോദരൻ, പശുക്കുട്ടി മുതലായവ.

## ചർച്ച (പാഠം-4)

(മുതിർന്ന വിദ്യാർത്ഥികൾക്ക് വേണ്ടി)



1. എങ്ങനെ ഒരു യഥാർത്ഥ കൂട്ടുകാരനെ തിരിച്ചറിയാം? നിങ്ങൾ ഒരാളെ കൂട്ടുകാരനായി ചിന്തിച്ചിട്ട് വെറുതെ നിങ്ങളിൽ നിന്ന് എന്തെങ്കിലും ലഭിക്കാൻ സമയം കളയുന്നതാണെന്ന് പിന്നീട് നിങ്ങൾക്ക് മനസിലായിട്ടുണ്ടോ?

ഇളയ സഹോദരന്റെ പണം തീർന്നപ്പോൾ അവനു ഫാമിൽ പണിയെടുക്കേണ്ടിവരികയും അവന്റെ കൂട്ടുകാരെ എങ്ങും കണ്ടെത്താൻ കഴിയാതെയും ഇരുന്നു. സദൃശ്യ.18:24.

2. എന്റെ മാതാപിതാക്കൾ നീതിരഹിതമായി ഇടപെടുമ്പോൾഎന്തു തോന്നും?

ഞാൻ എന്റെ മാതാപിതാക്കളെ ബഹുമാനിക്കുമ്പോൾ എനിക്ക് ദീർഘായുസ് നൽകാമെന്നാണ് ദൈവീക വാഗ്ദത്തം. 10 കല്പനകളിലും ദൈവം നമ്മുടെ മാതാപിതാക്കളെ ബഹുമാനിക്കണം എന്ന് പറഞ്ഞിരിക്കുന്നു(പുറ.20). യോഹ. 12:49ൽ അനുസരണത്തിലൂടെ യേശു ഇത് വ്യക്തമാക്കി.

3. എന്തെങ്കിലും തെറ്റു ചെയ്യുവാൻ എന്റെ മാതാപിതാക്കൾ എന്നോട് പറഞ്ഞാൽ ഞാൻ എന്തുചെയ്യണം?

ഈ ചോദ്യങ്ങളുടെ ഉത്തരങ്ങളിൽ നിന്ന് ഒരു എതിർപ്പ് ഉയരുന്നത് ശ്രദ്ധിക്കുക. ഒരു മാതാവോ, പിതാവോ ചെയ്യുവാൻ പറയുന്നതിൽ മറുതലിക്കുന്നത് എല്ലാ പാപത്തെക്കാളും അധമമാണ്. ബൈബിൾ പരിശോധിച്ചാൽ അത് വ്യക്തമായും തെറ്റാണെന്ന് മനസിലാകും. നമ്മൾ മറുതലിക്കുന്നവർ ആകുന്നില്ല എന്ന് നമ്മുടെ ഹൃദയത്തെ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ അവർ യഥാർത്ഥത്തിൽ തെറ്റാണ് പറയുന്നതെങ്കിൽ അവരുടെ ഗുണത്തിനുവേണ്ടി ശരിയായ കാര്യം ചെയ്യുവാൻ അവരോട് അപേക്ഷിക്കാം. എന്നാൽ തെറ്റ് ചെയ്യുവാൻ അവർ

നമ്മെ പ്രേരിപ്പിച്ചാൽ ദൈവത്തെയാണ് നാം ആദ്യം അനുസരിക്കേണ്ടത് . ഇതാണ് അപ്പോസ്തലന്മാർ അപ്പൊ.പ്രവൃ. 5:25-29 വാക്യങ്ങളിൽ ചെയ്തതായി കാണുന്നത്.

## വിദ്യാർത്ഥികളുടെ പേജുകളുടെ ഉത്തരങ്ങൾ (പാഠം-4)









## ലൂക്കായുടെ പരീക്ഷണം (പാഠം-4)

ജല്ലിഫിഷ്

2 ലിറ്റർ ഉൾക്കൊള്ളാവുന്ന പാത്രത്തിൽ 1.5 ലിറ്റർ വെള്ളം ഒഴിക്കുക. സാധനങ്ങളിൽ ഉപയോഗിക്കുന്ന നിറം ഉപയോഗിച്ച് വെള്ളത്തിനു നീല നിറം നൽകുക. വൃത്തിയുള്ള പ്ലാസ്റ്റിക് ബാഗ് മുറിച്ച് 6 ഇഞ്ച് സമചതുരമായി മുറിച്ച് ഒരു ജല്ലി ഫിഷ് കളിപ്പാട്ടം ഉണ്ടാക്കുക. നേരത്തെ ഉണ്ടാക്കിയ ജെല്ലിഫിഷിന്റെ തല റബ്ബർ ബാൻഡ് ഉപയോഗിച്ചോ ചരടുപയോഗിച്ചോ കെട്ടിവെക്കുക. പ്ലാസ്റ്റിക് സമചതുരത്തിന്റെ (കളിപ്പാട്ടം) ബാക്കി ഭാഗം ചെറിയ നാരുകൾ പോലെ മുറിച്ച് ജല്ലിഫിഷിൽ നിന്ന് തൂങ്ങിക്കിടക്കുന്നതുപോലെ യോജിപ്പിക്കുക. ജല്ലിഫിഷിനെ ഒരു ബോട്ടിലിലേക്ക് തള്ളി അടച്ച് ഉറപ്പാക്കുക. ജല്ലിഫിഷ് നീന്തുന്നതുപോലെ തോന്നത്തക്കവിധത്തിൽ ആ കുപ്പി ചലിപ്പിക്കുക.

https://www.youtube.com/playlist?list=PLOBHMuQ9nHZT9tiMWNWGip3nii82SAjRh

# --[ കേസ് 5 ]--

## സൂചനകൾ ! (പാഠം-5)

### 1 സൂചന # 1 തലക്കെട്ട് (പാഠം-5)

വയലിലെ ഒരു വിദേശിയുടെ കേസ്

### 2 സൂചന # 2 നാടകം (പാഠം-5)

കേസ് ജോലിക്കാരൻ: ഹലോ ഞാൻ നിങ്ങളുടെ അയൽവാസിയെ അന്വേഷിക്കയായിരുന്നു. അവൾ ഇവിടെ എവിടെയെങ്കിലും ഉണ്ടോ.

അയൽക്കാരൻ: കഴിഞ്ഞ ഒരാഴ്ചയായി ഞാൻ അവളെ കണ്ടിട്ടില്ല.

കേസ് ജോലിക്കാരൻ: ഓ ക്കെ നന്ദി. നിങ്ങൾ അവളെ കണ്ടാൽ എന്തെങ്കിലും ആനുകൂല്യം സ്വീകരിക്കുന്നതിൽ താല്പര്യം ഉണ്ടെങ്കിൽ അവൾ എന്നെ ബന്ധപ്പെടാൻ പറയണം.

അയൽവാസി: ഞാൻ അതാണ് ചിന്തിക്കുന്നത്, അവൾക്ക് നിങ്ങളുടെ സേവനം ആവശ്യമുണ്ടെന്നു കരുതുന്നില്ല.

കേസ് ജോലിക്കാരൻ: അതെന്തുകൊണ്ടാ?

അയൽവാസി: കൊള്ളാം കഴിഞ്ഞ പ്രാവശ്യം ഞാൻ അവളെ കണ്ടപ്പോൾ ഏറ്റവും നല്ല വസ്ത്രം ആയിരുന്നു അവൾ ധരിച്ചിരുന്നത്. മാത്രമല്ല അവളുടെ കൂടെ രണ്ടുമരുമക്കളും ഉണ്ടായിരുന്നു. ഇതാണ് ഒരു വിചിത്രമായ ഭാഗം അവൾ നഗരത്തിലേക്ക് നടന്നുചെന്ന് കരയുകയും ഗുഡ്ബൈ പറയുകയും ചെയ്യുന്നത് കണ്ടു.

കേസ് ജോലിക്കാരൻ : അത് സാധാരണ നിലയിൽ ആയിരുന്നോ.

അയൽവാസി: അല്ല. സത്യം പറഞ്ഞാൽ അവളുടെ വീടിന്റെ കതകുകൾ അടയ്ക്കാൻ പോലും താല്പര്യപ്പെട്ടിരുന്നില്ല.

കേസ് ജോലിക്കാരൻ: അത് അസാധാരണമാണല്ലോ. അവരുടെ വീടിന്റെ വാതിൽ ഇപ്പോഴും തുറന്നു കിടക്കുകയാണ്. ഞാൻ വിചാരിച്ചു കുറച്ചു സമയത്തേക്ക് അവൾ പുറത്തേക്കിറങ്ങിയതാണെന്ന്. അവർ എങ്ങോട്ടാ പോയതെന്ന് അറിയാമോ.

അയൽവാസി: അവൾ തിരിച്ചു യിസ്രായേലിലേക്ക് പോയിക്കാണും എന്നാണു ഞാൻ ചിന്തിക്കുന്നത്.

കേസ് ജോലിക്കാരൻ: ശരി അവർ 50 ശതമാനത്തിലധികം സമയം യിസ്രായേലിൽ ജീവിക്കുന്നെങ്കിൽ മോവാബിലെ ഏതെങ്കിലും സാമൂഹ്യ സംഘടനകളിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അവകാശവാദം ഉന്നയിക്കാതിരിക്കുന്നതാണ് നല്ലത്.

അയൽവാസി: എന്തെങ്കിലും ആനുകൂല്യങ്ങൾക്ക് വേണ്ടി അവൾ അപേക്ഷിച്ചോ.

കേസ് ജോലിക്കാരൻ: ഇല്ല. എന്നാൽ അവൾ അവളെത്തന്നെ മാറാ(കയ്പ്പ്) എന്ന് വിളിക്കാൻ തുടങ്ങി എന്ന വിവരം കിട്ടിയതിനാൽ ക്ഷേമ വിശേഷങ്ങൾ അന്വേഷിക്കാൻ എന്നെചുമതലപ്പെടുത്തിയിരുന്നു.

അയൽവാസി: നന്നായി, സത്യം പറഞ്ഞാൽ ഞാൻ അവളെയും അവരുടെ ഒരു മരുമകളെയും ഒരാഴ്ചയായി കണ്ടിട്ടില്ല.

കേസ് ജോലിക്കാരൻ: മറ്റേ ആൾ എവിടെയാണെന്നറിയാമോ. ചിലപ്പോൾ അവൾക്ക് എന്നെ സഹായിക്കാൻ കഴിയും.

അയൽവാസി: ഓർപ്പാ എന്നാണ് അവളുടെ പേരെന്ന് തോന്നുന്നു. അവൾ അവരുടെ മാതാപിതാക്കളുടെ അടുത്തേക്ക് തിരികെപ്പോയെന്നു തോന്നുന്നു.

കേസ് ജോലിക്കാരൻ: അങ്ങോട്ടേക്കുള്ള ശരിയായ വഴി ഒന്ന് കാണിക്കാമോ.

അയൽവാസി: തീർച്ചയായും രണ്ടു കെട്ടിടങ്ങൾക്കിടയിലൂടെ താഴേക്ക് പോയി വലത്തോട്ടു തിരിഞ്ഞു പുറകിലുള്ള വീടിന്റെ വഴിയിലൂടെമുന്നോട്ട് പോകുക.

കേസ് ജോലിക്കാരൻ: അവരുടെ പേര് പറഞ്ഞത് ഓർപ്പാ എന്നല്ലേ. ശരി എനിക്കുവേണ്ടി സമയം ചിലവഴിച്ചതിനു നന്ദി.

## 3 സൂചന#3 വസ്തു (പാഠം-5)


ക്ലാസ്സിൽ കൊണ്ടുവരിക: ഷൂസ്, ഊന്നുവടി,അല്ലെങ്കിൽ ഒഴിഞ്ഞ റാപ്പറുകൾ

## 4 സൂചന # 4 പുരാവസ്തു ശാസ്ത്രം(പാഠം-5)




ഇത് യിസ്രായേലിലെക്കും ബത് ലഹെമിലേക്കും വടക്കൻ മോവാബിൽ നിന്നുള്ള പാതയാണ് ഇത്. രൂത്ത് തുടർന്നതും ഓർപ്പാ തിരികെപ്പോയതും ഇവിടെനിന്നു ആകാനാണ് സാദ്ധ്യത.

## 5 സൂചന 5 ബൈബിൾ രംഗം(പാഠം-5)




രഹസ്യം: പാറകൾ നിറഞ്ഞ ഭൂപ്രദേശത്തുകൂടിയുള്ള വഴി. മോവാബിൽ നിന്ന് യരുശലേമിലേക്കുള്ള ദിശാ സൂചകങ്ങൾ ഇവിടെ കാണാൻ കഴിഞ്ഞേക്കും.

# വ്യവഹാരം പരിഹരിച്ചു! (പാഠം-5)

## ബൈബിൾ കഥ (പാഠം-5)

രൂത്തും നവോമിയും

ബൈബിളിൽ നിന്ന്: (രൂത്ത് 1-3)



ക്ഷാമത്തിൽ നിന്ന് രക്ഷപ്പെടാൻ നവോമിയും ഭർത്താവ് എലിമെലേക്കും 2 ആൺമക്കളോടൊപ്പം ബെത് ലഹേമിൽ നിന്ന് മോവാബിലേക്ക് പോയി. അല്പനാളുകൾക്ക് ശേഷം എലിമേലെക്ക് മരിക്കയും നവോമിയും 2 ആൺമക്കളും ശേഷിക്കയും ചെയ്തു. 2 ആൺമക്കൾ മോവാബ്യ സ്ത്രീകളെ വിവാഹം കഴിച്ചു എന്നാൽ 10 വർഷം കഴിഞ്ഞപ്പോൾ ആൺമക്കൾ ഇരുവരും മരിച്ചു. മരുമക്കളായ രൂത്തും ഓർപ്പയും നവോമിയുടെകൂടെ തനിയെ ആയി. ദൈവം ബെത്ലഹേമിനെ അനുഗ്രഹിച്ച് ദേശത്ത് നല്ല വിള ലഭിച്ചു എന്ന് നവോമി അറിഞ്ഞപ്പോൾ അവൾ സ്വന്ത നാട്ടിലേക്ക് തിരികെപ്പോകുവാൻ തീരുമാനിച്ചു. ആ മൂന്നു സ്ത്രീകളും അവർക്കുള്ളതെല്ലാം അടുക്കികെട്ടി യാത്ര ആരംഭിച്ചു. അവർ മോവാബിന്റെ അതിർത്തിയിൽ എത്തിയപ്പോൾ നവോമി ഒന്നു നിന്നു. നവോമിയെക്കാൾ കൂടുതൽ സംരക്ഷണ അവർക്ക് ഭവനങ്ങളിൽ നിന്ന് ലഭിക്കും എന്നതിനാൽ രൂത്തിനോടും ഓർപ്പയോടും അവരുടെ കുടുംബങ്ങളിലേക്ക് മടങ്ങിപ്പോകുവാൻ നവോമി പറഞ്ഞു. കാരണം. വെറും ഒരു പ്രായമുള്ള വിധവ ആണെന്ന് അവൾ അറിഞ്ഞിരുന്നു. അവൾക്ക് ഇനിയും വിവാഹത്തിനു മക്കളെ നൽകുവാൻ കഴിയുകയില്ലെന്നും അവരുടെ ഭാവി അനിശ്ചിതത്വത്തിൽ ആണെന്നും അവൾ മനസിലാക്കി. 2 പെൺകുട്ടികളും കരഞ്ഞു നവോമിയോടൊപ്പം താമസിച്ചുകൊള്ളാമെന്നു പറഞ്ഞു. ഒടുവിൽ ഓർപ്പയെ പറഞ്ഞു സമ്മതിപ്പിച്ചെങ്കിലും രൂത്ത് നവോമിയോടൊപ്പം മാത്രമേ താമസിക്കൂ എന്ന് പറഞ്ഞു. നവോമി എവിടെപ്പോകുന്നുവോ അവിടെ താൻ പോകുമെന്നും നവോമിയുടെ ജനം അവളുടെ ജനം ആയിരിക്കുമെന്നും, നവോമിയുടെ ദൈവമാണ് അവളുടെ ദൈവം എന്നും നവോമി മരിച്ചു അടക്കപ്പെടുന്ന ഇടത്ത് അവളും മരിച്ചു അടക്കപ്പെടും എന്നും രൂത്ത്തീരുമാനിച്ചു. അവൾ നവോമിയോടോത്ത് വസിക്കാൻ തീരുമാനിച്ചിരുന്നത്കൊണ്ട് മരണത്താലല്ലാതെ നവോമിയെ വിട്ടുപിരിഞ്ഞാൽ ദൈവം അതിനു തക്കവണ്ണവും അതിലധികവും ചെയ്യട്ടെ എന്ന ചിന്തയായിരുന്നു രൂത്തിന്. രൂത്ത് അമ്മാവിയമ്മയോടു കൂടെ വസിച്ചപ്പോൾ ദൈവം അവളെ അനുഗ്രഹിച്ചു, നല്ല ഒരു ഭർത്താവിനെ നൽകി, എല്ലാ ആവശ്യങ്ങളും നൽകി; യേശുവിന്റെ വംശാവലിയിൽ ഉൾപ്പെടാനുള്ള ഭാഗ്യവും ലഭിച്ചു.

## പ്രായോഗികം (പാഠം-5)

നമ്മുടെ മോശമായ സാഹചര്യത്തെ ദൈവത്തിനു നല്ലതാക്കി മാറ്റുവാൻ കഴിയും.

## മന:പാഠ വാക്യം (പാഠം-5)

‘‘എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു. ’’റോമർ 8:28

## അസൈന്മെൻറ് (പാഠം-5)

നിങ്ങൾ അറിയാവുന്ന ഒരാളുമായുള്ള സ്നേഹബന്ധം ആഴത്തിൽ ആക്കുവാൻ തീരുമാനിക്കുക. അവരുടെ കൂടെനിന്ന് പ്രയാസമേറിയ സാഹചര്യങ്ങളിൽ നിങ്ങൾ അവരെ സഹായിക്കുക. ഉദാഹരണമായി, പരീക്ഷകൾക്ക് പഠിക്കുവാൻ സഹായിക്കുക. വീട്ടു ജോലി തീർക്കുവാൻ സഹായിക്കുക, കായിക ഇനങ്ങളിൽ സഹായിക്കുക(ബേസ്ബോൾ പിടിക്കുക, സോക്കർ ബോൾ തട്ടുക, നെറ്റിൽ എപ്പോഴും തട്ടി പോയിന്റ് ലഭിക്കാതിരിക്കുമ്പോൾ സഹായിക്കുക എന്നിവ) രൂത്തിനെപ്പോലെ, എനിക്ക് തന്നെ ചെയ്യുവാൻ കഴിയും എന്ന് പറയുമ്പോഴും അവരോടൊപ്പം നിന്ന് അവർക്ക് കൂട്ടുകാരനും സഹായിയും ആയിത്തീരുക.

## ദൈവത്തിന്റെ ഡി.എൻ.എ. (പാഠം-5)




എവിടെപ്പോകും, ആരെ പിന്തുടരും എന്ന് നോക്കിയാണ് ദൈവം ആളുകളെ തിരഞ്ഞെടുക്കുന്നത്.



# വിനോദത്തിന്റെ സമയം! (പാഠം-5)

## ഗെയിം (പാഠം-5)

എന്താണ് നിങ്ങൾ കൊണ്ടുവരുന്നത്?(മെമ്മറി ഗയിം).

വിദ്യാർത്ഥികൾ ഒരു വൃത്ത രൂപം രൂപപ്പെടുത്തുക ഒന്നാമത്തെ ആൾ പറയുന്നു, ''ഞാൻ രൂത്തിന്റെ കൂടെപ്പോയി ഞാൻ കൊണ്ടുവരുന്നു -----------''. അടുത്ത ആൾ പറയുന്നു''(സാമുവേൽ എന്ന പേർ പോലെ) ഞാൻ രൂത്തിനോടൊപ്പം പോയി കൊണ്ടുവരുന്നു----- (അവർ പറയുന്നതിന്റെ ലിസ്റ്റ് എഴുതുക) ഞാൻ കൊണ്ടുവരുന്നു ----- ''മൂന്നാമത്തെ വിദ്യാർത്ഥി ഇതുപോലെ തുടരുന്നു,''ശമുവേൽ രൂത്തിനോപ്പം പോയി കൊണ്ടുവരുന്നു -----, മറിയ രൂത്തിനോപ്പം പോയി കൊണ്ടുവരുന്നു ----------,ഞാൻ കൊണ്ടുവരുന്നു ..........'' അങ്ങനെ ഗയിം തുടർന്ന് ലിസ്റ്റ് ഓർക്കാൻ കഴിയാതെ വരുന്നതുവരെ തുടരുക. ''മോവാബിലെക്ക് തിരിച്ച പോകുക'' വൃത്തത്തിന്റെ അഗ്രത്തെത്തി വീണ്ടും ശ്രമിക്കുക.

## ചർച്ച (പാഠം-5)

(മുതിർന്ന വിദ്യാർത്ഥികൾക്ക് വേണ്ടി)

1. പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടുമ്പോൾ എന്തു സംഭവിക്കുന്നു? ഏതൊക്കെ രീതിയിൽ ആണ് പ്രശ്നങ്ങളിൽ നിന്ന് ആളുകൾ ഓടി മാറുവാൻ ശ്രമിക്കുന്നത് എന്നാണ് നിങ്ങൾ കണ്ടിട്ടുള്ളത്? അവർക്ക് എന്താണ് സംഭവിച്ചത്?



എലിമെലേക്കും നവോമിയും മോവാബിലെക്ക് പോയപ്പോൾ ചില പ്രശ്നങ്ങളിൽ നിന്ന് അവർ രക്ഷപ്പെട്ടു. എന്നാൽ മറ്റു പ്രശ്നങ്ങളിലേക്ക് അവർ ഓടിച്ചെല്ലുകയായിരുന്നു. മോവാബ്യ അതിരിങ്കൽ അവളെയും അവളുടെ പ്രശ്നങ്ങളെയും വിട്ടു അവരുടെ ഭവനങ്ങളിലേക്ക് പോകാൻ മരുമക്കളോട് നവോമിനിർദ്ദേശിച്ചു. ഈ കഥയുടെ മഹാത്മ്യം പ്രശ്നങ്ങൾ നേരിടേണ്ടി വന്നവർ വിശ്വസ്തർ ആയിരുന്നു എന്നതാണ്. പലപ്പോഴും ആളുകൾ പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടുമ്പോൾ അവർ അതിലും വലിയ പ്രശ്നങ്ങളിലേക്ക് എത്തുന്നു എന്നതാണ്സംഭവിക്കുന്നത്.

2. സ്ത്രീ പുരുഷ ബന്ധത്തിലുള്ള ദൈവീക പദ്ധതി എന്താണ്.?

ദൈവം ഒരു ഭാര്യയെയോ ഭർത്താവിനെയോ നൽകുന്നത് വരെ ദൈവത്തോട് വിശ്വസ്തർ ആയി കാത്തിരിക്കണം എന്നതാണ് ദൈവീക പദ്ധതി. പിന്നീട് നമ്മുടെ ജീവിതകാലം മുഴുവൻ അവരോടു വിശ്വസ്തത പാലിക്കണം. ദൈവം ആദ്യം നമ്മെ സ്നേഹിച്ചത് നിർമ്മലവും വ്യവസ്ഥകൾ ഇല്ലാതെയുമാണ് (സങ്കീ. 36:5-9) പിന്നീട് നമ്മൾ അവനിൽ സമർപ്പിച്ച് അവനെ തിരികെ സ്നേഹിച്ചു. 1യോഹന്നാൻ 4:19, എഫെസ്യർ 5:1-2) നാം വിവാഹിതരാകുമ്പോൾ ക്രിസ്തു സഭയെ സ്നേഹിച്ചത് പോലെ പങ്കാളിയെ സ്നേഹിക്കുന്നു. എഫെ. 5:21-33.

3. എന്റെ വിശ്വാസം ഏതു രീതിയിലാണ് എന്റെ സ്നേഹിതരിൽ വ്യത്യാസം വരുത്തുന്നത്?

താഴെക്കാണുന്ന കഥകളിൽ നിന്ന് സ്നേഹിതന്മാരുടെയും കുടുംബത്തിന്റെയും വിശ്വാസത്തെ ദൈവം മാനിക്കും എന്ന് അനേക തെളിവുകൾ ചൂണ്ടിക്കാണിക്കാൻ കഴിയും. മത്തായി 9:2ൽ (മത്തായി 2:5ലും ലൂക്കോ. 5:20 ലും ഇത് ആവർത്തിച്ചിട്ടുണ്ട്.) ചില സ്നേഹിതർ യേശുവിന്റെ അടുക്കൽ ഒരു പക്ഷവാതക്കാരനെ കൊണ്ടുവന്നു യേശു കൊണ്ടുവരുന്നവരുടെ വിശ്വാസം കണ്ടിട്ട് പക്ഷവാതക്കാരനോട് ക്ഷമിക്കയും അവനെ സൌഖ്യമാക്കുകയും ചെയ്തു. രൂത്ത് നവോമിയുടെ ദൈവത്തിൽ വിശ്വാസം അർപ്പിച്ചു(രൂത്ത് 1:16). അതേസമയത്ത് തന്നെ യേശുവിന്റെ ശിഷ്യനായ ഒരുവനായിരുന്ന യൂദക്ക് യേശുവിലുള്ള വിശ്വാസത്താൽ രക്ഷപ്രാപിപ്പാനോ അവന്റെ സുരക്ഷിതവലയത്തിനുള്ളിൽ ആകുവാനൊ കഴിഞ്ഞില്ല. നമ്മുടെ സ്നേഹിതന്മാരുടെ കൂട്ടത്തിൽ ദൈവത്തിന്റെ പ്രതിനിധി ആയിരിക്ക എന്നുള്ളത് നമ്മെ ആശ്രയിച്ചാണിരിക്കുന്നത്. നിങ്ങളുടെ സ്നേഹിതന്മാരെ ദൈവത്തിലേക്ക് എത്തിക്കുവാനും ദൈവത്തെ സ്നേഹിതരിലേക്കെത്തിക്കുവാനും ഉള്ള എല്ലാ അവസരങ്ങളും ഉപയോഗിക്കുക.

## വിദ്യാർത്ഥിയുടെ പേജുകളുടെ ഉത്തരങ്ങൾ(പാഠം-5)







## ലൂക്കായുടെ പരീക്ഷണം (പാഠം-5)

വികലമായ ദർശനം

ഒരു ജാറിൽ വെള്ളം നിറക്കുക. ഒരു ആംഗിളിൽ ഒരു (ചരിച്ച്)കുടിക്കുന്ന സ്ട്രോ അതിലെ ജലത്തിലേക്ക് ഇടുക. ഉപരിതലത്തിൽ സ്ട്രോ വളഞ്ഞിരിക്കുന്നതുപോലെ തോന്നും. ഇത് വായുവിനേക്കാൾ വ്യത്യസ്തമായ വേഗതയിൽ വെളിച്ചം സഞ്ചരിക്കുന്നതിനാൽ വെളിച്ചം വ്യത്യസ്തമായി വളഞ്ഞിരിക്കുന്നതിനാൽ ആണ് അങ്ങനെ തോന്നുന്നത്. വിവിധ സാഹചര്യങ്ങളിൽ ചിലത് വ്യത്യസ്തമായി കാണപ്പെടും എന്ന് ഇത് തെളിയിക്കുന്നു.

https://www.youtube.com/playlist?list=PLOBHMuQ9nHZT9tiMWNWGip3nii82SAjRh

# --[ കേസ് 6 ]--

## സൂചനകൾ! (പാഠം-6)

### 1 സൂചന # 1 തലക്കെട്ട് (പാഠം-6)

പ്രസിദ്ധനായ ബന്ധുവിന്റെ കേസ്

### 2 സൂചന # 2 നാടകം (പാഠം-6)

ജനക്കൂട്ടത്തിൽ ഒന്നാമൻ #1. അവിടെ ഒരു ജനക്കൂട്ടം കാണുന്നല്ലോ അത് വെള്ളത്തിൽ അവനായിരിക്കും.

ജനക്കൂട്ടത്തിൽ രണ്ടാമൻ # 2. അവന്റെ ശബ്ദം ഇവിടെ വരെ കേൾക്കാം. കുറച്ച് നേരം ഇവിടെനിന്നു ശ്രദ്ധിക്കാം

ജനക്കൂട്ടത്തിൽ ഒന്നാമൻ #1: യെശയ്യാവ്, അത് നല്ല ഒരു ഖണ്ഡികയിരുന്നു. യെശയ്യാവിൽ നിന്ന് പറഞ്ഞ പ്രസംഗം കേൾക്കാൻ അനേകരും ആരാധനാലയത്തിൽ ഉണ്ടായിരുന്നു എന്ന് അവൻ അറിഞ്ഞിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്നു.

ജനക്കൂട്ടത്തിൽ രണ്ടാമൻ #2: അവൻ ഒരു നല്ല പ്രാസംഗികൻ ആണ്. നല്ല ഭാരം അവൻ അതിൽ അനുഭവിക്കുന്നുണ്ട്.

ജനക്കൂട്ടത്തിൽ ഒന്നാമൻ #1: നിങ്ങൾക്കറിയാമോ എന്നെപ്പോലെ നന്നായി വേഷം ധരിച്ചാൽ ഇതിനേക്കാൾ കൂടുതൽ ജനക്കൂട്ടവും പ്രതികരണവും അവനു ലഭിക്കുമായിരുന്നു. പ്രധാന സഭകളിൽ ഒന്നും ഈ വേഷം ധരിച്ച് ചെന്നാൽ അവസരം ലഭിക്കയില്ല.

ജനക്കൂട്ടത്തിൽ രണ്ടാമൻ # 2 : നിങ്ങൾ പറഞ്ഞത് ശരിയാ അവന്റെ വസ്ത്രം നോക്കു. പരുപരുത്തതും പാടുകൾ ഉള്ളതും,പിന്നെ അവന്റെ മുടി കേശസംരക്ഷണത്തിനുള്ള എന്തെങ്കിലും ഉപയോഗിക്കയും കുറച്ച് മുടി വെട്ടി ചെറുതാക്കുകയും ചെയ്യാമായിരുന്നു.

ജനക്കൂട്ടത്തിൽ ഒന്നാമൻ # 1: അവൻ പ്രസംഗത്തിലെ സമാപന ആഹ്വാനം കഴിഞ്ഞു ചില കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കാം. ഇതുപോലുള്ള ജനക്കൂട്ടത്തെ എങ്ങനെയാണ് അഭിസംബോധന ചെയ്യേണ്ടതെന്ന് ഞാൻ പറഞ്ഞു കൊടുക്കാമായിരുന്നു.

ജനക്കൂട്ടത്തിൽ രണ്ടാമൻ #2 : (ജനത്തെ നോക്കിക്കൊണ്ട്) അവനു നല്ല ജനക്കൂട്ടം ഉണ്ട് .

ജനക്കൂട്ടത്തിൽ ഒന്നാമൻ # 1: ആ മനുഷ്യൻ അവിടെയുണ്ട് അവനെ മാസങ്ങളായി സഭയിൽ കണ്ടിട്ടില്ല. പിന്നെ എന്താ ചെയ്യുന്നത്.ഏതെങ്കിലും സഭയുടെ വാതിൽ ഇരുണ്ടതാക്കാൻ അവനു ലജ്ജ തോന്നേണ്ടതാണ്.

ജനക്കൂട്ടത്തിൽ രണ്ടാമൻ #2 : (ഒരു വശത്തേക്ക് നടന്നു) എനിക്കവളെ അറിയാം അവളെന്താണ് അവിടെ ചെയ്യുന്നത്. അവളൊരു ശൃംഗാരിയാണ്. അവൾ ഇവന്റെ വാക്ക് കേൾക്കേണ്ടതാണ്.

ജനക്കൂട്ടത്തിൽ ഒന്നാമൻ #1 : അവിടെ ഞങ്ങളുടെ സഭയിലെ അംഗങ്ങളായ ചിലർ ഉണ്ട്. അവരിവിടെ ഉണ്ടായിരുന്നെങ്കിൽ ഈ മനുഷ്യനെക്കുറിച്ചും ചില കണക്കുക്കൂട്ടലുകൾ നടത്തുമായിരുന്നു. ഓ നില്ക്ക് അവരെന്നെ കണ്ടു. നിങ്ങൾ എന്തിന് കൂടുതൽ അടുത്തേക്ക് പോകുന്നു.

ജനക്കൂട്ടത്തിൽ രണ്ടാമൻ #2: അവർ പ്രതികരണത്തിനായി മുന്നോട്ട് പോകുകയാണ്. ഹെ, നില്ക്ക് ഈ നികൃഷ്ടനായ മനുഷ്യന്റെ അടുത്തു പോകേണ്ടതില്ല. ഞങ്ങൾ നിങ്ങളെ സഹായിക്കാം ക്ഷമിക്കണം ഞങ്ങൾ കണ്ടു കാറ്റിനാൽ ഉലയുന്ന ഓടയെ ഞാൻ വെറുതെ ഒന്ന് നോക്കി ഞാൻ അവിടില്ലാത്തവൻ എന്ന മട്ടിൽ നില്ക്കാം.

ജനക്കൂട്ടത്തിൽ ഒന്നാമൻ #1 : ഓ അല്ല അവൻ ഇങ്ങോട്ട് വരുന്നു. അവനെ പഠിപ്പിക്കുന്ന കാര്യം അവനോടു പറയുന്നതുവരെ ഞാൻ കാത്തിരിക്കാൻ പോകുന്നു. എന്നാൽ മറ്റെല്ലാത്തിനെക്കാളും പറ്റിയ സമയം ആണിതെന്നു ഞാൻ ഊഹിക്കുന്നു.(സംസാരിക്കാൻ ഒരു അവസരത്തിനായി കാത്തിരിക്കുന്നു).

ജനക്കൂട്ടത്തിൽ രണ്ടാമൻ #2: (പെട്ടെന്ന് ദേഷ്യപ്പെട്ട്) സർപ്പ സന്തതികളേ , സർപ്പസന്തതികൾ എന്ന് വിളിക്കാൻഅവനെങ്ങനെ ധൈര്യം വന്നു. ഞാൻ മാനസാന്തരപ്പെടാനല്ല ഇവിടെ വന്നത്. എനിക്കതിന്റെ ആവശ്യവും ഇല്ല. വരുവാനുള്ള കോപത്തിൽ നിന്ന് ഞാൻ ഓടിപ്പോകേണ്ട ആവശ്യം എന്താ. കർത്താവിന്റെ ദിവസം പാപികൾക്ക് വേണ്ടിയുള്ളതാണ്. ഞാൻ എത്ര ഭംഗിയായി വസ്ത്രം ധരിച്ചിട്ടുണ്ടെന്നും ഞാൻ ഒരു നീതിമാനാണെന്നും അവനു കാണാൻ കഴിയുന്നില്ലേ. ഞാൻ അബ്രഹാമിന്റെ മകനാണ്. അവന് എന്നോട് അങ്ങനെ സംസാരിക്കുവാൻ കഴിയുകയില്ല. അവൻ ആരാണെന്നാ വിചാരം.

## 3 സൂചന #3 വസ്തു (പാഠം-6)

ക്ലാസ്സിൽ കൊണ്ടുവരിക: തേൻ





## 4 സൂചന #4 പുരാവസ്തുശാസ്ത്രം (പാഠം-6)

യോഹന്നാൻ സ്നാപകനാൽ യേശു സ്നാനമേറ്റ യോർദ്ദാൻ നദിയാണിത്.

## 5 സൂചന #5 ബൈബിൾ രംഗം (പാഠം-6)

രഹസ്യം: വെട്ടുക്കിളിയും തേനീച്ച കൂടും കാട്ടു തേനും



# വ്യവഹാരം പരിഹരിച്ച! (പാഠം-6)

## ബൈബിൾ കഥ(പാഠം-6)

സ്നാപക യോഹന്നാൻ

ബൈബിളിൽ നിന്ന് : മത്തായി 3:1-6 മർക്കോസ് 1:1-8



പാപത്തിൽ നിന്ന് മാനസാന്തരത്തെക്കുറിച്ച് യഹൂദ്യ മരുഭൂമിയിൽ യോഹന്നാൻ സ്നാപകൻ പ്രസംഗിക്കുകയായിരുന്നു. വെട്ടുക്കിളിയും കാട്ടുതേനും ഭക്ഷിച്ച് മരുഭൂമിയിൽ ജീവിച്ച അവന്റെ വസ്ത്രം ഒട്ടക രോമം കൊണ്ടുള്ളതും അരയിൽ തോൽവാറും ഉണ്ടായിരുന്നു. അവന്റെ നോട്ടവും ശബ്ദവും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി കാണപ്പെട്ടിരുന്നു. എന്ന് മാത്രമല്ല അവന്റെ സന്ദേശവും വ്യത്യസ്തത ഉള്ളതായിരുന്നു. അനേക വർഷങ്ങളായി ന്യായപ്രമാണത്തിൻ കീഴിലായിരുന്ന ജനം ജീവിച്ചിരുന്നത്. പാലിക്കാൻ കഴിയാത്ത അനേക നിയമങ്ങൾ അവർക്കുണ്ടായിരുന്നു. യോഹന്നാൻ സ്നാപകൻ പാപത്തിൽ നിന്ന് മാനസാന്തരപ്പെടാൻ ജനത്തെ ഉത്ബോധിപ്പിച്ച. എന്നെക്കാൾ ബലവാനായ മറ്റൊരുവൻ വരുന്നെന്ന അവൻ അവരോടു പറഞ്ഞു. തനിക്ക് വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ കഴിയും എന്നാൽ എന്റെ പിന്നാലെ വരുന്നവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കും എന്ന് പറഞ്ഞു. അവൻ യേശുവിനെക്കുറിച്ചായിരുന്ന പറഞ്ഞത്. യഹൂദ്യയിൽ നിന്നും യരുശലെമിൽനിന്നും അനേകർ വന്ന് അവന്റെ വചനം കേൾക്കുവാനും സ്നാനമേൽക്കുവാനും തക്ക ഒരു സ്വാധീനം ഇതു മൂലം ഉണ്ടായി.

## പ്രായോഗികം(പാഠം-6)

മറ്റുള്ളവരിൽ നിന്ന് വ്യത്യസ്ഥനാവാൻ ദൈവം എന്നോട്ആവശ്യപ്പെടുന്നു.

## മന:പാഠ വാക്യം (പാഠം-6)

''ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.'' റോമർ 12;2

## അസൈന്മെൻറ് (പാഠം-6)

നിങ്ങളുടെ പ്രായത്തിലുള്ള മറ്റുള്ളവരിൽ നിന്ന് നിങ്ങൾ വ്യത്യസ്ഥരാകണമെന്ന ദൈവംനിങ്ങളോട് പറഞ്ഞേക്കാം. മറ്റുള്ള കൂട്ടുകാർ കാണുന്ന അതേ സിനിമയോ, അതേ റ്റി.വി. പ്രോഗ്രാമുകളോ കാണുന്നതിനോ മറ്റുള്ളവർ കേൾക്കുന്ന സംഗീതം കേൾക്കുന്നതിനോ ധരിക്കുന്ന അതേ വസ്ത്രങ്ങൾ അണിയുന്നതിനോ നിങ്ങൾക്ക് അനുവാദമില്ലായിരിക്കാം. പിറുപിറുക്കുന്നത് അവസാനിപ്പിക്കുകയും നിങ്ങൾ വ്യത്യസ്ഥരായി തുടരുന്നതിൽ മാതാപിതാക്കളോട് നന്ദിയുള്ളവർ ആയിരിക്കുകയുമാണ് നിങ്ങളുടെ കർത്തവ്യം, ചിലപ്പോൾ ചിലരുടെ മാതാപിതാക്കൾ അവരോടു വ്യത്യസ്ഥരായിരിക്കുവാൻ ആവശ്യപ്പെടുമ്പോൾ മാതാപിതാക്കളെ പിന്തുടരുന്നതിൽ അവരോടു ബഹുമാനം കാണിച്ച് മറ്റുള്ളവർ അവരുടെ വ്യത്യസ്ഥതയെ കളിയാക്കുമ്പോൾ അവരോടൊപ്പം നിൽക്കയും ചെയ്യണം.

## ദൈവത്തിന്റെ ഡി.എൻ.എ. (പാഠം-6)

ജനങ്ങൾ അവരുടെ ആവശ്യം അറിഞ്ഞു. യേശു ദൈവത്തിന്റെ പുത്രനെന്ന് മനസിലാക്കി മാനസാന്തരപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു.






# വിനോദത്തിന്റെ സമയം! (പാഠം-6)

## ഗയിം (പാഠം-6)

മാറ്റി നിർത്തുക

കുട്ടികൾ ഒരു വൃത്തത്തിനുള്ളിൽ നിൽക്കട്ടെ. ഒരാളെയോ ഒരു കൂട്ടം കുട്ടികളെയോ വൃത്തത്തിന്റെ മദ്ധ്യഭാഗത്ത് നിൽക്കാൻ തിരഞ്ഞെടുക്കുക. മദ്ധ്യത്തിൽ നിൽക്കുന്ന കുട്ടിക്ക് കിട്ടാതെ പുറത്തുള്ള കുട്ടികൾ വൃത്തത്തിനുള്ളിലേക്ക് പന്ത് എറിഞ്ഞുകൊടുക്കുമ്പോൾ മദ്ധ്യത്തിൽ നിൽക്കുന്ന കുട്ടി പന്ത് കൈക്കലാക്കുവാൻ ശ്രമിക്കുക. വൃത്തത്തിന്റെ മദ്ധ്യഭാഗത്ത് നിൽക്കുന്ന കുട്ടിയുടെ കയ്യിൽ പന്ത് കിട്ടിയാൽ പന്ത് എറിഞ്ഞ കുട്ടി തമ്മിൽ സ്ഥാനമാറ്റം നടത്തുക.

## ചർച്ച (പാഠം-6)

(മുതിർന്ന വിദ്യാർത്ഥികൾക്ക് വേണ്ടി)



1. ഞാൻ വാസ്തവത്തിൽ പാപി ആണോ? എന്റെ ദൈനംദിനം ഉള്ള ഏത് പ്രവർത്തി ആണ് പാപമായി കണക്കാക്കപ്പെടുന്നത്? 3 തരത്തിലുള്ള പാപങ്ങൾ ഉണ്ട് പെട്ടെന്ന് തിരിച്ചറിഞ്ഞു ഒഴിവാക്കുന്ന പാപം( കൊലപാതകം, ചീത്തവാക്കുകൾ പറയുക) അടുത്തത് ഞാൻ ഒരിക്കൽ പാപമെന്ന് അറിഞ്ഞു ചെയ്യുന്നവയോ, അവയെ നീതീകരിക്കുകയോ, ഗണ്യമാക്കാതിരിക്കയോ അല്ലെങ്കിൽ ഒളിക്കയോ ചെയ്യുന്നവ(അസത്യം പറയുന്നത്, ചതിക്കുന്നത്) ഞാൻ പാപം എന്ന് തിരിച്ചറിയാതെ ചെയ്യുന്ന പാപങ്ങളും ഉണ്ട്. (എത്രയോ പ്രവർത്തങ്ങൾ ആണ് ഒരു ശബത്തിൽ ചെയ്യുന്നത് മാതാപിതാക്കളെ അനുസരിക്കാതിരിക്കയും ബഹുമാനിക്കാതിരിക്കയും ചെയ്യുന്നത്) ഓരോ തരത്തിലുള്ള പാപങ്ങളെക്കുറിച്ചും ഉള്ള ഉദാഹരണങ്ങൾ പറയുക. എല്ലാവരും പാപം ചെയ്തു(ലൂക്കോസ് 1:5-6, 18-20, റോമർ 3:10-13,23, റോമർ 5:6-11, റോമർ 6:1-4, എബ്രായർ 4:14-16).

2. നിങ്ങൾ വാസ്തവത്തിൽ പാപമാണെന്നു അറിയാതെ ചെയ്യുന്ന ഏതെങ്കിലും പാപങ്ങൾ ഉണ്ടോ?


നിങ്ങൾ വാസ്തവത്തിൽ അത് അംഗീകരിച്ചാൽ നിങ്ങൾ അത് അറിയും. ദൈവത്തിൽ വിശ്വസിക്കാത്തവരും ക്രിസ്ത്യാനികൾ അല്ലാത്തവരും ആയ അനേക സ്നേഹിതർ നമുക്കുണ്ട്. ദൈവത്തിന്റെ നിയമം അവരുടെ ഹൃദയങ്ങളിൽ എഴുതിയിരിക്കുന്നതിനാൽ അവർ എന്തൊക്കെയാണ് ചെയ്യേണ്ടതെന്നും ചെയ്യാൻ പാടില്ലാത്തതെന്നും അവർക്കറിയാം (റോമർ 2:15) അത് മാത്രമല്ല നമ്മുടെ വിശ്വാസം രക്ഷക്കായി ക്രിസ്തുവിൽ ആയിരിക്കുമ്പോൾ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന പുതുക്കപ്പെട്ട മനസാക്ഷി നമുക്ക് ലഭിക്കും. ഉല്പത്തി 3:1-19, സദൃശ്യ. 24:12, യോഹ. 16:5-15, യാക്കോബ് 4:17.

3. ചിലർ പറയുന്ന ഏറ്റവും നല്ലവരായി ഇരിക്കുന്നതാണ് കാര്യം, എന്ന് നിങ്ങൾ എന്ത് ചിന്തിക്കുന്നു?

യോഹന്നാൻ സ്നാപകൻ അല്പകാലത്തേക്ക് ഏറ്റവും മികച്ചവനായിരുന്നു. എന്നാൽ സമയം ആയപ്പോൾ അവൻ ചെറിയവനായി യേശു ക്രിസ്തു വലിയവനായി മാറി. (യോഹ. 3:33). ഈ മാറ്റം യോഹന്നാന്റെ ശിഷ്യന്മാർക്ക് കഠിനം ആയിരുന്നു. മാറ്റങ്ങളിലൂടെ കടന്നുപോകുന്നത് എത്ര പ്രയാസമേറിയതാണെന്ന് സംസാരിക്കുക. മാറ്റങ്ങളെ

കൈകാര്യം ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗം സ്ഥാനങ്ങളിലോ പദവിയിലോ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു പകരം നിങ്ങൾ എന്തായി തീരേണമോ എന്ന് ദൈവം ആഗ്രഹിക്കുന്നതിനെ അംഗീകരിക്കുകയാണ്. നാം ദൈവത്തോട് വിശ്വസ്തർ ആകുമ്പോൾ, ദൈവം നമ്മോടു എന്തായിത്തീരേണമെന്നു ആവശ്യപ്പെടുന്നുവോ, അതിലൂടെ അവൻ തന്റെ പദ്ധതിക്കനുസൃതമായ പദവിയിലേക്ക് നമ്മെ നയിക്കും വിശ്വസ്തരായിരിക്കുക. (1 ശമു. 16:1-13), ഫിലി. 3:12-14, 1 തിമൊ. 4:6-12, എബ്രായർ 11).

## വിദ്യാർത്ഥികൾക്കുള്ള പേജുകളുടെ ഉത്തരങ്ങൾ (പാഠം-6)


## ലൂക്കായുടെ പരീക്ഷണം (പാഠം-6)

ആനയുടെ ടൂത്ത് പേസ്റ്റ്

2 ലിറ്റർ ഉൾക്കൊള്ളുന്ന ശുദ്ധമായ ഒരു കുപ്പിയെടുത്ത് അതിൽ ഒരു കപ്പ് ഹൈഡ്രജൻ പെറോക്സൈഡ് ഇടുക. അല്പം കൂടി താല്പര്യം വരത്തക്കവിധം കുറച്ച് നിറം ചേർക്കുക. പാത്രം കഴുകാൻ ഉപയോഗിക്കുന്ന ലായനിയിലേക്ക് അത് ഒഴിക്കുക. ചൂടു വെള്ളത്തിൽ യീസ്റ്റ് കൂട്ടിച്ചേർത്ത് നന്നായി കുലുക്കി ഇളക്കുക. അതിനുള്ളിൽ ഒരു പ്രതിപ്രവർത്തനം ആരംഭിച്ച് ഒന്നോ രണ്ടോ ദിവസത്തേക്ക് ആനയുടെ ടൂത്ത് പേസ്റ്റ് കുപ്പിയിൽ നിന്ന് കവിഞ്ഞൊഴുകുന്നത് കാണ

https://www.youtube.com/playlist?list=PLOBHMuQ9nHZT9tiMWNWGip3nii82SAjRh

# --[ കേസ് 7 ]--

## സൂചനകൾ! (പാഠം 7)

### 1 സൂചന #1 തലക്കെട്ട് (പാഠം-7)

ആശയക്കുഴപ്പത്തിലായ ഒരു യാത്രക്കാരന്റെ കേസ്.

### 2 സൂചന #2 നാടകം (പാഠം-7)

എത്യോപ്യൻ : ക്ഷമിക്കണം ഓഫീസർ, ഇത്രയും ഉയരമുള്ള നനഞ്ഞു വെള്ളം ഒലിക്കുന്ന ഒരു മനുഷ്യനെ കണ്ടോ.

ഓഫീസർ: ഒരു നിമിഷം മുമ്പ് നിങ്ങളുടെ കൂടെ ഉണ്ടായിരുന്ന ആളല്ലേ?

എത്യോപ്യൻ : നിങ്ങൾ പറഞ്ഞത് ശരിയാ യശയ്യാവിന്റെ ചുരുൾ വായിക്കുന്നതിനു അവൻ എന്നെ സഹായിക്കയായിരുന്നു. എനിക്ക് അല്പംകൂടി സഹായം ആവശ്യമുണ്ട്.

ഓഫീസർ: ശരി ഒടുവിൽ നീ അവനെ എപ്പോഴാ കണ്ടത്.

എത്യോപ്യൻ : ഞങ്ങൾ വെള്ളത്ത്തിനുള്ളിൽ ആയിരുന്നു. അവൻ എന്നെ സ്നാനപ്പെടുത്തി വെള്ളത്തിൽ നിന്ന് പൊങ്ങിവന്നപ്പോൾ അവൻ പോയിരുന്നു.

ഓഫീസർ: നിങ്ങൾ ഒരു വിദ്യാ സമ്പന്നനായ മനുഷ്യൻ ആണെന്ന് തോന്നുന്നു.

എത്യോപ്യൻ : ഞാൻ എത്യോപ്യാരാജ്ഞിയുടെ പ്രധാന സാമ്പത്തിക ഉദ്യോഗസ്ഥനാണ്.

ഓഫീസർ: കൊള്ളാം സർ, ഏതെങ്കിലും നനഞ്ഞ കാല്പാടുകൾ വെള്ളത്തിൽ നിന്ന് പുറത്തേക്ക് വന്നത് കണ്ടോ

എത്യോപ്യൻ : ഇല്ല. അങ്ങനൊന്നും ഇല്ലായിരുന്നു.

ഓഫീസർ: അതിന്റെ മുകളിലും താഴെയുമുള്ള തീരങ്ങളിൽ ഒക്കെ നോക്കിയോ.

എത്യോപ്യൻ : കുറച്ച് മാത്രം. ഞാൻ അൽപ നിമിഷങ്ങൾ മാത്രം വെള്ളത്തിനു അടിയിൽ ആയിരുന്നു. എത്രദൂരം തനിക്ക് പോകാൻ കഴിയും.

ഓഫീസർ: അവൻ എവിടെ പോയതാ എന്ന് നിങ്ങൾക്ക് ആശയക്കുഴപ്പം ഉള്ളതായി എനിക്ക് മനസിലായി. എന്നാൽ നിങ്ങൾ സുസ്മേരവദൻ ആയി ഇരിക്കുന്നതെന്താണെന്ന് എനിക്ക് അറിവാൻ ആകാംക്ഷയുണ്ട്.

എത്യോപ്യൻ : കാരണം ഞാൻ വെള്ളത്തിൽ നിന്ന് പുറത്തുവന്നപ്പോൾ ആ മനുഷ്യൻ പോയെങ്കിലും ഇതുവരെ അനുഭവിക്കാത്ത ഒരു സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയുന്നുണ്ട്.

ഓഫീസർ: അതൊന്നു വിശദീകരിക്കാമോ.

എത്യോപ്യൻ : ഞങ്ങൾ യെശയ്യാപുസ്തകം വായിക്കുകയായിരുന്നു. യേശു എല്ലാ പ്രവചനങ്ങളും നിവർത്തിച്ച് എനിക്കുവേണ്ടി യുക്തമായ യാഗമായിത്തീർന്നതും അതുമൂലം എന്റെ പാപത്തിനു ഒരു അടിമയായി ഇനി കഴിയേണ്ടതില്ലെന്നും താൻ പുസ്തകത്തിൽ നിന്നും കാണിച്ചു തന്നു. അങ്ങനെ എന്റെ പാപം ഏറ്റുപറഞ്ഞു പാപത്തിൽ നിന്ന് വിടുതൽ നേടി. അപ്പോൾ എന്റെ മാനസാന്തരത്തിന്റെ പ്രദർശനം ആയി അവൻ എന്നെ സ്നാനപ്പെടുത്തി. ഇപ്പോൾ അകവും പുറവും ഒരുപോലെ കഴുകപ്പെട്ടതുപോലെ തോന്നുന്നു. ഞാനിപ്പോൾ പുതിയ ജീവിതം നയിക്കുന്ന പുതിയ മനുഷ്യൻ ആയി. എന്റെ പാപഭാരം ഇനിയും ഞാൻ വഹിച്ചുകൊണ്ട് നടക്കേണ്ട കാര്യം ഇല്ല.

ഓഫീസർ: എന്തായിരുന്നു ആ ചുരുൾ

എത്യോപ്യൻ: യശയ്യാവ് 53

ഓഫീസർ: എനിക്കും അത് വായിക്കാൻ താല്പര്യം ഉണ്ട്. ഉണ്ട്.

എത്യോപ്യൻ : എനിക്ക് പോകേണ്ടതുണ്ട് നന്ദി ഓഫീസർ.

ഓഫീസർ: ആ മനുഷ്യന്റെ കാര്യം എങ്ങനെയാ

എത്യോപ്യൻ : അവനെ ഇനി അസ്തോദിൽ(അസോട്ടസ്) എവിടെയെങ്കിലും കാണും എനിക്കുറപ്പുണ്ട്. പിന്നീട് കാണാം.

## സൂചന #3വസ്തു (പാഠം-7)

ക്ലാസ്സിൽ കൊണ്ടുവരിക: ഭൂപടം , പുസ്തകം, ചുരുൾ

## സൂചന# 4 പുരാവസ്തുശാസ്ത്രം (പാഠം-7)




ചിത്രകാരനായിരുന്ന റെബ്രാൻഡ് വാൻ റിജിൻ 1626ൽ വരച്ച ''ഷണ്ഡന്റെ സ്നാനം'' എന്ന ഈ ചിത്രം 1976 മുതൽ ഉത്രക്കിലെ കാതർലിൽ കോൺ വെന്റ് എന്ന മ്യൂസിയത്തിന്റെ ഉടമസ്ഥതയിൽ ആണ് . യരുശലെമിൽ നിന്ന് ഗസയ്ക്കുള്ള വഴിയിൽ സുവിശേഷകനായ ഫിലിപ്പോസ് എത്യോപ്യക്കാരനായ ഷണ്ഡനെ സ്നാനപ്പെടുത്തുന്ന ചിത്രമാണിത്.

സൂചന 5 ബൈബിൾ രംഗം (പാഠം-7)



രഹസ്യം: സ്നാനത്തിനു വായിക്കുവാൻ വച്ചിരിക്കുന്ന ചുരുളുകൾ ഉള്ള ഒരു ഒഴിഞ്ഞ രഥം സ്നാനത്തിനു ഉപയോഗിക്കത്തക്കവിധത്തിൽ ജലത്തിന് സമീപം.

വ്യവഹാരം പരിഹരിച്ച    വ്യവഹാരം പരിഹരിച്ച

# വ്യവഹാരം പരിഹരിച്ചു! (പാഠം-7)

## ബൈബിൾ കഥ (പാഠം-7)

ഫിലിപ്പോസും എത്യോപ്പക്കാരനും

ബൈബിളിൽ നിന്ന്: അപ്പൊ.പ്രവൃ. 8:26-40



ദൈവത്തിന്റെ ദൂതൻ അല്പം നടക്കുവാൻ ഫിലിപ്പോസിനോട് പറഞ്ഞത് അവൻ അനുസരിച്ചു. അവൻ നടന്നുകൊണ്ടിരിക്കുമ്പോൾ തേരിൽ ഒരു മനുഷ്യനെ കണ്ടു. എത്യോപ്യ രാജ്യത്തെ രാജ്ഞിയുടെ ധനം കൈകാര്യംചെയ്യുന്ന ആളായിരുന്നു അത്. അദ്ദേഹത്തിനു രാജ്ഞിയുടെ കൊട്ടാരത്തിൽ ഒരു ഉന്നത സ്ഥാനം ഉണ്ടായിരുന്നു അവൻ ആരാധനക്കായി കടന്നു പോയ യെരുശലെമിൽ നിന്ന് വരുന്ന വഴിയായിരുന്നു. യാത്രയിൽ ഒരു ഇടവേള എടുത്തു തേരിലിരുന്നു ദൈവവചനം വായിക്കയായിരുന്നു. ഫിലിപ്പോസ് തേരിനോട് ചേർന്ന് നടന്നപ്പോൾ ആ മനുഷ്യൻ യശയ്യാ പ്രവചനം വായിക്കുന്നത് കേട്ടു. നീ വായിക്കുന്നത് ഗ്രഹിക്കുന്നുവോ എന്ന് ഫിലിപ്പോസ് ആ മനുഷ്യനോടു ചോദിച്ചു. മനസിലാകുന്നില്ല എന്ന് ആ മനുഷ്യൻ മറുപടി നൽകി. തേരിനോടൊപ്പം നടന്ന ഫിലിപ്പോസിനു യേശുവിനെക്കുറിച്ച് ആ മനുഷ്യനോടു പറവാൻ കിട്ടിയ അവസരത്തിൽ വളരെസന്തോഷിച്ചു. യേശുവിനെക്കുറിച്ച് എല്ലാം അറിഞ്ഞപ്പോൾ യേശുവിൽ അവൻ വിശ്വസിച്ചു. അങ്ങനെ വെള്ളത്തിനു സമീപം എത്തിയപ്പോൾ എത്യോപ്യക്കാരൻ ചോദിച്ചു ഞാൻ സ്നാനപ്പെടുന്നതിൽ എന്ത് വിരോധം ഫിലിപ്പോസ് തേരിൽ നിന്ന് ചാടി ഇറങ്ങി അവനെ സ്നാനം കഴിപ്പിച്ചു. അവർ വെള്ളത്തിൽ നിന്ന് പൊങ്ങി വന്നപ്പോൾ ദൈവാത്മാവ് ഫിലിപ്പോസിനെ എടുത്തു കൊണ്ടുപോയി. എത്യോപ്യക്കാരൻ സന്തോഷിച്ചുകൊണ്ട് അവന്റെ വഴിക്ക് പോയി. ഫിലിപ്പോസ് മറ്റൊരു പട്ടണത്തിൽ പ്രത്യക്ഷപ്പെട്ട് തന്റെ സുവിശേഷ പ്രസംഗം തുടർന്നു.

## പ്രായോഗികം (പാഠം-7)

യേശുവിനെക്കുറിച്ചു മറ്റുള്ളവരോട് പറയാനുള്ള അവസരത്തിനായി ഞാൻ ശ്രമിക്കും.

## മന:പാഠ വാക്യം (പാഠം-7)

''ഇങ്ങനെ ഞങ്ങൾ നിങ്ങളെ ഓമനിച്ചുകൊണ്ടു നിങ്ങൾക്കു ദൈവത്തിന്റെ സുവിശേഷം പ്രസംഗിപ്പാൻ മാത്രമല്ല, നിങ്ങൾ ഞങ്ങൾക്കു പ്രിയരാകയാൽ''1 തെസ്സ. 2:8a

## അസൈന്മെൻറ് (പാഠം-7)

ഒരു ട്രിഗർ ഉപയോഗിച്ച് നിങ്ങളുടെ ചുറ്റുമുള്ള ആളുകളുടെ സംസാരം ആരംഭിക്കുക. ചില വലിയ ട്രിഗറുകൾ (തുടക്കങ്ങൾ) സംഗീതം ആലപിച്ച് ബൈബിൾ കൈയ്യിലേന്തി പരസ്യയോഗങ്ങൾ നടത്തി ട്രാക്റ്റുകൾ വിതരണം ചെയ്യുകയും സാക്ഷ്യങ്ങൾ പ്രസ്താവിക്കയും ചെയ്യട്ടെ.

## ദൈവത്തിന്റെ ഡി.എൻ.എ. (പാഠം-7)

മറ്റുള്ളവരോട് യേശുവിനെക്കുറിച്ച് പറയുവാനും ദൈവീകവഴികളെ അവർക്ക് വിവരിച്ചു കൊടുപ്പാനും ദൈവം ആളുകളെ അയക്കുന്നു.






# വിനോദത്തിന്റെ സമയം! (പാഠം-7)

## ഗയിം (പാഠം-7)

തലകൊണ്ടുള്ള ഓട്ടവും റിലേയും.

ഒരേ ഉയരം ഉള്ള 2 റ്റീമുകൾക്ക് രൂപം നൽകുക. ഇരുവരുടെയും നെറ്റിയിൽ ബലൂൺ മുട്ടിച്ചുവച്ച് ഒരു ലൈനിൽ മുന്നോട്ടും പിറകോട്ടും ഓടും. ബോൾ താഴെ വീണാൽ വീണ്ടും ആരംഭസ്ഥലത്തെത്തിത്തുടരേണ്ടതാണ്.

## ചർച്ച (പാഠം-7)

(മുതിർന്ന കുട്ടികൾക്കുവേണ്ടി മാത്രം)

1. ബൈബിളിനു മറ്റു പുസ്തകങ്ങളിൽ നിന്ന് എന്ത് വ്യത്യസ്തതയാണുള്ളത്?



വേദപുസ്തകം ദൈവത്തിൽ നിന്നുള്ള സന്ദേശമാണ്. എല്ലാവർക്കും ഹൃടിസ്ഥമാകത്തക്കവിധത്തിൽ ഓരോ കഥ തന്നെ വീണ്ടും വീണ്ടും വായിച്ചിട്ടുണ്ടോ. ഞാൻ അനേക പുസ്തകങ്ങൾ അങ്ങനെ വായിച്ചിട്ടുണ്ട്. ഗ്രന്ഥകാരൻ ഉദ്ദേശിച്ചിട്ടുള്ളത് എന്തെന്ന് മനസിലാക്കുവാൻ കഴിയുന്നതായി തോന്നിയിട്ടുണ്ട്. എനിക്ക് എങ്ങനെ അനുഭവേദ്യമാക്കാൻ കഴിയുന്നതോ എന്റെ സ്ഥാനം ഗ്രഹിക്കുന്നതിനോ കഴിയുന്ന വിധത്തിൽ രൂപവ്യത്യാസം വരുത്തുവാൻ കഴിവുള്ള ദൈവത്തിന്റെ സന്ദേശമത്രേ ബൈബിൾ. ഓരോ അവസരങ്ങളിലും ഓരോഭാഗം വായിക്കുമ്പോൾ അതിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ പുതുമയും ഉണ്ട്. ജീവിതം മുഴുവനും എന്നെ സഹായിപ്പാൻ കഴിവുള്ള ദൈവത്തിൽ നിന്നുള്ള സന്ദേശം ആണത്. (സങ്കീ. 19:7-11, യോഹ. 20:30-31, റോമർ 1:16-17).

2. എന്തുകൊണ്ട് ബൈബിൾ എനിക്ക് പ്രാധാന്യമേറിയതായിരിക്കുന്നു?

നിങ്ങളുടെ ജീവിതത്തിന്റെ പാതകൾ കാണിക്കുന്ന മാപ്പ് ആണ് ബൈബിൾ നിങ്ങൾ ഏതെല്ലാം സാഹചര്യങ്ങളിൽ കൂടെ കടന്നുപോകുമെങ്കിലും നിങ്ങളെപ്പോലുള്ള ഒരാളുടെ കഥയും ആ സന്ദർഭത്തിൽ അവരെന്ത് ചെയ്തെന്നും ദൈവം ആ സാഹചര്യത്തിൽ എങ്ങനെയാണ് പ്രവർത്തിച്ചതെന്നും കാണാൻ നമുക്ക് കഴിയും. ചില കാര്യങ്ങൾ അവസാനം

എന്ത് സംഭവിക്കും എന്ന് നാം അറിയാതിരിക്കുമ്പോൾ എങ്ങനെയൊക്കെ കാര്യങ്ങൾ നടക്കുമെന്നത് ബൈബിൾ വെളിവാക്കുന്നു. എന്റെ ഭാവിയെക്കുറിച്ച് അറിവാൻ കഴിഞ്ഞിരുന്നെങ്കിൽ ഞാൻ ചെയ്യുന്ന കാര്യങ്ങളിൽ മാറ്റം വരുത്താൻ കഴിയുമെന്ന് ഞാൻ മിക്കവാറും ചിന്തിക്കാറുണ്ട്. ഭാവിയെക്കുറിച്ചുള്ള സൂചന നൽകുന്നു അതിന് കാരണം അവൻ ആയിരുന്നതുപോലെ തന്നെ ഇപ്പോഴും ജനത്തിനുവേണ്ടി അവൻ പ്രവർത്തിക്കുന്നു എന്നതത്രേ. സങ്കീ. 119:33-40, സങ്കീ. 119:65-68, സങ്കീ. 119:97-105

3. ഞാൻ എന്തുകൊണ്ട് സ്നാനമേൽക്കണം, എപ്പോഴാണ് സ്നാനത്തിനു പറ്റിയ സമയം എന്ന് അനേക സഭകളും ഒരാളുടെ ജീവിതത്തിൽ പല രീതിയിലും പല വഴികളിലും സ്ന്നാൻ നടത്താറുണ്ട്. നിങ്ങളുടെ സഭ ഏതു രീതിയിലുള്ള സ്നാനത്തിനാണ് ശുപാർശ ചെയ്യാറ്. നിങ്ങൾ ഇതുവരെ സ്നാനപ്പെട്ടിട്ടില്ലെങ്കിൽ ഏതു രീതിയിൽ സ്നാനപ്പെടാനാണ് ഒരുങ്ങുയിരിക്കുന്നത്. നിങ്ങൾക്ക് താല്പര്യമില്ലാത്ത സ്നാനത്തിന്റെ രീതി ഏതാണ്. നിങ്ങൾ സ്നാനപ്പെട്ടിട്ടുണ്ടെങ്കിൽ, നിങ്ങളുടെ സ്നാനത്തെക്കുറിച്ചു തിരിഞ്ഞു ചിന്തിക്കുമ്പോൾ എന്തെങ്കിലും മാറ്റം അതിൽ വരുത്തേണ്ടതുണ്ടോ. നിങ്ങൾ സ്നാനപ്പെട്ട ആ സമയത്ത് അത് നിർവഹിച്ചതിൽ സന്തുഷ്ടരാണോ അതോ കുറച്ചു നാൾ കഴിഞ്ഞു മതിയായിരുന്നെന്നോ അല്പം കൂടി നേരത്തെ ആകണമായിരുന്നെന്നോ ആഗ്രഹിക്കാറുണ്ടോ.

## വിദ്യാർത്ഥികളുടെ പേജുകളുടെ ഉത്തരങ്ങൾ(പാഠം-7)







## ലൂക്കായുടെ പരീക്ഷണം(പാഠം-7)

കുതിര ലാടത്തിന്റെ ആണി.

കുതിരക്ക് ലാടത്തിനു വേണ്ടി 50 സെന്റ് പണം ചിലവാക്കാൻ താല്പര്യം ഇല്ലായിരുന്ന ഒരാളെക്കുറിച്ച് ഒരു കഥയുണ്ട്. ഒരു കുതിരക്ക് ഒരു പെനിയും രണ്ടാമത്തേതിന് 20 പെനിയും അടുത്തതിനു 4 പെനിയും അങ്ങനെ 20 ആണിക്ക് ഇരട്ടിക്കുന്ന വിധത്തിൽ കുതിരലാടത്തിന്റെ ആണി വാങ്ങാൻ തീരുമാനിച്ചു. കുക്കികളും മിഠായിക്കഷണങ്ങളും ഉപയോഗിച്ച് 20 ആണിക്ക് എത്ര പെനി കൊടുക്കേണ്ടിവരുമെന്ന് തീരുമാനിക്കുക. അവസാനത്തെ ഉത്തരം 524,288 പെനി ആയിരിക്കും. അതിനു 5,242.88 ഡോളറുകൾ വേണ്ടി വരും.

https://www.youtube.com/playlist?list=PLOBHMuQ9nHZT9tiMWNWGip3nii82SAjRh

# --[ കേസ് 8 ]--

## സൂചനകൾ! (പാഠം 8)

### സൂചന #1 തലക്കെട്ട് (പാഠം-8)

അനുസരിക്കാത്ത മാതാപിതാക്കൾ

### സൂചന #2 നാടകം (പാഠം-8)

ലഫ്റ്റനന്റ് : നിങ്ങൾ അവിടെയുണ്ടോ. ഞാൻ നിങ്ങളെ എല്ലായിടത്തും നോക്കുകയായിരുന്നു.

കമാൻഡർ: ശ് ശ് ശ് .... ശബ്ദമുണ്ടാക്കാതെ

ലഫ്റ്റനന്റ് : സർ.

കമാൻഡർ: ശ്ശ്. കേൾക്കുക. നിങ്ങൾ അത് കേൾക്കുന്നുണ്ടോ.

ലഫ്റ്റനന്റ് : എന്ത്

കമാൻഡർ: (വിരലുയർത്തി) അത് ഇവിടെത്തന്നെ. ഒരു കുട്ടി കരയുന്നു. കഴിഞ്ഞ 3 മാസമായി ഈ കുട്ടിയെ അന്വേഷിക്കയായിരുന്നു.

ലഫ്റ്റനന്റ് : ഈ ആൺപൈതലിനെ തിരയുകയായിരുന്നോ. അത് ഒരു പെൺകുട്ടി അല്ലെന്ന് എങ്ങനെ അറിയാം

കമാൻഡർ: അവന്റെ ശബ്ദം എന്റെ ആൺപൈതലിനെപ്പോലെയുണ്ട്.

ലഫ്റ്റനന്റ് ;അവൻ എവിടെ ആണെന്നാ വിചാരിച്ചിരിക്കുന്നത്.

കമാൻഡർ: നേരത്തെ അവന്റെ ശബ്ദം ഞാൻ കേട്ടിരുന്നു. എന്നാൽ സാധാരണ അവൻ നദിയുടെ മുകളിലെ കൂട്ടമായി നിൽക്കുന്ന വീടുകളുടെ ഉള്ളിലാണ്.

ലഫ്റ്റനന്റ് :നീ അവനെ അന്വേഷിചിരുന്നോ.

കമാൻഡർ: അതെ. എന്നാൽ ഇപ്പോഴും ഞാൻ അടുത്തെത്തുമ്പോൾ അവന്റെ ശബ്ദം പിന്നീട് കേൾക്കാൻ കഴിയുന്നില്ലായിരുന്നുആ കുട്ടിയെ അവർ ശരിയായി ഒളിപ്പിച്ച വെച്ചിരിക്കുന്നതുപോലെ തോന്നുന്നു.

ലഫ്റ്റനന്റ് :ശരി. ഇപ്രാവശ്യം അവനെ പിടികൂടാൻ കഴിയുമെന്ന് കരുതുന്നു.

കമാൻഡർ: നമുക്ക് നദിയുടെ അടുത്തേക്ക് പോകാം. ഞാങ്ങണയുടെ ഇടയിൽ ഒളിച്ചിരുന്ന് അവനെ പിടിക്കാം.

ലഫ്റ്റനന്റ് &കമാൻഡർ :(കുട്ടികൾ നദിപോലെ എന്ന് സങ്കൽപ്പിച്ച് അവരുടെ ഇടയിലേക്ക് ഇറങ്ങി ചെല്ലുക).

കമാൻഡർ: അവന്റെ ശബ്ദം ഇപ്പോൾ നന്നായി കേൾക്കാം.

ലഫ്റ്റനന്റ് :അവിടെത്തന്നെ അവിടെ നദി കവിഞ്ഞൊഴുകുന്നിടത്ത്, ഞാങ്ങണ കൂട്ടം കുറവുള്ളിടത്ത്.

കമാൻഡർ: നീ ആ വഴി ചുറ്റിപ്പോകുക, ഞാൻ ഈ വഴി ചുറ്റിപ്പോകാം. എന്നിട്ട് ആ കള്ളനെ പിടിച്ച് നമുക്ക് ലഭിച്ചിരിക്കുന്ന നിർദ്ദേശം പോലെ നീല നദിയിൽ ഇട്ടുകളയാം.

ലഫ്റ്റനന്റ്& കമാൻഡർ: വിവിധ ദിശകളിലേക്ക് ഇറങ്ങിചെല്ലുന്നു.

ലഫ്റ്റനന്റ്: നമുക്ക് മറ്റൊരു ദിവസം ശ്രമിക്കാം

കമാൻഡർ: വിഡ്ഢിത്തം പറയാതെ, അവനെ ഇപ്പോൾ തന്നെ കിട്ടും.

കമാൻഡർ: (ചാടിക്കൊണ്ട്) ഹാ.ഹാ. ഞങ്ങൾക്ക് നിങ്ങളെ കിട്ടി. കുട്ടിയുമായി കീഴടങ്ങുക.

കമാൻഡർ: (ലജ്ജയോടെ, കണ്ണുകൾ അടച്ച്, ചുറ്റിത്തിരിഞ്ഞ്) അല്ലയോ മഹാറാണി ക്ഷമിക്കണം നിങ്ങൾക്ക് ഇന്ന് ഇവിടെ നീന്താൻ എത്തുമെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. ഞാൻ ഒരു എബ്രായ അടിമകളുടെ ആൺകുട്ടിയെ കണ്ടുപിടിക്കാൻ ശ്രമിക്കയായിരുന്നു.

## സൂചന #3 വസ്തു (പാഠം-8)




ക്ലാസ്സിൽ കൊണ്ടുവരിക: ബാസ്കറ്റ്, കുട്ട

## സൂചന #4 പുരാവസ്തു ശാസ്ത്രം (പാഠം-8)

ഇന്നത്തെ രീതിയിലുള്ള കൊട്ട നെയ്ത്ത് ആണ് ചിത്രത്തിൽ കാണുന്നത് മോശ ചെയ്തിരുന്നത് ഇതേ രീതിയിലാണ്.



## സൂചന #5 ബൈബിൾ രംഗം (പാഠം-8)

രഹസ്യം: രാജകുമാരിയുടെ സുഗന്ധം നിറഞ്ഞ ഷാമ്പൂബോട്ടിലുകൾ(കുപ്പികൾ) നൈൽ നദിയുടെ തീരത്ത് ഞാങ്ങണയുടെ ഇടയിൽ.

# വ്യവഹാരം പരിഹരിച്ച! (പാഠം-8)

## ബൈബിൾ കഥ (പാഠം-8)

മോശയുടെ ജനനം

ബൈബിളിൽ നിന്ന് :പുറ. 2:1-10



യിസ്രായേല്യരുടെ എണ്ണം വളരെ വേഗത്തിൽ പെരുകുന്നത് ഫറവോന് ആശങ്കയുളവാക്കിയിരുന്നു. ആവശ്യത്തിനു ആളുകൾ ഒന്നിച്ചു ചേർന്ന് തന്റെ സൈന്യത്തോട് യുദ്ധം ചെയ്യാൻ ശ്രമിച്ചാൽതന്റെ സൈന്യം പരാജിതർ ആകുമെന്ന് ഫറവോന് അറിയാമായിരുന്നു. അതിനാൽ കൂടുതൽ എബ്രായ ബാലന്മാരെ വളരുവാൻ അനുവദിക്കേണ്ടെന്ന് ഫറവോൻ തീരുമാനിച്ചു. ഇനിയും ഒരു ആൺകുട്ടിജനിച്ചാൽ അവനെ ജീവിക്കാൻ അനുവദിക്കരുതെന്ന് രാജാവ് സൂതികർമ്മിണികൾക്ക് ആജ്ഞ കൊടുത്തു. എന്നാൽ സൂതികർമ്മിണികൾക്ക് ഒരു കുട്ടിയേയും അപായപ്പെടുത്താൻ കഴിഞ്ഞില്ല. ഫറവോന്റെ കല്പന പാലിച്ചാൽ ദൈവം അവരോടു കൊപിക്കുമെന്ന് അവർ അറിഞ്ഞിരുന്നു. സ്ത്രീകൾ അവരുടെ സഹായമില്ലാതെ പ്രസവിക്കുകയാണെന്ന് അവർ ഫറവോനോടു കള്ളം പറഞ്ഞു. അല്പം കൂടി കഠിനമായ പദ്ധതികൾ നടപ്പിലാക്കണമെന്നു ഫറവോൻ തീരുമാനിച്ചു. ജനിക്കുമ്പോൾ തന്നെ എല്ലാ ആൺപൈതങ്ങളെയും നൈൽ നദിയിൽ ഇട്ടുകളയേണം എന്ന കല്പന താൻ പുറപ്പെടുവിച്ചു. ആ സമയത്ത് ഒരു  സ്ത്രീ ഒരു ആൺകുട്ടിക്ക് ജന്മം കൊടുത്തു ഏറ്റവും ഒരു കുട്ടിയാണെന്ന് അവൾ കണ്ടു. അവൾ ആ പൈതലിനെ വളരെ സ്നേഹിച്ചതിനാൽ അവനെ നദിയിലേക്കെറിയാൻ മനസുവന്നില്ല. അവൾ അവനെ 3 മാസം ഒളിപ്പിച്ചുവച്ചു. ഇനി അധിക നാൾ അവൾക്ക് കുഞ്ഞിനെ ഒളിപ്പിക്കാൻ കഴികയില്ലെന്നു അവൾക്ക് മനസിലായി. അവൾ ഒരു കുട്ടയിൽ(പെട്ടകം) അവനെ വച്ച് നദിയിലൂടെ ഒഴുകിപ്പോകത്തക്കവണ്ണം ക്രമീകരിച്ചു. ഫറവോന്റെ പുത്രി ഈ കുട്ടാ കണ്ട് അത് നദിയിൽ നിന്നെടുത്തു. അവൾ അതു തുറന്നപ്പോൾ കരയുന്ന ഒരു എബ്രായ ശിശുവിനെ അവൾ കണ്ടു. ഈ സമയം മുഴുവനും ആ ശിശുവിന്റെ സഹോദരി അവനെ അനുഗമിക്കുന്നവളായിരുന്നു. ഈ പൈതലിനെ നോക്കുവാൻ ആളെ ആവശ്യമുണ്ടോ എന്നു ചോദിച്ചു. വേണം എന്ന് ഫറവോന്റെ പുത്രിയുടെ വാക്ക് കേട്ടപ്പോൾ മോശയുടെ പെങ്ങൾ അവന്റെ അമ്മയെത്തന്നെ ഈ കുട്ടിയെ നോക്കുവാൻ അവിടെ എത്തിച്ചു. ആ ശിശുവിന്റെ ശൈശവാവസ്ഥ മാറ്റി ഫറവോന്റെ പുത്രിയുടെ മകനായിത്തീരും വരെ മോശയുടെ അമ്മ ആ കുട്ടിയെ വളർത്തി. ഫറവോന്റെ പുത്രി അവനു മോശ എന്നു പേരിട്ടു.

## പ്രായോഗികം (പാഠം-8)

ദൈവത്തിന് എന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട്

## മന:പാഠവാക്യം (പാഠം-8)

‘‘നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മെക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാടു.’’ യിരമ്യാവ് 29:11

## അസൈന്മെൻറ് (പാഠം-8)

നിങ്ങൾ ഭാവിയിൽ എങ്ങനെയുള്ളവൻ ആയിത്തീരുമെന്നാണ് കുടുംബത്തിലുള്ളവർ ചിന്തിക്കുന്നതെന്ന് അവരോടു ചോദിക്കുക. അവരുടെ നിർദ്ദേശങ്ങൾ ദൈവസന്നിധിയിൽ വച്ച് പ്രാർത്ഥിക്കുകയും അവൻ അത് സമ്മതിക്കയോ അതോ അതിലും വലിയ പദ്ധതികൾ ആണോ ഉള്ളത് എന്ന്
മനസ്സിലാക്കുകയും ചെയ്യുക.




## ദൈവത്തിന്റെ ഡി.എൻ.എ. (പാഠം-8)

അവൻ ഒരുക്കപ്പെട്ടുമ്പോൾ ദൈവം വിടുതലിനു ആളെ അയക്കും.



# വിനോദത്തിന്റെ സമയം (പാഠം-8)

## ഗയിം (പാഠം-8)

ബാസ്കറ്റ് പാസ് ചെയ്യുക

വിദ്യാർത്ഥികൾ ഒരു വൃത്താകൃതിയിൽ ഇരിക്കുക. വൃത്തത്തിനു ചുറ്റും ബാസ്കറ്റ് കൈയ്യിൽ വച്ചുകൊണ്ടിരിക്കാതെ വേഗത്തിൽ പാസ് ചെയ്തുകൊണ്ടിരിക്കുക. ഒരു വോളന്റിയർ കുട്ടയുമായി "അത്"ആരംഭിച്ച് അദ്ധ്യാപകൻ വിഷയം പറയുവാൻ തുടങ്ങുന്ന ----- കുട്ട കൈ മാറുക. വിദ്യാർത്ഥി വലതു വശത്തേക്ക് പാസ് ചെയ്തുകൊണ്ടിരിക്കുമ്പോൾ വിദ്യാർത്ഥി നേരത്തെ പറഞ്ഞിട്ടുള്ള ഗണത്തിൽ പെട്ട അഞ്ച് സാധനങ്ങളുടെ പേരുകൾ പറയണം. വസ്തുവിന്റെ മുൻപിലായി 5 പേരുകൾ പറയുവാൻ സാധിക്കുന്നില്ലെങ്കിൽ അയാൾ ഇപ്പോഴും അത് "അതുതന്നെയാണ്" 5വാക്കുകളും വിജയകരമായി പറയാൻ കഴിഞ്ഞാൽ ആ സമയത്ത് "അത് "ആരുടെ കൈവശം ആണോ ഉള്ളത് അയാളായിരിക്കും അടുത്ത കളിയിലെക്കുള്ള "അത് " (വളരെ പ്രയാസം തോന്നുന്നുവെങ്കിൽ 5 എന്നതിന് പകരം 3 എണ്ണത്തിന്റെ ലിസ്റ്റ് ഉണ്ടാക്കിയാലും മതി). നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ചില പ്രതിപാദ്യവിഷയങ്ങൾ, നോഹയുടെ കഥ, യേശുവിന്റെ ജനനത്തിന്റെ കഥ, പഴയ പാഠങ്ങൾ പുനരവലോകനം ചെയ്യുക , ഭക്ഷണ ശാലകൾ, സ്പോർട്സ് ഗയിമുകൾ, പച്ചക്കറികൾ പ്രോഗ്രാമുകൾ, കാൻഡി, ചെടികൾ വെള്ളത്തിൽ ജീവിക്കുന്ന മൃഗങ്ങൾ, അടുത്തുള്ള നഗരങ്ങൾ തുടങ്ങിയവ.

## ചർച്ച (പാഠം-8)

(മുതിർന്ന വിദ്യാർത്ഥികൾക്ക് വേണ്ടി)

1. എന്തിനാണ് ദൈവം ഇത്രയും സമയം എടുക്കുന്നത്? പ്രാർത്ഥനയിൽ ക്ഷമയോടെ കാത്തിരിക്കുന്നതും ദൈവത്തെ കുറ്റപ്പെടുത്തുന്നതും തമ്മിലുള്ള വ്യത്യാസം എന്ത്?



ദൈവത്തെ കുറ്റപ്പെടുത്തുന്നത് അവനെ കൈകാര്യം ചെയ്യുന്നതിനു തുല്യമാണ്. പ്രാർത്ഥനയിൽ ക്ഷമയോടെ കാത്തിരിക്കുന്നതിൽ അങ്ങനെയൊന്നു സംഭവിക്കുന്നില്ല. ചിലപ്പോൾ നമ്മുടെ പ്രാർത്ഥനക്ക് ഉത്തരം ലഭ്യമാകുന്നത് ആരംഭിച്ചിട്ടുണ്ടെങ്കിലും നാം അത് ഇതുവരെ കണ്ടിട്ടില്ല. പ്രാർത്ഥനയിൽ ക്ഷമ നാം അഭ്യസിക്കേണ്ടിയിരിക്കുന്നു. (സങ്കീ. 40:1-3, സങ്കീ. 69:1-13, സദൃശ്യ. 1:28-31, ദാനിയേൽ 10:10-13)

2. എന്തുകൊണ്ടാണ് ഇപ്പോഴും ദൈവത്തെ വിശ്വസിക്കുന്നത്. നമ്മുടെ ആവശ്യങ്ങൾ ദൈവം ചെയ്തു തരുമെന്ന് വിശ്വസിക്കാമോ?



ദൈവം ചെയ്യാമെന്ന് പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ അവനെ വിശ്വസിക്കാം. ദൈവം പറഞ്ഞ കാര്യങ്ങൾ അവർ ചെയ്യേണ്ടിവരുമെന്നോ അവർ ആശിച്ചത് ദൈവം ചെയ്യുമെന്നോ ഉള്ള ആശയക്കുഴപ്പത്തിൽ പെട്ടവരെ കണ്ടിട്ടുണ്ടോ. അവന്റെ വചനത്തിലൂടെ പറഞ്ഞ എല്ലാം ചെയ്തു തരുവാൻ എനിക്ക് അവനെ ആശ്രയിക്കാം. (1 രാജാ. 15:1-40)

3. മറ്റുള്ളവർ നമ്മെ ദ്വേഷിച്ചാൽ നമ്മുടെ പ്രതികരണം എന്ത്?

ചിലപ്പോൾ നമ്മെ വെറുക്കുന്നവരോട് ധൈര്യത്തോടെ നിൽക്കാൻ കഴിയും. ചിലപ്പോൾ മറ്റേ കരണം കാണിച്ചുകൊടുത്തു നമ്മുടെ സ്നേഹം അവരെ കാണിക്കണം ഇത് നമ്മിലുള്ള വ്യത്യാസം വിദ്യാർത്ഥികളോട് സംസാരിക്കുക. യേശുവിനെ ജനങ്ങൾ വെറുത്തപ്പോൾ സർപ്പസന്തതികളെ എന്നവരെ വിളിച്ചു. യോഹന്നാൻ സ്നാപകന് ശത്രുക്കൾ ഉണ്ടായിരുന്നപ്പോൾ അവരെ .......നില്ക്കുക ........സർപ്പസന്തതികളെ എന്ന് വിളിച്ചു .ഇത് ശത്രുക്കളെ സ്നേഹിക്കുന്നതായി എങ്ങനെ കാണാൻ കഴിയും. നിങ്ങളെ ദ്വേഷിക്കുന്നവരെ സ്നേഹിക്കാൻ കഴിയുമോ, നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുന്നത് എങ്ങനെ ആയിരിക്കും (പുറ. 23:4-5, സങ്കീ. 18:37-40, സദൃശ്യ. 24:17-18, 25:21, മത്തായി 5:43-47).

## വിദ്യാർത്ഥികളുടെ പേജുകളുടെ ഉത്തരങ്ങൾ(പാഠം-8)



## ലൂക്കായുടെ പരീക്ഷണം (പാഠം-8)

ബലൂൺ സ്ട്രിംഗ് റോക്കറ്റ്

കുടിക്കുന്ന സ്ട്രോയുടെ 1 ഇഞ്ച് കഷണം ഉണ്ടാക്കുക. 2 മീറ്റർ നീളമുള്ള ചരട് സ്ട്രോയുടെ കഷണത്തിന് അകത്തുകൂടി കടത്തി ചരടിന്റെ അറ്റം മുറുകെ പിടിക്കുക ബലൂണിൽ കാറ്റ് നിറച്ച് അറ്റം കെട്ടാതെ വെക്കുക. ഒരു ടേപ്പ് കൊണ്ട് സ്ട്രോയുടെ കഷണം ബലൂണുമായി ബന്ധിപ്പിക്കുക. ബലൂൺ സ്വതന്ത്രമായി വിട്ടാൽ അതിൽ നിന്ന് വരുന്ന കാറ്റുകൊണ്ട് ചരടിനൊത്തു തിരിയും.

https://www.youtube.com/playlist?list=PLOBHMuQ9nHZT9tiMWNWGip3nii82SAjRh

# --[ കേസ് 9 ]--

## സൂചനകൾ! (പാഠം-9)

### 1 സൂചന #1 തലക്കെട്ട് (പാഠം 9)

നിരപരാധിയല്ലാത്ത ജനക്കൂട്ടത്തിന്റെ കേസ്

### 2 സൂചന #2 നാടകം (പാഠം 9)

ഭയന്ന് ഓടാത്ത ജനക്കൂട്ടത്തിന്റെ കേസ്

പോലീസ്: ഹലോ സർ, എന്നെ എന്തിനാണ് ഇങ്ങോട്ട് വിളിച്ചത്.

കാൽനടക്കാരൻ: ഹലോ അതെ, അല്ലയോ ഓഫീസർ വന്നതിനു നന്ദി. ഞാൻ സമുദ്ര തീരത്തുകൂടെ നടന്നപ്പോൾ അവിടെ സംശയാസ്പദം ആയി കണ്ട ജനക്കൂട്ടത്തിലേക്ക് ഓടിച്ചെന്നു.

പോലീസ്: എന്റെ ശ്രദ്ധയിൽ അത് പെടുത്തിയത്തിൽ നന്ദി. സംശയമുള്ളവ ഇവിടെ ഞങ്ങൾ കാര്യമായി എടുക്കുന്നുണ്ട്.

കാൽനടക്കാരൻ: നിരത്തുകൂടി ഒരു കിലോമീറ്റർ പോയാൽ നിങ്ങൾക്കത് കാണാം.

പോലീസ്: അവർ?

കാൽനടക്കാരൻ: 12 കുട്ട അപ്പം, അതു മാത്രമേയുള്ളൂ. ബോട്ടുകളില്ല ആളുകളില്ല

പോലീസ്: അത് അസാധാരണമായിരിക്കുന്നല്ലോ. അത് എനിക്കൊന്നു വിശദീകരിച്ചു തരാമോ.

കാൽനടക്കാരൻ: പുറത്ത് മൊരിഞ്ഞിരിക്കുന്നതും അകത്ത് വെള്ളനിറമുള്ള മൃദുവായ ഒന്നാണ് തികച്ചും രുചികരം. ഓവന്റെ അകത്തു നിന്ന് എടുക്കുമ്പോൾ ഉള്ള രുചി അവർക്ക് ലഭിക്കുന്നു എന്ന് എനിക്ക് ഊഹിക്കാൻ കഴിയും.

പോലീസ്: ഞാൻ ഉദ്ദേശിക്കുന്നത് ആ കുട്ടകളെക്കുറിച്ചാണ്. അവയെക്കുറിച്ച് ഒന്ന് വിശദീകരിക്കാമോ.

കാൽനടക്കാരൻ: അത് സാധാരണ രീതിയിലുള്ള പഴയ കുട്ടയാണ്.

പോലീസ്: അവിടെ എത്ര എണ്ണം ഉണ്ടായിരുന്നെന്നാ പറഞ്ഞത്.

കാൽനടക്കാരൻ: സർ, 12 എണ്ണം

പോലീസ്: എത്ര അപ്പം നിങ്ങൾ എടുത്തു.

കാൽനടക്കാരൻ: രണ്ട്, നന്നായി നാല്, 2 എണ്ണം ഞാൻ അന്നേരം കഴിച്ചു.

പോലീസ്: മറ്റ് 2 എണ്ണം ഞാൻ തെളിവിന് എടുക്കുകയാ.

കാൽനടക്കാരൻ: നിങ്ങൾക്കുറപ്പുണ്ടോ അവിടെ12 കൊട്ട തെളിവുകളായിട്ടുണ്ട്.

പോലീസ്: ശരി വഴിയിൽ വച്ച് ഒരെണ്ണം എനിക്ക് തരിക.

കാൽനടക്കാരൻ: ഞാൻ വിചാരിച്ചു നിങ്ങൾക്ക് അത് തെളിവിനായിട്ടാണ് അത് വേണ്ടതെന്ന്.

പോലീസ്: തീർച്ചയായും. ഔദ്യോഗിക പോലീസ് ആവശ്യത്തിനു വിവരണങ്ങൾ തന്നതിന് നന്ദി. ഒരു നല്ല ദിനം ആശംസിക്കുന്നു(സന്തോഷത്തോടെ അപ്പം കഴിച്ച് കുട്ടയുടെ അടുത്തേക്ക് നടക്കുന്നു).

## 3 സൂചന #3 വസ്തു (പാഠം-9)

ക്ലാസ്സിൽ കൊണ്ടുവരിക: ബ്രഡോ, നാനോ

## 4 സൂചന #4 പുരാവസ്തുശാസ്ത്രം (പാഠം-9)




ഇന്ന് കാണുന്ന ഗലീല കടലിന്റെ മറ്റൊരു ഭാഗം. തടാകത്തിന്റെ പിന്നാമ്പുറത്ത് കാണുന്നത് പടകിൽ അക്കരക്ക് യേശു യാത്ര ചെയ്ത ഭാഗമാണ്. ഇവിടെ ആയിരിക്കാം പുരുഷാരം അവനെ കണ്ട് ക്ഷീണിച്ച് വിശന്നതും അവർ പോഷിപ്പിക്കപ്പെട്ടതും.

## 5 സൂചന #5 ബൈബിൾ രംഗം (പാഠം-9)



രഹസ്യം: ഒരു വലിയ പിക്നിക് ഭക്ഷണത്തിനു ശേഷം ഉപേക്ഷിക്കപ്പെട്ട പുല്ലിൽ കിടക്കുന്ന മീൻ മുള്ളുകൾ.

വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

# വ്യവഹാരം പരിഹരിച്ചു! (പാഠം 9)

## ബൈബിൾ കഥ(പാഠം-9)



യേശു 5000 പേരെ പോഷിപ്പിക്കുന്നു.

ബൈബിളിൽ നിന്ന് മർക്കോസ്: 6:30-44, മത്തായി 14:13-21

യേശുവും ശിഷ്യന്മാരും ഒരു ദിവസം മുഴുവനുള്ള ശുശ്രൂഷ കഴിഞ്ഞപ്പോൾ അവന്റെ സ്നേഹിതർ വിശന്നവരും തളർന്നവരും ആണെന്ന് യേശു മനസിലാക്കി. ശാന്തമായ ഒരിടത്ത് വിശ്രമിച്ച് ഭക്ഷണം കഴിക്കുവാൻ പടകിൽ അവനോടൊപ്പം യാത്ര ചെയ്യാമെന്ന് അവരോടു പറഞ്ഞു. അവൻ പടകിൽ യാത്ര ചെയ്യുന്നത് പുരുഷാരം കണ്ടിട്ട് കാൽനടയായി ആ തടാകത്തിന്റെ ചുറ്റും അവനെ അനുഗമിച്ചു. അവൻ പടകിൽ നിന്നിറങ്ങിയപ്പോൾ ഒരു വലിയ പുരുഷാരം അവനെ കാത്തു നിൽക്കുന്നത് കണ്ടു. അവനു വിശപ്പും ക്ഷീണവും ഉണ്ടായിരുന്നിട്ടും പുരുഷാരത്തെ കണ്ടപ്പോൾ മനസലിഞ്ഞു. രോഗികളെ സൌഖ്യമാക്കുവാൻ ആരംഭിച്ചു. ജനങ്ങൾ യേശുവിൽ നിന്ന് കേൾക്കുവാൻ ആഗ്രഹിക്കുന്നു എന്ന് ശിഷ്യന്മാർ അറിഞ്ഞിരുന്നെങ്കിലും നേരം വൈകിക്കൊണ്ടിരുന്നു. അടുത്തു നഗരങ്ങളിൽ ചെന്ന് ഭക്ഷണത്തിനു ആവശ്യമുള്ളത് വാങ്ങുവാൻ അവരെ അനുവദിക്കുന്നതായിരിക്കും നല്ലതെന്ന് ശിഷ്യന്മാർ യേശുവിനോട് പറഞ്ഞു. യേശു ശിഷ്യന്മാരോട് എന്തെങ്കിലും ഭക്ഷിക്കുവാൻ പുരുഷാരത്തിനു കൊടുക്കാൻ പറഞ്ഞു. 8 മാസത്തെ കൂലി ഉണ്ടെങ്കിലെ ഈ ജനത്തിനു മുഴുവൻ ഭക്ഷണം കൊടുക്കാൻ കഴിയുകയുള്ളെന്ന് ശിഷ്യന്മാർ യേശുവിനെ അറിയിച്ചു. അല്പം ഭക്ഷണം കണ്ടെത്താൻ ശിഷ്യന്മാരോട് പറഞ്ഞെങ്കിലും 5 അപ്പവും 2 മീനും അല്ലാതെ ശിഷ്യന്മാർക്ക് മറ്റൊന്ന് കണ്ടെത്താൻ കഴിഞ്ഞില്ല. അത് യേശുവിന്റെ കൈകളിൽ എത്തിക്കാൻ ആവശ്യപ്പെട്ടിട്ടു പുരുഷാരത്തെ പന്തിപന്തിയായി പുല്ലിൽ ഇരുത്തുവാൻ കല്പിച്ചു. അങ്ങനെ അവൻ അപ്പം എടുത്ത് വാഴ്ത്തി നുറുക്കി കുട്ടകളിലേക്ക് വച്ചു. അതുപോലെതന്നെ മീനും ചെയ്തു. അയ്യായിരം പുരുഷന്മാരും കുടുംബാംഗങ്ങളും അടക്കം അന്ന് എല്ലാവർക്കും ആവശ്യത്തിനു ഭക്ഷണം ലഭിച്ചു. എല്ലാവരും കഴിച്ചു തീർന്നപ്പോൾ ശിഷ്യന്മാർ ചുറ്റും നടന്നു ശേഷിച്ച കഷണങ്ങൾ 12 കൊട്ട നിറച്ചെടുത്തു.

## പ്രായോഗികം (പാഠം-9)

ദൈവം നൽകിയതിനു അവനോടു നന്ദിയുള്ളവരായിരിക്കും.

## മന:പാഠ വാക്യം (പാഠം-9)

''യഹോവെക്കു സ്തോത്രം ചെയ്‌വിൻ; അവന്റെ നാമത്തെ ആരാധിപ്പിൻ; ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെ അറിയിപ്പിൻ'' 1 ദിന. 16:8

## അസൈന്മെൻറ് (പാഠം-9)

നിങ്ങൾ ഭക്ഷണം കഴിക്കുന്നതിനു മുമ്പ് (സ്കൂളിലോ ഭക്ഷണശാലയിലോ) ദൈവമേ ഈ ഭക്ഷണം എനിക്ക് നൽകിയതിനാൽ നന്ദി. എന്ന് ദൈവത്തോട് പറയുക.

## ദൈവത്തിന്റെ ഡി.എൻ.എ. (പാഠം 9)




ദൈവം എല്ലാവരുടെയും ആവശ്യങ്ങൾ നൽകുകയും ചെറിയ കാര്യങ്ങൾ പോലും കരുതുകയും ചെയ്യുന്നു.



# വിനോദത്തിന്റെ സമയം (പാഠം-9)

## ഗയിം (പാഠം-9)

അപ്പവും മീനും ഒരു കുട്ടയിൽ ഒട്ടിച്ചു വയ്ക്കുക

ഒരു വലിയ പേപ്പറിൽ ഒരു കുട്ടയുടെ ചിത്രം നേരത്തെ തന്നെ ഉണ്ടാക്കിവച്ച് ക്ലാസ്സ് മുറിയുടെ മതിലിൽ ഒരു ടേപ്പ് കൊണ്ട് ഒട്ടിച്ചുവക്കുക. ഓരോ കുട്ടിക്ക് ഓരോ കുട്ടിക്ക് ഓരോന്ന് വീതം ചെറിയ മീനിന്റെയും അപ്പങ്ങളുടെയും ചിത്രങ്ങളും 2 ബ്ലൈൻസ് ഫോൾഡറുകളും ഒരുക്കി വക്കണം വിദ്യാർത്ഥികളെ 2 ടീമുകളായി തിരിച്ച് ഒരാൾ മീനും മറ്റൊരാൾ അപ്പവും അതിൽ ഒട്ടിക്കട്ടെ. ആ ചെറിയ ചിത്രങ്ങൾ കുട്ടയിൽ ഒട്ടിക്കത്തക്കവണ്ണം ടേപ്പിന്റെ ചെറിയ കഷണങ്ങളും ഒരുക്കിയിരിക്കണം. ടീമുകൾ വരിവരിയായി നിന്ന് ഓരോരുത്തരായി മാറിമാറി ആദ്യത്തെ വിദ്യാർത്ഥി ഒരു ബ്ലൈൻസ് ഫോൾഡ് ധരിച്ചു മതിലിനടുത്തുചെന്നു കുട്ടയിൽ ഒട്ടിച്ചുവക്കണം. കുട്ടയുടെ ചിത്രത്തിൽ ഏറ്റവും കൂടുതൽ സാധനങ്ങൾ വയ്ക്കുന്ന ടീം ആയിരിക്കും വിജയി

## ചർച്ച (പാഠം-9)

(മുതിർന്ന വിദ്യാർത്ഥികൾക്ക് മാത്രം)

1. എന്തുകൊണ്ടാണ് ചുറ്റുപാടുമായി അധികം പൊരുത്തമില്ലാത്തത്. ഞാൻ ചെയ്യുന്നതിനേക്കാൾ കൂടുതൽ ചെയ്യുന്ന മറ്റ് ആളുകൾ ഉണ്ട്. എന്നേക്കാൾ കുറവു ചെയ്യുന്ന ആളുകളും ഉണ്ട്. എങ്ങനെയാണ് ഈ അസൂയക്കും കുശുമ്പിനും ഒരു അറുതി വരുത്തുവാൻ കഴിയുന്നത്. നമുക്ക് പങ്കുവയ്ക്കുവാനുള്ള അവസരങ്ങൾ ഇപ്പോഴും ഉണ്ട്. നമുക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും വേണം (2 ശമു. 12:1-9, അപ്പൊ. 4:32-37, 2 കൊരി. 9:7-11,2 , 2 തെസ. 3:6-12)



2. ഞാൻ ഇതുവരെ വളർന്നിട്ടില്ലെങ്കിലും എന്ത് വ്യത്യാസമാണ് എനിക്ക് ഉണ്ടാക്കാൻ കഴിയുന്നത്?

ഏതെല്ലാം രീതിയിലാണ് ദിനന്തോറും നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളെ സേവിക്കുന്നത് എന്ന് ചിന്തിക്കുന്നത്. അവർ നിങ്ങളെ സേവിക്കുമ്പോൾ എന്തെങ്കിലും വ്യത്യസ്തത നിങ്ങൾക്ക് അനുഭവപ്പെടാറുണ്ടോ. ലോകത്തിനു ഒരു വ്യത്യാസം വരുത്തുവാൻ വളർച്ച ഒരു ഭാഗമാണ് എന്ന് മനസിലാക്കാം. പ്രത്യേകിച്ച് അതിന്റെ ആവശ്യം ഇല്ലെങ്കിലും മറ്റുള്ളവരെ സേവിക്കുന്നതിലൂടെ അത് കഴിയും മർക്കോ. 10:42-45, ലൂക്കോ. 10:38-42, റോമർ 12:1-31, 1 കൊരി. 12:5-11.

3. എന്താണ് ഒരു അത്ഭുതം. മറ്റുള്ളവർക്ക് സംഭവിച്ചു എന്ന് നിങ്ങൾ കേട്ടിട്ടുള്ള അത്ഭുതങ്ങൾ എന്തൊക്കെയാണ്?

നിങ്ങളുടെ സ്വന്തജീവിതത്തിൽ ഒരു അത്ഭുതം എന്തെങ്കിലും കണ്ടിട്ടുണ്ടോ. നമ്മുടെ സാധാരണ ലോകത്തിലെ പ്രകൃത്യാതീതമായ ഇടപെടൽ ആണ് അത്ഭുതം എന്ന് പറയുന്നത്. അനേക സന്ദർഭങ്ങളിൽ, നാം അത്ഭുതങ്ങൾ പ്രതീക്ഷിക്കുന്നില്ലെങ്കിലും ദൈവം നമ്മെ പലപ്പോഴും ആശ്ചര്യം ഉള്ളവരാക്കുന്നു. ഒരു ശാരീരിക അസുഖം മുതൽ

കാർ അപകടത്തിൽ നിന്നുള്ള വിടുതലും മനസ് തണുത്തിരിക്കുമ്പോൾ ശത്രുവിനോട് സ്നേഹം കാണിക്കുന്ന യഥാർത്ഥ മാനസാന്തരവും ഉൾപ്പെടുന്നു.

## വിദ്യാർത്ഥികളുടെ പേജുകളിലെ ഉത്തരങ്ങൾ (പാഠം-9)









## ലൂക്കായുടെ പരീക്ഷണം (പാഠം-9)

മൂക്കസ്-കഫം

ഒരു തെളിഞ്ഞ പാത്രത്തിൽ ചൂടുവെള്ളം ഒഴിച്ച് അതിൽ 2 പാക്കറ്റ് ജലാറ്റിൻ ഇടുക. വെള്ളത്തിൽ ജലാറ്റിൻ ഇളക്കി യോജിപ്പിക്കുക. ചൂടുവെള്ളത്തിലേക്ക് പാൻ കേക്ക് മിശ്രിതം ഒഴിച്ചാൽ കൃത്രിമമായ (മൂക്കസ്)കഫം രൂപപ്പെടുന്നു. ശരിയായ മൂക്കസ് പ്രോട്ടീനും പഞ്ചസാരയും ഉണ്ടാക്കുന്നതാണ്. നമ്മുടെ പരീക്ഷണത്തിൽ ജലാറ്റിൻ പ്രോട്ടീൻ നൽകുകയും സിറപ്പ് പഞ്ചസാരയും നൽകുന്നു. സന്തോഷിക്കുക

https://www.youtube.com/playlist?list=PLOBHMuQ9nHZT9tiMWNWGip3nii82SAjRh

# --[ കേസ് 10 ]--

## സൂചനകൾ! (പാഠം-10)

### 1 സൂചന#1 തലക്കെട്ട് (പാഠം-10)

രാജാവിന്റെ അനുരണമില്ലാത്ത ദാസന്മാരുടെ കേസ്

### 2 സൂചന #2 നാടകം (പാഠം-10)

ഓപ്പറേറ്റർ (വിദഗ്ദൻ): ബാബിലോൺ ചൂള കമ്പനി, ഞാൻ എങ്ങോട്ടാണ് നിങ്ങളുടെ വിളി തിരിച്ച് വിടേണ്ടത്.

മാനേജർ: ഹലോ, ശരി നിങ്ങൾക്ക് ചൂള സർവീസിലേക്ക് ഈ വിളി തിരിച്ച് വിടാമോ.

ഓപ്പറേറ്റർ: അവർ ഒരു മിനിറ്റ് മുമ്പ് ഇറങ്ങിയെന്ന തോന്നുന്നു. നിങ്ങളുടെ സന്ദേശം ഞാൻ എടുക്കട്ടെ.

മാനേജർ: ശരി നിങ്ങൾക്ക് നന്ദി. എന്റെ കയ്യിൽ ഒരു തീച്ചൂള ഉണ്ട് അതൊന്നു പരിശോധിക്കണമായിരുന്നു.

ഓപ്പറേറ്റർ: ഇത് ദൂരാ സമഭൂമിയിലെ പുതിയ ഒന്നാണോ.

മാനേജർ: അതേ, അത് തന്നെ

ഓപ്പറേറ്റർ: ഓ.കെ അത് സ്ഥാപിച്ചതേയുള്ളല്ലോ 20 മാസത്തേക്ക് അറ്റകുറ്റപ്പണി ആവശ്യമായി വരില്ല. എന്തെങ്കിലും കുഴപ്പങ്ങൾ അതിനുണ്ടോ.

മാനേജർ: എനിക്ക് വാസ്തവത്തിൽ അറിയില്ല.

ഓപ്പറേറ്റർ: അത് ചൂടുപിടിക്കാൻ അവസരങ്ങൾ ഉണ്ടായോ.

മാനേജർ: ഞങ്ങൾ ഇന്നലെ അതൊന്നു ഉപയോഗിച്ചു. എന്നാൽ അസാധാരണമായ സംഭവങ്ങൾ ആണ് നടന്നത്.

ഓപ്പറേറ്റർ: അതുപോലെയുള്ള പുതിയ ചൂള കത്തുന്നതിനു ഒരു സമയ പരിധിയുണ്ട്. അതുവരെ ചെറിയ അസാധാരണ ഗന്ധവും പുകയും ഉണ്ടാകും.

മാനേജർ: അതേ, വാസ്തവത്തിൽ അതൊന്നും കുഴപ്പമില്ല. രൂക്ഷമായ ഗന്ധവും പുകയും ഒന്നും ആരുടേയും ശ്രദ്ധയിൽ പെട്ടില്ല. എന്നാൽ അത് തുറന്നു--- സാധനങ്ങൾ ഇടാൻ തുടങ്ങിയപ്പോൾ ഞങ്ങളുടെ 2 ഓപ്പറേറ്റർമാർ വെന്തുചാമ്പലായി.

ഓപ്പറേറ്റർ: ആ തീച്ചൂളയുടെ വാതിൽ സാധാരണയിൽ മൂന്നിരട്ടി ചൂടായാലും സുരക്ഷിതമാണ്. നിങ്ങൾ എത്ര ചൂട് അതിൽ നൽകി.

മാനേജർ: വാസ്തവത്തിൽ സാധാരണയിൽ 7 ഇരട്ടി ചൂട് കൂടുതൽ ഉപയോഗിച്ചിരുന്നു.

ഓപ്പറേറ്റർ: ശ്വാസം എടുത്ത് ദൈവമേ. ആ ചൂളക്ക് അത്രയും കൂടുതൽ ഉൾക്കൊള്ളാൻ കഴിയുമെന്നുള്ള തിയറി എനിക്കറിയാം. എന്നാൽ അത് അതിന്റെ ഓപ്പറേറ്റേഴ്സിനു സുരക്ഷിതമല്ല. മാത്രമല്ല അകത്ത് എന്ത് ഇട്ടാലും പൂർണ്ണമായി നശിക്കയും ചെയ്യും.

മാനേജർ: അതാണ് ഞങ്ങൾ പ്രതീക്ഷിച്ചതും. എന്നാൽ അകത്തുണ്ടായിരുന്നതിന് ഒന്നും പറ്റിയില്ല. എന്നാൽ അതിന്റെ ഓപ്പറേറ്റർമാർ മരിച്ചുപോയി.

ഓപ്പറേറ്റർ: അവർ തിരിയെ എത്തുമ്പോൾ ഈ സന്ദേശം അവർക്ക് കൊടുക്കാം.

മാനേജർ: നന്ദി. അഭിനന്ദനീയം തന്നെ.

ഓപ്പറേറ്റർ: ബാബിലോൺ ചൂള കമ്പനിയിലേക്ക് വിളിച്ചതിന് നന്ദി. ഒരു നല്ല ദിവസം ആശംസിക്കുന്നു.

## 3 സൂചന #3 വസ്തു (പാഠം-10)




ക്ലാസ്സിൽ കൊണ്ടുവരേണ്ടത്: തീപ്പെട്ടി, പുകപിടിച്ച തുണികൾ.

## 4 സൂചന #4 പുരാവസ്തുശാസ്ത്രം (പാഠം-10)

ഇത് ബ്രസീലിലെ ഒരു സ്റ്റീൽ ഉരുക്കുശാലയിൽ നിന്ന് അടുത്ത ഇടയ്ക്ക് എടുത്ത ചിത്രമാണ്. ഈ തീച്ചൂളയുടെ അടുത്ത് ജോലി ചെയ്യുന്നവർ തീ പിടിക്കാത്ത വസ്ത്രങ്ങൾ, പാദരക്ഷകൾ,

കൈയുറകൾ, ശിരോകവചങ്ങൾ എന്നിവ ധരിക്കേണ്ടതാണ്.



## 5 സൂചന #5 ബൈബിൾ രംഗം (പാഠം-10)

രഹസ്യം: കിന്നരം, ഓടക്കുഴൽ, വീണ, സിത്താർ തുടങ്ങിയവ വേദിയിൽ

# വ്യവഹാരം പരിഹരിച്ചു വ്യവഹാരം പരിഹരിച്ചു

## വ്യവഹാരം പരിഹരിച്ചു! (പാഠം-10 )

### ബൈബിൾ കഥ (പാഠം-10)

ശദ്രക്കും, മേശ്ക്കും, അബേദ്നെഗോം

ബൈബിളിൽ നിന്ന്: ദാനിയേൽ 3



നെബുക്ക്ദ് നെസർ  രാജാവ് ഒരു വലിയ സ്വർണ്ണ ബിംബം ഉണ്ടാക്കി, എല്ലാവരും അതിനെ വണങ്ങണമെന്ന് നിർദ്ദേശിച്ചു. അവൻ തന്റെ എല്ലാ ഉദ്യോഗസ്ഥരേയും വിളിച്ചു സംഗീതം മുഴങ്ങുമ്പോൾ മുട്ടുകുത്തി ഈ ബിംബത്തെ നമസ്കരിച്ച് അവരെത്തന്നെ സമർപ്പിക്കണമെന്ന് കല്പന പുറപ്പെടുവിച്ചു. ഇത് നിരാകരിച്ചാൽ അവരെ കത്തുന്ന തീച്ചൂളയിലേക്ക് ഏറിയും എന്ന് കല്പിച്ചു. യഹൂദന്മാരായ തന്റെ ഉദ്യോഗസ്ഥന്മാരിൽ 3 പേർ ഈ ബിംബത്തെ നമസ്കരിച്ചില്ല എന്നറിഞ്ഞ നെബുക്ക്ദ് നെസർ രാജാവ് ക്ഷുഭിതനായി. ശദ്രക്ക്, മേശക്ക്, അബേദനഗോ എന്ന മൂന്നുപേരെ രാജാവിന്റെ മുമ്പിൽ കൊണ്ടുവരേണ്ടതിനും ഇതിന്റെ സത്യാവസ്ഥ അറിയുന്നതിനും രാജാവ് കല്പനയിട്ടു. ഇത് സത്യമാണെന്ന് അവർ സമ്മതിക്കയും അവർ ബിംബത്തെ നമസ്കരിക്കയില്ലെന്നു അറിയിക്കയും ചെയ്തു. അവർ തന്നെത്താൻ പ്രതിരോധിക്കുന്നതിന് ഭയപ്പെട്ടില്ല, കാരണം അവരെ രക്ഷിക്കാൻ കഴിയുന്ന സത്യദൈവത്തിൽ അവർ വിശ്വാസം അർപ്പിച്ചിരുന്നു. ദൈവം അവരെ രക്ഷിച്ചില്ലെങ്കിലും തങ്ങളുടെ ജീവന്റെ രക്ഷയ്ക്കുവേണ്ടി ഈ തീച്ചൂളയെ ഭയപ്പെട്ട് ഈ ബിംബത്തിന്റെ മുമ്പിൽ മുട്ടുമടക്കയില്ല എന്നവർ രാജാവിനോട് പറഞ്ഞു. രാജാവ് കോപവരവശനായി അഗ്നിയുടെ ശക്തി ഇപ്പോഴുള്ളതിൽ നിന്ന് ഏഴു മടങ്ങ് വർദ്ധിപ്പിക്കുവാൻ നിർദേശം നൽകി. ഏറ്റവും ശക്തന്മാരായ ആളുകളെ ശദ്രക്കിനെയും മേശക്കിനെയും അബേദ്നാഗോയെയും ബന്ധിച്ചു തീച്ചൂളയിൽ ഇടാൻ നിയോഗിച്ചു. അഗ്നിക്ക് വളരെ ചൂട് ഉണ്ടായിരുന്നതിനാൽ അവരെ ഇടാൻ പോയ പുരുഷന്മാർ വെന്തു ചാമ്പലായി. 4 പേർ അഗ്നിയിൽ കൂടെ നടക്കുന്നത് കണ്ട രാജാവ് അത്ഭുത പരതന്ത്രനായി. ഒരാളിന് ദൈവപുത്രന്റെ രൂപത്തോട് സാദൃശ്യമുണ്ട്. ഉന്നതനായ ദൈവത്തിന്റെ മനുഷ്യർ എന്ന് വിളിച്ച് തീച്ചൂളയിൽ നിന്ന് വെളിയിൽ വരാൻ രാജാവ് അവരോട് ആവശ്യപ്പെട്ടു. അവർ അഗ്നിയിൽ നിന്ന് വെളിയിൽ വന്നപ്പോൾ അഗ്നി അവരുടെ വസ്ത്രത്തിനോ, തൊലിക്കോ ഒരു ചെറിയ മുടി നാരിനോ പോലും ദോഷം വരുത്തിയിട്ടില്ലെന്ന് മനസിലാക്കാൻ കഴിഞ്ഞു.

### പ്രായോഗികം (പാഠം-10)

ഞാൻ തെറ്റ് ചെയ്യാൻ നിർബന്ധിക്കപ്പെടുമ്പോൾ ഞാൻ അതിനു വഴങ്ങുകയില്ല.

### മന:പാഠ വാക്യം (പാഠം-10)

''മകനേ, പാപികൾ നിന്നെ വശീകരിച്ചാൽ വഴിപ്പെട്ടുപോകരുതു.'' സദൃശ്യ 1:10

### അസൈന്മെൻറ് (പാഠം-10)

നിങ്ങൾ പരീക്ഷിക്കപ്പെടുമ്പോൾ മറ്റുള്ളവരെ ചതിക്കുവാനോ ഉത്തരം ലഭിക്കാനോ വഴങ്ങി കൊടുക്കരുത്. ഒരു സ്നേഹിതന് ഉത്തരങ്ങൾ പറഞ്ഞു കൊടുക്കണം എന്ന് വരുമ്പോൾ ഇല്ല(അല്ല) എന്ന് പറയുക. നിങ്ങൾ ഒരു സ്റ്റോറിൽ ആരും കാണാത്ത ഇടത്തായിരിക്കുമ്പോൾ എന്തെങ്കിലും മോഷ്ടിക്കുവാൻ ശ്രമിക്കാതിരിക്കുക.

## ദൈവത്തിന്റെ ഡി.എൻ.എ.(പാഠം-10)

വേദനയാൽ ഭയപ്പെടുത്തപ്പെട്ടാലും ദൈവത്തോട് വിശ്വസ്തതയോടെ നിലനിൽക്കാൻ കഴിയുന്നവരോടു കൂടെ ദൈവം ഉണ്ടായിരിക്കും.






# വിനോദത്തിന്റെ സമയം! (പാഠം-10)

## ഗയിം(പാഠം-10)

ദൈവവചനത്തെ മുറുകെ പിടിക്കുക.

ഓരോ ടീമിനും ഒരു പെൻസിലോ ഒരു സ്ട്രോയോ അവർ തിരഞ്ഞെടുത്തതോ പാഠങ്ങളിൽ നിന്നുള്ള താക്കോൽ വാക്യങ്ങളോ എഴുതാൻ പറ്റിയ ചെറിയ പേപ്പറുകൾ(ഒരു വാക്ക് ഒരു പേപ്പറിൽ) എന്നിവ അദ്ധ്യാപകൻ നൽകുന്നു. ഒരു ഗോൾ ലൈൻ ക്രമീകരിക്കുക. സ്ട്രോയുടെ അറ്റത്ത് പേപ്പർ വലിച്ചുകുടിക്കുന്നത് പോലെ പിടിച്ച് കൈകൾ ഉപയോഗിക്കാതെ ഗോൾ ലൈനിലേക്കും തിരികെയും നീങ്ങുക. ടീമംഗങ്ങൾ കൈകൾ ഉപയോഗിക്കാതെ പേപ്പറുകൾ അടുത്ത അംഗത്തിന് നൽകുക. അടുത്തയാൾ സ്ട്രോ കൊണ്ട് പേപ്പർ വലിച്ചെടുത്ത് ഗോൾ വലയം വരെ എത്തി തിരികെ വന്ന് അടുത്ത ആളിന് കൈമാറുക.

## ചർച്ച (പാഠം-10)

(മുതിർന്ന വിദ്യാർത്ഥികൾക്ക് വേണ്ടി)



1. ഒരു ക്രിസ്ത്യാനി ആകുക എന്നത് എന്നെ ജനപ്രീതിയില്ലാത്തവനായി മാറ്റുകയാണോ ദൈവത്തെ അനുഗമിക്കുന്നതിനുള്ള താൽപര്യവും മറ്റുള്ളവരാൽ ഇഷ്ടപ്പെടുന്നവനായിത്തീരുക എന്ന താല്പര്യവും എങ്ങനെയാണ് ഒരുപോലെ കൊണ്ടുപോകാൻ കഴിയുന്നത്?

ഒരു ശക്തനായ ക്രിസ്ത്യാനി ആകുന്നതും പ്രശസ്തനാകുന്നതും എളുപ്പമാണ്. കാരണം, എന്റെ വിശ്വാസത്തെ അംഗീകരിച്ച മറ്റുള്ളവരെ സ്നേഹിച്ച അവർക്ക് വേണ്ടി ഏറ്റവും നല്ലത് ചെയ്യുന്നത് പ്രശസ്തരാകുന്ന വഴി അല്ല എന്നാൻ ശരിയായ കൂട്ടുകാരെ ഉണ്ടാക്കുന്നതിനുള്ള മഹത്തരമായ പാതയാണ്. ദൈവം പ്രശസ്തിയേക്കാൾ ഉപരി അവനെ തിരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്നു. (സദൃശ്യ. 29:25, മത്താ. 10:32- , എബ്രാ. 12:14-15, 1 പത്രോ. 4:12-14)

2. അത് തെറ്റായി തോന്നിയില്ലെങ്കിൽ എന്തായിരിക്കും? എന്റെ വികാരങ്ങളെ എനിക്ക് വിശ്വസിക്കാമോ.


ഇല്ല. നിങ്ങളുടെ വികാരങ്ങളെ വിശ്വസിക്കാൻ കഴിയില്ല. ദൈവത്തിന്റെ ശബ്ദം തിരിച്ചറിയാൻ പഠിക്കുന്നത് അനുഭവത്തിൽ നിന്നാണ്. ദൈവം നമ്മോടു പറഞ്ഞ കാര്യങ്ങൾ നമ്മുടെ വികാരങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നുണ്ടോ എന്ന് കണക്കാക്കണം. നമ്മുടെ തെറ്റായ വികാരങ്ങളെയും ശരിയായവയെയും തമ്മിലുള്ള വ്യത്യാസം നമുക്ക് പറയുവാൻ കഴികയില്ല (സദൃശ്യ: 1:1-7, സദൃശ്യ.3:21-26, റോമ. 14:20-23, ഗലാത്യർ. 5:16-17 )

3. അല്ല എന്ന് പറയുന്നവൻ ഞാൻ മാത്രം ആണെങ്കിലോ?

ശരിയായ കാര്യങ്ങൾ തുടർമാനമായി ചെയ്യാൻ തിരഞ്ഞെടുപ്പു നടത്തണം. തെറ്റായി എനിക്ക് ഒന്നും കാണാൻ കഴിയുന്നില്ലെങ്കിൽ ഇത് തന്ത്രപരമായിത്തീരുന്നത് പോലെ തോന്നുന്നത് എല്ലാവര് ചെയ്യുന്നതുപോലെ ഞാൻ ചെയ്യുകയോ അതിന്റെ പരിണിതഫലങ്ങൾ ദീർഘകാലത്തേക്ക് ഉള്ളതും ആയതുകൊണ്ടാണ്. ബുദ്ധിയുടെ ഒരു ഭാഗം

ശരിയായ കാര്യങ്ങൾ ചെയ്യുന്നു എന്നാൽ തെറ്റായ കാര്യങ്ങൾ ചെയ്യുന്നതിന്റെ പരിണിതഫലങ്ങൾ നാം അറിയാത്തതിനാൽ ആണ്. സങ്കീ. 25:1-5 വരെ വാക്യങ്ങളിൽ കാണുന്നത് ഈ പ്രത്യേക സന്ദർഭങ്ങളിൽ ദാവീദ് എങ്ങനെ പ്രതികരിച്ചു എന്നതും അത് എങ്ങനെ രൂപപ്പെടുന്നു എന്നറിയാൻ ദൈവത്തോടു അപേക്ഷിക്കുന്നതുമാണ്.

## വിദ്യാർത്ഥികളുടെ പേജുകൾക്കുള്ള ഉത്തരങ്ങൾ(പാഠം-10)








## ലൂക്കായുടെ പരീക്ഷണം (പാഠം-10)

പാൽപെട്ടികാർ (മിൽക്ക് ബോക്സ് കാർ )

കാർഡ്ബോർഡിന്റെ പാൽ പാത്രത്തിന്റെ വീതിയിൽ രണ്ടു കഷണങ്ങളായി ½ ഇഞ്ച് നീളത്തിൽ കുടിക്കുന്ന സ്ട്രോ മുറിക്കുക. വട്ടത്തിലുള്ള കാൻഡി സ്റ്റിക്ക് കൊണ്ട് കാറിന്റെ 2 ആക്സിൽ രൂപത്തിൽ മുറിക്കുക. ലോലി പോപ്പിൽ ഉപയോഗിച്ചിരിക്കുന്നതുപോലെ ½ ഇഞ്ചു നീളത്തിൽ സ്ട്രോയുടെ കഷണങ്ങളെക്കാൾ നീളത്തിൽ മുറിക്കുക. ആ ആക്സിലുകൾ സ്ട്രോയിലൂടെ കടത്തി മരുന്ന് കുപ്പികളിൽ നിന്നോ ഫിലിം ബോട്ടിലിൽ നിന്നോ നാലു ചക്രങ്ങളുമായി ബന്ധിപ്പിക്കുക. സ്ട്രോകൾ ടേപ്പ് കൊണ്ട് ഒട്ടിച്ച് മിൽക്ക് ബോർഡ് കാർ ആക്കും.

https://www.youtube.com/playlist?list=PLOBHMuQ9nHZT9tiMWNWGip3nii82SAjRh

# --[ കേസ് 11 ]--

## സൂചനകൾ! (പാഠം 11)

### 1 സൂചന #1 തലക്കെട്ട് (പാഠം-11)

ജയിൽ തകർത്തതിന്റെ കേസ്

### 2 സൂചന #2 നാടകം (പാഠം-11)

ജയിലർ: ചെറിയ ഒരു അറിയിപ്പിൻ മേൽ വന്നതിനു നന്ദി. ഈ ജയിലറകൾ പ്രവർത്തന ക്ഷമം ഇനിയും ആയിത്തീരേണ്ടിയിരിക്കുന്നു.

അവോനിൽ: സാരമില്ല. ഭൂകമ്പത്തിൽ നാശം ഉണ്ടായ ഭാഗങ്ങൾ ഒന്ന് കാണിക്കാമോ.

ജയിലർ: അത് അവിടെയുണ്ട്. ഈ ജയിലറകൾ പരിശോധിക്കണം പ്രത്യേകിച്ച് വാതിൽ പൂട്ടുകൾ.

അവോനിൽ: ഓക്കെ നമുക്ക് ഒന്ന് നോക്കാം.

ജയിലർ: ഇത് കണ്ടോ. ഇതും (ചൂണ്ടിക്കാണിക്കുന്നു)

അവോനിൽ: ഓക്കെ തീർച്ചയായും. ഇത് വളരെ ലളിതമാണ്

ജയിലർ: ഇതിൽ ഭാഗ്യം ഉണ്ടെന്ന് ഉറപ്പാണ്.

അവോനിൽ: കുട്ടീ, ഞാൻ പറയാം എല്ലാ ജയിലറകളും ഈ ഭൂകമ്പത്തോട് വിട്ടു വീഴ്ച ചെയ്തു.

ജയിലർ: അത് ശരി. ഇവിടത്തെ എല്ലാ കതകുകളും തുറന്നു.

അവോനിൽ: സാറേ, നിങ്ങൾ ഭാഗ്യവാനാണ്.

ജയിലർ: അതെ ഇത് എന്റെ ജീവിതത്തിലെ ഏറ്റവും നല്ല ദിനം ആയിത്തീർന്നു.

അവോനിൽ: ശരി. ഞാൻ കൊളുത്തുകളും വിജാഗിരികളും വക്കുമ്പോൾ അതിനടുത്തുള്ള താമസക്കാർ എന്റെ അടുത്തു വരില്ലെന്ന് ഉറപ്പ് വരുത്തണം.

ജയിലർ: അവർ വരില്ല. അവർക്കും അത് നല്ല സമയങ്ങൾ ആയിരുന്നു.

അവോനിൽ: അവർ നന്നായി ഉറങ്ങിക്കാണും.

ജയിലർ: അതെ, പാട്ട്, ഭൂകമ്പം എന്നിവകൊണ്ട് അതൊരു നീണ്ട രാത്രി ആയിരുന്നു.

അവോനിൽ: പാട്ടോ

ജയിലർ: എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള ഏറ്റവും അസാധാരണമായ രാത്രി ആയിരുന്നു അത്.

അവോനിൽ: ഞാൻ ജോലി ചെയ്യട്ടെ

ജയിലർ: ഞാൻ ഒന്ന് മയങ്ങട്ടെ.

## സൂചന #3 വസ്തു (പാഠം-11)

ക്ലാസ്സിൽ കൊണ്ടുവരിക: ക്രിസ്തീയ സംഗീതമോ, സഭയിലെ പാട്ട് പുസ്തകമോ

## സൂചന #4 പുരാവസ്തുശാസ്ത്രം (പാഠം-11)




ഗ്രീസിലെ ഫിലിപ്യയിൽ പൌലോസിനെ സൂക്ഷിച്ചിരുന്ന ഒരു തടവറയാണിത്. ഇപ്പോൾ സന്ദർശകർക്കായിസംരക്ഷിക്കപ്പെട്ടിരിക്കുന്നു.



## സൂചന #5 ബൈബിൾ രംഗം (പാഠം-11)

രഹസ്യം: വിണ്ടു കീറലുകൾ ഉള്ള ജയിലറയുടെ വാതിലും അടുത്ത് നടന്ന ഭൂകമ്പത്തിന്റെ അവശിഷ്ടങ്ങളും.

![വ്യവഹാരം പരിഹരിച്ച വ്യവഹാരം പരിഹരിച്ച]

# വ്യവഹാരം പരിഹരിച്ചു! (പാഠം-11)

## ബൈബിൾ കഥ (പാഠം-1)

പൌലോസും ശീലാസും

ബൈബിളിൽ നിന്ന്: അപ്പൊ.16



പൌലൊസിനെയും ശിലാസിനെയും ദണ്ഡിപ്പിച്ച് ജയിലിലേക്ക് ഇട്ടു. പട്ടണത്തെ കലക്കുന്നു എന്ന കുറ്റം ആയിരുന്നു അവരിൽ ആരോപിക്കപ്പെട്ടത്. ജയിൽ ഉദ്യോഗസ്ഥൻ അവരുടെ കൈകളും കാലുകളും ചങ്ങലയാൽ ബന്ധിച്ച വാതിൽ പൂട്ടി. ഉറപ്പാക്കി. പൌലോസും ശിലാസും യേശുവിനു വേണ്ടി പാടിയും പ്രാർത്ഥിച്ചും രാത്രി കഴിച്ചുകൂട്ടി. പെട്ടെന്ന് ഒരു ഭൂകമ്പം ഉണ്ടായി പൌലോസിന്റെയും ശീലാസിന്റെയും കൈകളിൽ നിന്ന് ചങ്ങലകൾ അഴിഞ്ഞു വീഴുകയും വാതിൽ തുറന്നു പോകയും ചെയ്തു. ജയിലുദ്യോഗസ്ഥർ ഉറക്കമുണർന്നപ്പോൾ ജയിലിന്റെ വാതിൽ തുറന്നിരിക്കുന്നതും പൌലോസും ശീലാസും രക്ഷപ്പെട്ടു എന്നും കരുതി. അവർ രക്ഷപെട്ടെന്നു കരുതി അവൻ മരണത്തിനായി ഒരുങ്ങി. പൌലോസും ശീലാസും അവിടെത്തന്നെ ഉണ്ടായിരുന്നു. നിനക്ക് ഒരു ദോഷവും വരുത്തരുത് എന്ന് അവർ കാരാഗ്രഹപ്രമാണിയോട് പറഞ്ഞു. അവർ ജയിലിൽത്തന്നെ ഉണ്ടെന്ന് മനസിലാക്കിയ കാരാഗൃഹപ്രമാണി അവരുടെ മുമ്പിൽ മുട്ടുകുത്തി, രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യണം എന്ന് അവരോടു ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്കുക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷിക്കപ്പെടും (അപ്പൊ.പ്ര. 16:31) അർദ്ധരാത്രിയിൽ തന്നെ കുടുംബത്തിലെ മുഴുവൻ പേരും യേശുവിൽ വിശ്വസിച്ച് ജലത്തിൽ സ്നാനം ഏറ്റു.

## പ്രായോഗികം (പാഠം-11)

ഞാൻ ചെയ്യാത്ത കുറ്റത്തിന് ശിക്ഷിക്കപ്പെടുമ്പോൾ ദൈവം ഒരു പ്രത്യേക അനുഗ്രഹം എനിക്ക് നൽകും.

## മന:പാഠ വാക്യം (പാഠം-11)

''എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.'' മത്തായി 5:11

## അസൈന്മെൻറ് (പാഠം-11)

നിങ്ങൾ ഒരു യഥാർത്ഥ ക്രിസ്ത്യാനി ആണെന്ന് നിങ്ങളുടെ രക്ഷയെക്കുറിച്ച് തുറന്നു സംസാരിക്കുക. ആളുകൾ നിങ്ങളെ അപമാനിക്കുകയോ കളിയാക്കുകയോ ചെയ്താൽ അവരോടു പ്രതികരിക്കാനോ പകവീട്ടുവാനോ ശ്രമിക്കരുത്. ശാന്തമായിരുന്നു നിങ്ങൾ ഏതെല്ലാം വഴിയിലാണ് അനുഗ്രഹിക്കപ്പെട്ടതെന്നു കാണിക്കുവാൻ ദൈവത്തോട് പറയുക.

## ദൈവത്തിന്റെ ഡി.എൻ.എ. (പാഠം-11)

ജീവിതം ദുസഹമാകുമ്പോൾ അവനെ പിന്തുടരുന്നവർക്ക് സന്തോഷം നൽകുവാനും അസാദ്ധ്യമായ സാഹചര്യങ്ങളിൽ നിന്ന് വെളിയിൽ കൊണ്ടുവരുവാനും ദൈവത്തിനു കഴിയും.



# വിനോദത്തിന്റെ സമയം! (പാഠം-11)

## ഗയിം (പാഠം-11)

നാലുമൂലകൾ

ക്ലാസ്സ് മുറിയുടെ 4 മൂലകൾക്കും 1-4 വരെയുള്ള അക്കങ്ങൾ ഇടുക. "It"(ഇടപാടുകാരൻ )ആകുവാൻ ഒരു വോളന്റിയറെ തിരഞ്ഞെടുക്കുക. ആ ആൾ കണ്ണ് അടച്ച് (ഉച്ചത്തിൽ 1 മുതൽ 10 വരെ ക്ലാസ്സിനു ഒരു അക്കം ലഭിക്കാൻ) ആ സമയത്ത് ബാക്കി കുട്ടികൾ നേരത്തെ ഉണ്ടായിരുന്നതിൽ നിന്ന് 4 മൂലകളിൽ ഓരോന്നിലോട്ടും പോകുക. എല്ലാ കുട്ടികളും ഒരു മൂലയിൽ കേന്ദ്രീകരിച്ചിരിക്കുമ്പോൾ "It" ഒരു നമ്പർ നറുക്കെടുക്കുന്നു. ആ നമ്പറിന്റെ അടുത്തുള്ള എല്ലാ വിദ്യാർത്ഥികളും ഗെയിമിൽ നിന്ന് പുറത്ത് പോയി ഇരിക്കണം. ഇത് വീണ്ടും ആവർത്തിക്കുക. ഗയിമിൽ 4 പേരോ അതിൽ കുറവോ ആയി എത്തിച്ചേരുമ്പോൾ ഓരോരുത്തരും മറ്റൊരു മൂല തിരഞ്ഞെടുക്കണം ആരും നിൽക്കാത്ത നമ്പരിൽ ആണ് നറുക്ക് വീഴുന്നതെങ്കിൽ Itയെ വീണ്ടും തിരഞ്ഞെടുക്കണം ഒരു വിദ്യാർത്ഥി അവശേഷിക്കുന്നത് വരെ ഗയിം തുടരണം ആ കുട്ടി ആയിരിക്കും അടുത്ത "It" (ഇടപാടുകാരൻ)

## ചർച്ച (പാഠം-11)

(മുതിർന്ന വിദ്യാർത്ഥികൾക്ക് വേണ്ടി)



1. ഏതാണ് ശരിയായതും തെറ്റായതുമായ പ്രാർത്ഥനാ രീതി? പ്രാർത്ഥനയുടെ ശരിയായ ദൈർഘ്യം എത്രയാണ്?

കപടഭക്തൻ ആകാതിരിക്കുന്നതിലും ശരിയായി പ്രാർത്ഥിക്കുന്നതിലും ഉള്ള തുല്യത എങ്ങനെ കണ്ടുപിടിക്കുവാൻ കഴിയും.ദൈവത്തിന്റെ മുമ്പിൽ സത്യസന്ധവും സുതാര്യവുമായി സംസാരിക്കുന്നതാണ് ശരിയായ പ്രാർത്ഥന. നീണ്ട ഉച്ചത്തിലുള്ള, മറ്റുള്ളവർ കാണത്തക്ക പ്രാർത്ഥന നടത്തുന്നത് കപടഭക്തന്മാർ ചെയ്യുന്നത് പോലെ തെറ്റായ രീതിയിലുള്ള പ്രാർത്ഥനയാണ്. കപടഭക്തന്മാർ ചിലപ്പോൾ ചെയ്യുന്നത് പോലെ കൂടുതൽ വാക്കുകൾ ഉപയോഗിച്ച് പ്രാർത്ഥിക്കുന്നത് ശരിയല്ല എന്ന് യേശു ഒരിക്കൽ പറഞ്ഞു. എന്നാൽ പിന്നീട് ഒരു നാഴിക പോലും നിങ്ങൾക്ക് പ്രാർത്ഥിക്കുവാൻ കഴിഞ്ഞില്ലേ എന്ന് യേശു ചോദിച്ചു. (മത്താ. 6:5-13)

2. ദൈവത്തിൽ നിന്ന് അകന്നവൻ ആയി എനിക്ക് തോന്നുന്ന വഴികൾ ഏതൊക്കെ? ആ വഴി തോന്നുമ്പോൾ എനിക്ക് എന്ത് ചെയ്യാൻ കഴിയും. ദൈവത്തിൽ നിന്ന് അകന്ന് വികാരങ്ങളുടെ കാലഘട്ടത്തിലൂടെയുള്ള താഴ്‌വരയുടെ നടക്കുവാൻ ദൈവം അനുവദിക്കാറുണ്ട്. ആ സമയത്ത് നമ്മുടെ വിശ്വാസവും ദൈവത്തിലുള്ള വിശ്വാസവും വികാരങ്ങളെക്കാളുപരി നിലനിർത്തുവാൻ ബാദ്ധ്യതയുള്ളവർ ആണ്. മറ്റുള്ള സമയങ്ങളിൽ നാം


പാപത്തിൽ ആയിരിക്കുന്നതിനാൽ ദൈവത്തിൽ നിന്ന് അകന്നു പോയതായി തോന്നാറുണ്ട്. ആ കാര്യത്തിൽ നമുക്ക് മാനസാന്തരവും മാറ്റവും ആവശ്യമാണ്. നമ്മുടെ മനസ് ചിതറിയെങ്കിൽ അത് ശ്രദ്ധ ആവശ്യമായി വരുന്നു. തെറ്റുകാരനായിത്തീർന്നാൽ വിശ്വാസം ആവശ്യമായി വരുന്നു. നമ്മുടെ ചിന്തകൾ എന്ത് തന്നെ ആയിരുന്നാലും നമുക്ക് വിശ്വാസം ഉണ്ടാക്കാൻ കഴിയും. സങ്കീ. 9:10, 42:6-11, 89: 19-26; മത്തായി 27: 45-50; അപ്പൊ.പ്ര. 13:2)

3. ഞാൻ മുറിവേറ്റവനായാൽ എങ്ങനെ അതിനെ തരണം ചെയ്യാൻ കഴിയും.?

ദൈവം നമ്മുടെ അഭയസ്ഥാനം ആണ്. ശരിക്കും ദൌർഭാഗ്യകരമായ ഒരു കാര്യം നിങ്ങളുടെ സഭയിലുള്ള ഒരു സഹോദരനോ സഹോദരിക്കോ സംഭവിച്ചപ്പോൾ അവർ എങ്ങനെ അതിനെ അതിജീവിച്ചു എന്ന് നിങ്ങൾ അത്ഭുതപ്പെട്ടിട്ടില്ലേ. നോക്കിക്കൊണ്ടിരിക്കുന്നത് നിങ്ങൾക്ക് ബുദ്ധിമുട്ടാണെങ്കിൽ ജീവിക്കുന്നത് എത്ര പ്രയാസമുള്ളതായിരിക്കും. അതേസമയത്ത് അത് കാണപ്പെടുന്നതിനേക്കാൾ എളുപ്പം ആയിത്തീരുന്നത് ദൈവം അഭയസ്ഥാനവും വന്നിറങ്ങുവാൻ സുരക്ഷിതമായ സ്ഥാനവും, കയറുവാൻ പറ്റിയ ചുമലും ഉള്ളതുകൊണ്ടാണ്. ഏതാണ് മെച്ചമായത്. ആശ്വാസം ഒരിക്കലും ആവശ്യമില്ലാത്ത പ്രശ്നങ്ങളില്ലാത്ത ജീവിതമോ കഠിനമേറിയതെങ്കിലും പ്രശ്നങ്ങളിൽ ദൈവവുമായുള്ള കൂട്ടായ്മ അനുഭവിക്കുന്ന ജീവിതമോ- ആളുകൾ പറയുന്നത് ഞാൻ കേട്ടിട്ടുള്ളത് മറ്റാരും അവർ ചെയ്ത കാര്യങ്ങളിലൂടെ പോകണം എന്നാഗ്രഹിക്കില്ല എന്നും എന്നാൽ അവർക്ക് അങ്ങനെ വീണ്ടും വീണ്ടും സംഭവിച്ചാൽ, അതിൽ വലിയതൊന്നു പ്രതീക്ഷിച്ച് എന്തായാലും മാറ്റം വരുത്തും എന്നാണ്. (ഇയ്യോബ് 1: 12-22, സങ്കീ. 23:1-4, 31: 14-22, യിരമ്യാ. 29:11)

## വിദ്യാർത്ഥികളുടെ പേജുകൾക്കുള്ള ഉത്തരങ്ങൾ (പാഠം-11)







## ലൂക്കായുടെ പരീക്ഷണം(പാഠം-11)

മടക്കുന്ന കടലാസ്

പകുതിയായി 20 പ്രാവശ്യം ഒരു കടലാസിന്റെ ഷീറ്റ് മടക്കുവാൻ ശ്രമിക്കുക. അത് സാദ്ധ്യമല്ല കാരണം പത്തു ലക്ഷം കഷണങ്ങളുടെ കനമുള്ള കൂമ്പാരം ആയി മാറും. എന്നാൽ എത്രത്തോളം നിങ്ങൾക്ക് കഴിയുമെന്ന് ശ്രമിച്ചുനോക്കുക.

https://www.youtube.com/playlist?list=PLOBHMuQ9nHZT9tiMWNWGip3nii82SAjRh

# --[ കേസ് 12 ]--

## സൂചനകൾ! (പാഠം-12)

### സൂചന #1 തലക്കെട്ട് (പാഠം-12)

പാഴാക്കുന്ന പണത്തെക്കുറിച്ചുള്ള തീരുമാനത്തിന്റെ കേസ്

### സൂചന # 2 നാടകം (പാഠം-12)

ശിമോൻ: ശരി കൂട്ടുകാരെ, നമ്മുടെ അതിഥിക്ക് വേണ്ടി ഈ സ്ഥലം ക്രമീകരിക്കുവാൻ 3 മണിക്കൂർ ഉണ്ട്.

വേലക്കാരൻ: അത്രയും സമയം കൊണ്ട് ക്രമീകരിക്കുവാൻ ഒരു വഴിയുമില്ല. നമ്മൾ പാത്രങ്ങളുടെ എല്ലാം പുറം കഴുകണം മാത്രമല്ല തറയും ഭിത്തികളും വീണ്ടും തുടയ്ക്കുകയും ചെയ്യണം. വയറിന്മേലും തലയിണമേലും ഉള്ള പൊടി അടിച്ച് കസേരകൾ വൃത്തിയാക്കണം. ഉച്ച കഴിഞ്ഞ് അത് പൊടിയാൽ ആവൃതമായിട്ടുണ്ട്.

ശിമോൻ: എല്ലാം ശരിയാക്കണം. എന്റെ വീടിന്റെ സ്ഥിതിയിൽ ഈ മനുഷ്യനോട് ക്ഷമ ചോദിക്കാൻ എനിക്ക് താല്പര്യം ഇല്ല.

വേലക്കാരൻ : ശരി. എനിക്ക് മറ്റുള്ളവയൊക്കെ ചെയ്യാൻ സമയം ലഭിക്കേണ്ടതുണ്ട്. വേറെ വഴിയൊന്നും ഇല്ല. നിനക്കും നിങ്ങളുടെ ടീമിനും മികച്ച രീതിയിൽ മുന്നോട്ട് പോകാം.

വേലക്കാരൻ: അത്താഴം ഒരുക്കാൻ പോലും ജോലിക്കാർ കുറയും, നമുക്ക് അത്താഴം ഒരുക്കി വിളമ്പാം കാൽ കഴുകുന്നതിനോ നല്ല രീതിയിലുള്ള സ്വീകരണത്തിനുള്ള ആഡംബരമായ ഒരുക്കങ്ങൾ നടത്തുന്നതിനോ സമയം ഇല്ല.

ശിമോൻ: കൊള്ളാം അവന് മനസിലാകുമെന്ന് എനിക്കുറപ്പുണ്ട്.

വേലക്കാരൻ: അവൻ വഴിപോക്കനാണോ. അവന്റെ കാൽ കഴുകുക എന്നത് പതിവുള്ള ഒന്നല്ലേ.

ശിമോൻ: നിനക്കതൊന്നു വിടാമോ. അത് പോലുള്ള ആഡംബരവും നല്ല കാര്യങ്ങളൊന്നും ചെയ്യാൻ സമയമില്ല.

വേലക്കാരൻ: സർ ഒരു കാര്യം കൂടെ.. അവൻ പ്രശസ്തൻ ആണെന്നാണ് ഞാൻ കേട്ടിട്ടുള്ളത്. താങ്കളുടെ വീട്ടിൽ അവൻ വരുന്നത് ഒരു ബഹുമതിയാണ് സാർ. അവനെപ്പോലെ സാധാരണക്കാരായ അധികം പേരെ നമ്മൾ സ്വീകരിച്ചിട്ടില്ലല്ലോ.

ശിമോൻ: കൊള്ളാം. എനിക്കങ്ങനെ തോന്നുന്നില്ല. വീട്ടിൽ ക്ഷണിക്കുമ്പോൾ അവനെ ബഹുമാനിക്കേണ്ടത് എങ്ങനെയാണെന്ന് അവനു തന്നെ അറിയാമെന്ന് തോന്നുന്നില്ല.അവൻ സാധാരണ ചെയ്യുന്നതുപോലെ അധികം അതിഥികളെ നമ്മൾ സ്വീകരിക്കാറില്ല.

വേലക്കാരൻ : വാസ്തവത്തിൽ അവൻ നമ്മുടെ വീട്ടിൽ വരുന്നത് നമുക്ക് അഭിമാനമാണ്.

ശിമോൻ: നിന്റെ കാര്യം പറ. ഞാൻ അവനെ ക്ഷണിക്കുന്നത് ഞാൻ ചിന്തിച്ചിരുന്നതാ എനിക്കില്ലാത്തത് ഒന്നും തരാൻ അവനു കഴിയുമെന്ന് തോന്നുന്നില്ല.

വേലക്കാരൻ: ശരി സർ, ഞാൻ ഈ കാര്യങ്ങൾക്കുള്ള ഒരുക്കം തുടങ്ങട്ടെ. ഏതെങ്കിലും കാരണവശാൽ അവനു കാൽ കഴുകണമെന്ന് തോന്നിയാൽ ഉപയോഗിക്കേണ്ടതിന് ഒരു പാത്രവും തോർത്തും കൂടി ഞാൻ വയ്ക്കട്ടെ.

ശിമോൻ: (രൂക്ഷമായി വേലക്കാരനെ നോക്കുന്നു).

വേലക്കാരൻ : സാരമില്ല ഞാൻ പറഞ്ഞുവെന്നേയുള്ളൂ.




## 3 സൂചന #3 വസ്തു (പാഠം-12)

ക്ലാസ്സിൽ കൊണ്ടുവരിക:  പെർഫ്യൂം

## 4 സൂചന #4 പുരാവസ്തു ശാസ്ത്രം (പാഠം-12)

ഈ നീല ജാറിൽ അഭിഷേകത്തിനു ഉപയോഗിക്കുന്ന യിസ്രായേലിലെ യെരുശലേമിൽ നിന്നുള്ള ജടാമംസി () എണ്ണ ആണ്. ഈ എണ്ണയിൽ നിന്നാണ് യേശുവിന്റെ പാദത്തിൽ ശിമോന്റെ വീട്ടിൽ വച്ച് മറിയ യേശുവിന്റെ കാലിൽ പൂശിയ തൈലം ഉണ്ടാക്കിയത്.



## 5 സൂചന #5 ബൈബിൾ രംഗം (പാഠം-12)

രഹസ്യം: സ്വച്ഛജടമാംസി തൈലം വീണ തറയുടെ അടുത്തുള്ള മേശയുടെ സമീപത്തെ കസേര.

**വ്യവഹാരം പരിഹരിച്ചു    വ്യവഹാരം പരിഹരിച്ചു**

## വ്യവഹാരം പരിഹരിച്ചു! (പാഠം-12)

## ബൈബിൾ കഥ(പാഠം-12)

യേശുവിന്റെ കാൽ സുഗന്ധതൈലം കൊണ്ട് കഴുകുന്നു.



ബൈബിളിൽ നിന്ന് ലൂക്കോസ് 7:36-50

ശിമോന്റെ വീട്ടിൽ യേശുവിനെ അത്താഴത്തിനു ക്ഷണിച്ചു. അവൻ അവിടെ ആയിരുന്നപ്പോൾ ഒരു സ്ത്രീ അവന്റെ പിൻപിൽ കരഞ്ഞുകൊണ്ട് നിന്നിരുന്നു. പാപം നിറഞ്ഞ ജീവിതം നയിച്ചിരുന്ന അവൾക്ക് പാപക്ഷമ ആവശ്യമായിരുന്നു. യേശുവിന്റെ പാദത്തിൽ കരഞ്ഞുകൊണ്ട് അവന്റെ പാദം കണ്ണീരു കൊണ്ട് കഴുകി തലമുടികൊണ്ടു അവന്റെ കാൽ തുവർത്തി വിലയേറിയ വെങ്കൽ ഭരണി തൈലം അവന്റെ പാദത്തിൽ ഒഴിച്ചു. ആശയക്കുഴപ്പത്തിലായ ശിമോൻ ഇത് യേശുവിനോട് പറഞ്ഞു. അപ്പോൾ യേശു മറുപടി പറഞ്ഞു. ആർക്കാണ് കൂടുതൽ നന്ദിയുള്ളത്. ചെറിയ കടം മോചിക്കപ്പെട്ട ആളിനോ അതോ വലിയ കടം മോചിക്കപ്പെട്ട ആളിനോ. തീർച്ചയായും വലിയ കടം മോചിക്കപ്പെട്ട ആളായിരിക്കും കൂടുതൽ നന്ദിയുള്ളവനെന്ന് ശിമോന് മനസിലായി. ശിമോനെ നീ പറഞ്ഞത് ശരി എന്ന് യേശു പറഞ്ഞു. യേശു ശിമോനോട് തുടർന്ന് പറഞ്ഞു, ഞാൻ നിന്റെ വീട്ടിൽ വന്നപ്പോൾ എന്റെ കാൽ കഴുകാൻ വെള്ളം തന്നില്ല എന്നാൽ അവൾ എന്റെ കാൽ കണ്ണുനീർ കൊണ്ട് കഴുകി നീ എനിക്ക് ചുംബനം തന്നില്ല എന്നാൽ അവളോ ഞാൻ അവിടെ വന്നപ്പോൾ തൊട്ട് എന്റെ പാദങ്ങൾ ചുംബിക്കയായിരുന്നു. നീ എന്റെ തലയിൽ എണ്ണ ഒഴിച്ചില്ല അവൾ എന്റെ പാദത്തിൽ പരിമള തൈലം ഒഴിച്ചു. അവൾ വളരെ സ്നേഹിച്ചു. അവളുടെ പാപം മോചിക്കപ്പെട്ടു. അല്പം മോചിച്ചുകിട്ടിയവൻ അല്പം സ്നേഹിക്കുന്നു. പിന്നെ യേശു അവളെ നോക്കി ഇപ്രകാരം പറഞ്ഞു നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു. സമാധാനത്തോടെ പോക.

## പ്രായോഗികം (പാഠം-12)

ഞാൻ പാപം ഏറ്റുപറയുമ്പോൾ യേശു അത് ക്ഷമിക്കുന്നു.

## മന:പാഠവാക്യം (പാഠം-12)

''നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു'' 1 യോഹ. 1:9

## അസൈന്മെൻറ് (പാഠം-12)

ചെളിയിൽ കളിക്കുമ്പോൾ നിങ്ങളുടെ കൈ നോക്കുക. അഴുക്ക പിടിച്ചു കാണുന്നത് നിങ്ങളിലുള്ള പാപമാണ്. ഇപ്പോൾ കൈകൾ കഴുകുക. എന്നിട്ട് യേശുവിനോട് ഏറ്റുപറയുമ്പോൾ ഇന്ന് ചെയ്യുന്ന പാപങ്ങൾ എങ്ങനെ വെടിപ്പാക്കുന്നു എന്ന് ഊഹിക്കുക. അവനു ഹിതകരമല്ലാത്ത കാര്യങ്ങൾ ചെയ്തതിനു ദൈവത്തോട് പ്രാർത്ഥിച്ച് ക്ഷമക്കായി അപേക്ഷിക്കുക. അവനു മാത്രമേ എന്റെ കൈകളിലെ ചെളി കഴുകിക്കളഞ്ഞതുപോലെ മനസിന്റെ ഉൾവശം കഴുകിക്കളയാൻ കഴികയുള്ളു എന്ന് മനസിലാക്കുക.

## ദൈവത്തിന്റെ ഡി.എൻ.എ.(പാഠം-12)

ക്ഷമിക്കുന്നതിന് ദൈവത്തിന് ഒരു പരിധി ഇല്ല.



# വിനോദത്തിന്റെ സമയം! (പാഠം-12)

## ഗയിം (പാഠം-12)

മുൻ പാഠങ്ങളിലെ (ഏതു പ്രായത്തിലുമുള്ള)ഗയിമുകൾ പുനരവലോകനം ചെയ്യുക. മുഴുവനായി ഉപയോഗിച്ചിട്ടില്ലാത്ത വിദ്യാർത്ഥികളുടെ പഴയ പുസ്തകങ്ങൾ ശേഖരിക്കുക. ക്ലാസിനെ ചെറിയ ടീമുകളായി തിരിക്കുക. വിനോദോപാധികൾ വേഗത്തിൽ തീർക്കുന്ന ടീം ആകുന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ഇതൊരു ടീം പ്രവർത്തനം ആയതിനാൽ തമ്മിൽ തമ്മിൽ സഹായിക്കുന്നത് പ്രോത്സാഹനം ആണ്. ആദ്യം പൂർത്തിയാക്കുന്ന ടീം ആണ് വിജയികൾ. കൂടുതൽ കോപ്പികൾ ആവശ്യം വന്നാൽ അദ്ധ്യാപകർ അതിന്റെ ഫോട്ടോ കോപ്പി എടുത്ത് നൽകേണ്ടതാണ്.

## ചർച്ച (പാഠം-12)

(മുതിർന്ന വിദ്യാർത്ഥികൾക്ക് വേണ്ടി)

1. ദൈവത്തെ സ്പർശിക്കാനും കാണാനും കഴിയാത്തപ്പോൾ ദൈവത്തോട് എന്റെ നന്ദിയും സ്നേഹവും എങ്ങനെ കാണിക്കാൻ കഴിയും?

അവന്റെ കല്പനകളെ പ്രമാണിച്ചുകൊണ്ടു അവനെ സ്നേഹിക്കാൻ കഴിയും.(1 യോഹ. 4:12-21) മറ്റുള്ളവരെ സ്നേഹിച്ചുകൊണ്ട് (1 യോഹ. 5:3) അല്ലെങ്കിൽ ദൈവത്തോട് സംസാരിച്ചും അവനോടൊപ്പം സമയം ചിലവഴിച്ചും.

2. മനപൂർവ്വമായും അബദ്ധത്തിലും നാം ഇപ്പോഴും പാപത്തിൽ തുടരുമ്പോൾ എങ്ങനെ നമുക്ക് നീതിമാന്മാരായിത്തീരാൻ കഴിയും?

വിശുദ്ധരും നീതിമാന്മാരും ആകാനാണ് ദൈവം നമ്മെ വിളിച്ചത്. നാം പാപം ഏറ്റു പറഞ്ഞ് നീതിക്കായി പിന്തുടരണം. മനപൂർവ്വമല്ലാതെ നമ്മുടെ ജീവിതത്തിൽ പാപങ്ങൾ വന്നാൽ ദൈവം നമ്മോടു അത് ചൂണ്ടിക്കാണിക്കുവാൻ ആവശ്യപ്പെട്ടാൽ അവൻ നമുക്ക് അത് വെളിവാക്കത്തക്കവണ്ണം വിശ്വസ്തൻ ആണ്. (സങ്കീ. 32, 51, യെശ. 59:1-2, റോമർ 6:12-15)


3. ഞാൻ കുഴപ്പത്തിലാക്കുന്നു എങ്കിൽ? എന്റെ ചുറ്റുപാടും നോക്കി ഞാൻ എങ്ങനെ ഈ കുഴപ്പത്തിൽ ചാടി എന്ന് ചിന്തിക്കും?

നാം എല്ലാം തെറ്റായ തിരഞ്ഞെടുപ്പുകൾ നടത്താറുണ്ട്. ചിലത് തികച്ചു തെറ്റായവ തിരഞ്ഞെടുക്കലുകളിൽ നിന്ന് രക്ഷപ്പെടാൻ ദൈവം ഒരു മാർഗ്ഗം ഒരുക്കിയിട്ടുണ്ട്. നമുക്ക് പാപങ്ങളെ ഏറ്റു പറഞ്ഞു മാനസാന്തരപ്പെട്ട് ദൈവവുമായുള്ള ബന്ധം പുനസ്ഥാപിക്കുവാൻ കഴിയും. മനുഷ്യരുമായുള്ള ബന്ധം പുനസ്ഥാപിക്കുന്നതിന് നമ്മുടെ പ്രവർത്തികളുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് മാറ്റം ആവശ്യമെങ്കിൽ വരുത്തേണ്ടതാണ്. വീണ്ടും വിശ്വസ്തരായി

സ്നേഹിതബന്ധം നമുക്ക് പുനർസൃഷ്ടിക്കാൻ കഴിയും. (സംഖ്യാ. 15:22-31, ലൂക്കോ. 22:55-62, റോമർ 7:15-20, 1 യോഹന്നാൻ 1:7-9)

## വിദ്യാർത്ഥികളുടെ പേജുകൾക്കുള്ള ഉത്തരങ്ങൾ (പാഠം-12)





## ലൂക്കായുടെ പരീക്ഷണം(പാഠം-12)

സംഗീതം ഗ്ലാസിനൊപ്പം

കുറച്ച് വൃത്താകൃതിയിലുള്ള വെള്ളം കുടിക്കുന്ന ഗ്ലാസ്സുകളിൽ പല അളവുകളിൽ വെള്ളം നിറയ്ക്കുക. ഒരു പെൻസിൽ കൊണ്ട് ഗ്ലാസ്സിൽ തട്ടുമ്പോൾ ഓരോന്നും വ്യത്യസ്ത ശബ്ദം പുറപ്പെടുവിക്കും. കാപ്പി കപ്പുകളെക്കാൾ വൃത്താകൃതിയിലുള്ള ഗ്ലാസ്സുകൾക്ക് ശബ്ദം കൂടുതലായിരിക്കും കാരണം കാപ്പി കപ്പിന്റെ പിടി അതിന്റെ ശബ്ദത്തിന് കുറവ് വരുത്തും. സെറാമിക് പാത്രങ്ങൾ ഗ്ലാസ്സിന്റെ അത്രയും നന്നായി പ്രവർത്തിക്കയില്ല, പ്ലാസ്റ്റിക് ഗ്ലാസ്സുകളും അങ്ങനെ തന്നെ വെള്ളത്തിന്റെ അളവിന് വ്യത്യാസം വരുത്തി ശബ്ദം ചിട്ടപെടുത്തി ഒരു ഗാനം അതിലൂടെ ആലപിക്കുവാൻ ശ്രമിക്കുക.

https://www.youtube.com/playlist?list=PLOBHMuQ9nHZT9tiMWNWGip3nii82SAjRh

# --[ കേസ് 13 ]--

## സൂചനകൾ! (പാഠം-13)

### 1 സൂചന #1 തലക്കെട്ട് (പാഠം-13)

കേസ്: മയക്കമരുന്ന്, ഹോർമോൺ, അല്ലെങ്കിൽ സ്റ്റിറോയിഡുകൾ?

### 2 സൂചന #2 നാടകം (പാഠം-13)

കമാൻഡർ: ഓ.കെ. ശ്രദ്ധിക്കുക. സോരക് താഴ്‌വരയിൽ ഇന്ന് രാത്രിയിൽ ഒരു ദൌത്യം നിർവഹിക്കാനുണ്ട്.

കമാൻഡർ: നമ്മുടെ ശത്രുവിനെ തരിയും സൂചിയും കൊണ്ട് ഒതുക്കി ചലിക്കാൻ പറ്റാത്ത അവസ്ഥയിൽ ആക്കിയ ഒരു സന്ദേശ വാഹകൻ നമുക്കുണ്ട്. അവർ ഉറങ്ങുന്നതു വരെ നമുക്ക് കാത്തിരിക്കാം കാറ്റ് അവന്റെ വീടിനെതിരെ അടുപ്പിച്ച് അവനെ നമുക്ക് കീഴ്പ്പെടുത്താം. ഒന്നും രണ്ടും പട്ടാളക്കാരായ നിങ്ങൾ ആയിരിക്കണം വാതിലിലൂടെ കടക്കേണ്ടത്. ശത്രു നിങ്ങളുടെ അധീനതയിൽ ആകുമ്പോൾ, എല്ലാം ശരിയായി എന്നറിയിക്കുന്ന അടയാളം നൽകുക. അപ്പോൾ അവനെ പിടിച്ച് ഞങ്ങൾ തിരികെ അവനെ അടിമകളുടെ വാസസ്ഥലത്തേക്കുഎത്തിക്കാം.

പട്ടാളക്കാർ 1,2 തമ്മിൽ നോക്കി ധൈര്യമില്ലാതെ ചിരിക്കുന്നു.

കമാൻഡർ: പട്ടാളക്കാരെ എല്ലാം ശരിയാണല്ലേ

പട്ടാളക്കാരൻ 1: കഴിഞ്ഞ ദിവസത്തെ പുതിയ കയറുകൊണ്ടുള്ള ദൌത്യം പോലെ അനുഭവപ്പെടുന്നു. അത് ശരിയായി നടന്നില്ല എന്നാ കേട്ടത്.

കമാൻഡർ: അല്ലയോ പട്ടാളക്കാരാ നിന്റെ അഭിപ്രായം എനിക്ക് ആവശ്യമെങ്കിൽ ആദ്യം എന്താണ് വേണ്ടതെന്നു ഞാൻ പറയാം. ഞാൻ പറയുന്നത് മനസിലാകുന്നുണ്ടോ.

പട്ടാളക്കാരൻ-1: ഉണ്ട് സർ

കമാൻഡർ: നമ്മൾ അർദ്ധരാത്രിയിൽ പോകുന്നു. 15 മിനിറ്റ് പുറത്തിറങ്ങാൻ നമുക്ക് കിട്ടും.

പട്ടാളക്കാരൻ 2: സർ, അതെ സർ (വിഴുങ്ങിക്കൊണ്ട്)

കമാൻഡർ: ആയുധമില്ലാതെ ഉറങ്ങുന്ന പട്ടാളത്തെ നിങ്ങൾ രണ്ടുപേരും ഭയപ്പെടുന്നുണ്ടോ.

പട്ടാളക്കാരൻ 1: ഇല്ല സർ

കമാൻഡർ: ശരിയാ ഉറങ്ങുന്ന ശത്രുവിനെ നിങ്ങൾ ഭയപ്പെടുന്നില്ല.

പട്ടാളക്കാരൻ 2: താങ്കൾ, ഞങ്ങൾ എവിടെയായിരിക്കും സർ

കമാൻഡർ: സുരക്ഷിത അകലത്തിൽ മരത്തിനിടയിൽ ഒളിച്ച് പുറത്തു ഞാനുണ്ടാകും.

പട്ടാളക്കാരൻ 1: (രണ്ടാമനോട് അടക്കം പറഞ്ഞു) ഇത് നല്ലതായിരിക്കും അല്ലെങ്കിൽ അവൻ ഉണരുമ്പോൾ നമുക്ക് മുറിവേൽക്കും.

പട്ടാളക്കാരൻ 2: (തിരിച്ച് മന്ത്രിച്ചുകൊണ്ട്) തമാശ പറയാതെ

കമാൻഡർ: നിങ്ങൾ എന്തെങ്കിലും പറഞ്ഞോ.

പട്ടാളക്കാർ 1-2: ശ്രദ്ധയിൽ പെട്ട് (ഇല്ല സർ)

കമാൻഡർ: ഞാൻ അങ്ങനെ കരുതുന്നില്ല (സദസ്യരുടെ മുമ്പിലേക്ക് തിരിഞ്ഞ് ഉച്ചത്തിൽ. ഒരുങ്ങിക്കോ 10 മിനിറ്റിനകം നമ്മൾ നീക്കമാരംഭിക്കും. സല്യൂട്ട് ചെയ്ത് സ്റ്റേജിൽ നിന്ന് തിരിഞ്ഞു പോകുന്നു)

## സൂചന # 3 വസ്തു (പാഠം-13)


ക്ലാസ്സിൽ കൊണ്ടുവരേണ്ടത്: ചീപ്പും കത്രികയുമോ അല്ലെങ്കിൽ ഹെയർ ബ്രഷോ.

## സൂചന#4 പുരാവസ്തുശാസ്ത്രം (പാഠം-13)




604-ൽ നെബുക്കദ് നേസർ പിടിച്ചടക്കിയ ഫെലിസ്ത്യ പട്ടണങ്ങളിൽ അവസാനത്തേതായ അസ്കലോന്റെ ഇന്നത്തെ അവസ്ഥയുടെ ചിത്രമാണിത്.

## സൂചന #5 ബൈബിൾ രംഗം (പാഠം-13)



രഹസ്യം: ഒരു വലിയ ശക്തിയാൽ വേർപിരിഞ്ഞ കയറ്

# വ്യവഹാരം പരിഹരിച്ച വ്യവഹാരം പരിഹരിച്ച

## വ്യവഹാരം പരിഹരിച്ചു! (പാഠം-13)

### ബൈബിൾ കഥ (പാഠം-13)

ശിംശോനും ദലീലയും

ബൈബിളിൽ നിന്ന് (ന്യായാധിപന്മാർ 16:1-31)



ഒരു പ്രത്യേക കഴിവോടുകൂടി യിസ്രായേലിനെ നയിക്കുന്നതിനായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ആളായിരുന്നു ശിംശോൻ. അവന് അമാനുഷിക ശക്തി ഉണ്ടായിരുന്നു. അവന് യുദ്ധം ചെയ്യാനും അതിൽ വിജയിക്കുവാനും കഴിഞ്ഞിരുന്നതിന്റെ കാരണം അവന്റെ മുടി ആയിരുന്നു. ദൈവത്തിനായ് അവനെ വേർതിരിച്ചിരുന്നതുകൊണ്ട് അവനു തന്റെ മുടി ഒരിക്കലും മുറിക്കുവാൻ അനുവാദം ഉണ്ടായിരുന്നില്ല. സ്ത്രീ വിഷയത്തിൽ ശിംശോൻ അല്പം ബലഹീനനായിരുന്നതിനാൽ ദലീല എന്ന ഒരു സ്ത്രീയുമായി സ്നേഹത്തിൽ ആയി. അവൾ ഒരു കലീനയായ സ്ത്രീ അല്ലായിരുന്നു. ശിംശോൻ ആ നഗരത്തിൽ ഉണ്ടെന്നും ദലീലയുമായി സ്നേഹത്തിലാണെന്നും ഫെലിസ്ത്യർ അറിഞ്ഞു. അവന്റെ ശക്തിയുടെ രഹസ്യം എന്താണെന്ന് മനസ്സിലാക്കി ആ ശക്തി ക്ഷയിപ്പിക്കാൻ കഴിഞ്ഞാൽ അവൾക്ക് വേണ്ടുവോളം പണം കൊടുക്കാമെന്ന് ഫെലിസ്ത്യർ പറഞ്ഞു. അതുകൊണ്ട് ദലീല അതിനുവേണ്ടി ശ്രമിച്ചു. എന്നാൽ ശിംശോൻ ചില കളികൾ കളിക്കുവാൻ തുടങ്ങി. ചില തെറ്റായ ഉത്തരങ്ങൾ അവൾക്ക് നൽകിക്കൊണ്ടിരുന്നു. 7 ചാണ് കൊണ്ട് തന്നെ ബന്ധിക്കുക, പുതിയ കയറുകൊണ്ട് ബന്ധിക്കുക, ജഡ മുടിയോടു ചേർത്ത് നെയ്യുക തുടങ്ങി പലതും ചെയ്താൽ ശക്തി ക്ഷയിക്കുമെന്നു പറഞ്ഞെങ്കിലും ഫെലിസ്ത്യ ഭടന്മാർ എത്തുമ്പോൾ അവരുമായി യുദ്ധത്തിലേർപ്പെടുമായിരുന്നു. അവൾക്ക് ആ പണം വേണ്ടിയിരുന്നതിനാൽ അവനെ നിരന്തരം ഇതിനായി ശല്യം ചെയ്തു അവളെ അവൻ സ്നേഹിക്കുന്നില്ലെന്നും അതുകൊണ്ടാണ് വിശ്വസിച്ചു രഹസ്യങ്ങൾ പറയാത്തതെന്നും അവൾ ശിംശോനോട് പറഞ്ഞു. കുറെ അധികം നിർബന്ധിച്ചപ്പോൾ അവന്റെ മുടി മുറിച്ചു കളഞ്ഞാൽ അവന്റെ ശക്തി ക്ഷയിക്കുമെന്നുള്ള രഹസ്യം അവൻ വെളിപ്പെടുത്തി. അന്ന് രാത്രിയിൽ ശിംശോൻ അവളുടെ മടിയിൽ ഉറങ്ങിക്കിടന്നപ്പോൾ അവൾ ഫെലിസ്ത്യ പട്ടാളക്കാരെ വിളിച്ച് അവന്റെ തലമുടി മുറിച്ച് തല മുണ്ഡനം ചെയ്തു. ശിംശോൻ ഉറക്കമുണർന്നപ്പോൾ ദൈവീക ദാനമായ അവന്റെ ശക്തി നഷ്ടപ്പെട്ടു എന്ന് മനസിലായി ഫെലിസ്ത്യ പട്ടാളക്കാർ ദലീലയ്ക്ക് പണം കൊടുത്ത് അവനെ അന്ധനാക്കി കാരാഗൃഹത്തിൽ ഇട്ടു.

### പ്രായോഗികം (പാഠം-13)

ദൈവീക പദ്ധതിക്ക് വേണ്ടി ഉപയോഗിക്കാനാണ് ദൈവം ദാനങ്ങൾ(വരങ്ങൾ) നൽകുന്നത്.

### മന:പാഠ വാക്യം (പാഠം-13)

''എന്നാൽ ഇതു എല്ലാം പ്രവർത്തിക്കുന്നതു താൻ ഇച്ഛിക്കുംപോലെ അവനവന്നു അതതു വരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവു തന്നേ.'' 1 കൊരിന്ത്യർ 12:11

### അസൈൻമെൻറ് (പാഠം-13)

നിങ്ങളുടെ ഒരു കുടുംബാംഗത്തിന് അവരുടെ ജോലിയിൽ പ്രയോജനം ചെയ്യുന്ന ഒരു സഹായം നിങ്ങൾ നൽകുക. ഉദാ. മാതാവിന് വിളമ്പുവാൻ ഒരു സ്പൂൺ കൊടുക്കുക ചെടി നടുവാൻ പിതാമഹാന്മാരെ സഹായിക്കുക പിതാവിന്

ജോലി ചെയ്യുവാൻ കൈയ്യുറ നൽകുക, അന്വേഷിച്ചുകൊണ്ടിരിക്കുന്ന പെൻസിൽ സഹോദരനോ സഹോദരിക്കോ കണ്ടുപിടിച്ചു നൽകുക. ദൈവം നിങ്ങൾക്ക് തന്നിരിക്കുന്ന കഴിവുകൾ ദൈവത്തിന്റെ പദ്ധതികൾ പൂർത്തീകരിക്കാനുള്ളവ ആണെന്ന് ഓർക്കുക.

## ദൈവത്തിന്റെ ഡി.എൻ.എ. (പാഠം-13)




ദൈവത്തിനു ഒരു പദ്ധതിയുണ്ട് ആളുകൾ അതിലൂടെ പോയില്ലെങ്കിൽ അതിന്റേതായ തിക്തഫലങ്ങൾ പലതും ഉണ്ട്.



# വിനോദത്തിന്റെ സമയം! (പാഠം-13)

## ഗയിം (പാഠം-13)

ഗ്രൂഫി ആമുഖങ്ങൾ(ശിംശോന്റെ കള്ളമോ സത്യമോ)

വിദ്യാർത്ഥികൾ ഒരേ സമയത്ത് എഴുന്നേറ്റു നിന്ന് അവരവരെക്കുറിച്ചു എന്തെങ്കിലും പറയുക. അവർ 3 കാര്യങ്ങൾ പറയണം അതിലൊന്ന് അതിശയോക്തിയോ പൂർണ്ണമായും തെറ്റോ ആയിരിക്കണം. മറ്റു കുട്ടികൾ ഏത് പ്രസ്താവനയാണ് സത്യമല്ലാത്തത് എന്ന് ഊഹിച്ചു മനസിലാക്കുക.

## ചർച്ച (പാഠം-13)

(മുതിർന്ന വിദ്യാർത്ഥികൾക്ക് മാത്രം)



1. ആൺ പെൺ സൗഹൃദ ബന്ധങ്ങൾ വാസ്തവത്തിൽ ശരിയാണോ. ഏതൊക്കെയാണ് നാം ക്രമീകരിക്കേണ്ട അതിരുകൾ നിങ്ങൾ തീ കൊണ്ടാണ് കളിക്കുന്നത്. ദൈവത്തിന്റെ പദ്ധതി വിവാഹത്തിനുവേണ്ടി നമ്മെത്തന്നെ സൂക്ഷിക്കുക എന്നതാണ്. കയ്യിൽ പിടിക്കുക, ചുംബിക്കുക തുടങ്ങിയ പാതയിലൂടെ സഞ്ചരിച്ചാൽ നിങ്ങൾക്ക് തിരികെ വരാൻ കഴിയാത്ത അപകടത്തിലേക്ക് നിങ്ങൾ നയിക്കപ്പെടും. സാഹചര്യങ്ങൾ അനുസരിച്ച് നിങ്ങളുടെ വികാരങ്ങൾക്ക് മാറ്റം വന്നുകൊണ്ടിരിക്കും. ശരിയായ അതിർ വരമ്പുകൾ നിർമ്മിച്ച് കാലത്തിനു മുമ്പേ ഒരു തീരുമാനം കൈക്കൊള്ളണം. സങ്കീ. 119:9-16, റോമർ 13:12-14, 2 കൊരിന്ത്യർ 7:1)

2. ആരും അറിയുന്നില്ലെങ്കിൽ എന്റെ സ്വയം രഹസ്യമായി വക്കുന്നത് ശരിയാണോ?

നിങ്ങൾ രഹസ്യമായി പെരുമാറാൻ ആഗ്രഹിക്കുന്നത് നിങ്ങൾ ആരാണെന്ന് ചിന്തിക്കുന്നില്ല എന്നതിന്റെ മുന്നറിയിപ്പ് ആണ് മറ്റാരും കാണാത്തപ്പോഴാണ് നമ്മുടെ സ്വഭാവ വൈശിഷ്ട്യം വെളിപ്പെടേണ്ടത്. തങ്ങളുടെ സ്വയം ഒളിപ്പിച്ചുവെച്ച് ആളുകൾ കാണുമ്പോൾ അവരുടെ മുമ്പിൽ മറ്റൊന്നായി അഭിനയിക്കുന്നവരോട് യേശുവിന് ഒരിക്കലും അനുകമ്പ ഉണ്ടായിരുന്നില്ല. (അപ്പൊ. 5:1-11, 1 തിമൊ. 1:18-19, 1 യോഹ. 2:3-6)

3. എത്ര തരത്തിലുള്ള ശക്തിയും സൗന്ദര്യവും നിങ്ങൾക്ക് പേരെടുത്തു പറയാൻ കഴിയും. ഏതാണ് നിങ്ങൾ ഏറ്റവും ഇഷ്ടപ്പെടുന്നത്. ഉദാഹരണത്തിന് ശിംശോൻ ശാരീരികമായി ശക്തനായിരുന്നു എന്നാൽ ദെലീല ശാരീരികമായി സൗന്ദര്യം ഉള്ളവളായിരുന്നു. ശക്തിയുടെ നിർദ്ദേശങ്ങൾ, സമ്മർദ്ധത്തോടുള്ള പ്രതിരോധം, ധാർമ്മിക നീതി, പിരിമുറുക്കം അയക്കാനുള്ള കഴിവ്, നർമ്മബോധം, വേദനയെ പ്രതിരോധിക്കാൻ ഉള്ള കഴിവ്, ശാരീരിക ശക്തിയും സൗന്ദര്യവും പുറത്ത് കാണാൻ കഴിയുമെങ്കിലും ഒരുവന്റെ യഥാർത്ഥ ശക്തിയും സൗന്ദര്യവും ഉള്ളിലാണ് പ്രകടമാകുന്നത്. (1 പത്രോ. 3:5, 1 തിമൊ. 2:9, ലൂക്കോ.1:80, 1 തിമൊ. 3:2-12)

## വിദ്യാർത്ഥികളുടെ പേജിന്റെ ഉത്തരങ്ങൾ (പാഠം-13)









## ലൂക്കായുടെ പരീക്ഷണം (പാഠം-13)

കാപ്പിലറി ആക്ഷൻ

ഒരു പാത്രത്തിൽ വെള്ളവും ശൂന്യമായ മറ്റൊരു പാത്രവും അടുത്തടുത്ത് വെക്കുക. ഒരു പേപ്പർ  ടവൽ എടുത്ത് മടക്കി വെള്ളമുള്ളതും ഇല്ലാത്തതുമായ 2 പാത്രങ്ങളിൽ വെക്കുക. കാപ്പിലറി ആക്ഷൻ ഉപയോഗിച്ച് വെള്ളം നിറഞ്ഞ പാത്രത്തിൽ നിന്ന് ശൂന്യമായ പാത്രത്തിലേക്ക് വെള്ളം വലിച്ചെടുത്ത് 2 പാത്രങ്ങളും വെള്ളത്തിന്റെ ഒരേ നിലയിൽ ആകുന്നത് കാണാം.

https://www.youtube.com/playlist?list=PLOBHMuQ9nHZT9tiMWNWGip3nii82SAjRh